/samakalikajanapadham/ /prd.kerala.gov.in/publications

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് | കേരള സർക്കാർ

₹12

# സമകാലിക ജനപഥം

2024 സെപ്തംബർ പുസ്തകം 11 ലക്കം 2



## വയനാട്

## തളിരിടുന്നു പുതുനാമ്പുകൾ



# നാം മുന്നോട്ട്

| ടി വി ചാനൽ | സംപ്രേഷണ സമയം |
|---|---|
| ഏഷ്യാനെറ്റ് ന്യൂസ് | ഞായർ 6.30 PM |
| മാതൃഭൂമി ന്യൂസ് | ഞായർ 8.30 PM 9.00 |
| കൈരളി | ശനി 12.30 AM repeat ശനി 6.30 AM |
| കൈരളി ന്യൂസ് | ഞായർ 9.30 AM repeat ബുധൻ 3.30 AM |
| മീഡിയ വൺ | ഞായർ 7.30 PM 8.00 |
| കൗമുദി ടിവി | ശനി 8.00 PM 8.24 |
| 24 ന്യൂസ് | ഞായർ 5.30 PM 6.00 repeat 1 AM-1.30 AM |
| ജീവൻ | ഞായർ 7.00 PM 7.24 PM |
| ജയ്ഹിന്ദ് | ബുധൻ 8.00 8.30 PM |
| റിപ്പോർട്ടർ | ഞായർ 6.30 PM 7.00 PM |
| ദൂരദർശൻ | ഞായർ 7.30 PM repeat തിങ്കൾ 9.30 PM |
| ന്യൂസ് 18 | ഞായർ 8.30 PM 9.00 PM |
| കേരള വിഷൻ | തിങ്കൾ 6.30 PM 7.00 PM |

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ

സമകാലിക
ജനപഥം

2024 സെപ്റ്റംബർ 1 • പുസ്തകം 11 • ലക്കം 2

എഡിറ്റർ ടി വി സുഭാഷ് ഐ എ എസ് **അഡീഷണൽ എഡിറ്റർ** സലിൻ മാങ്കുഴി
**ഡെപ്യൂട്ടി എഡിറ്റർ** കെ പി സരിത **എഡിറ്റർ-ഇൻ-ചാർജ്** കെ എസ് ഇന്ദുശേഖർ
**അസിസ്റ്റന്റ് എഡിറ്റർ** പ്രഭാത് നായർ **സർക്കുലേഷൻ ഓഫീസർ** മെർലിൻ ജെ എൻ
**കവർ & ലേഔട്ട്** രതീഷ് കുമാർ (ഡിജിക്രോ) **ടൈപ്പ് സെറ്റിങ്ങ്** വിനിത വി എസ്

എഡിറ്റോറിയൽ>>



# തളിരിടുന്നു പുതുനാമ്പുകൾ

കേരളത്തെയാകെ വിറങ്ങലിപ്പിച്ച വയനാട് ഉരുൾപൊട്ടൽ ദുരന്തം പിന്നിട്ടിട്ട് രണ്ടുമാസത്തോളമാവുന്നു. ദുരന്തത്തിന്റെ നടുക്കമുണർത്തുന്ന ഓർമ്മകളിൽ നിന്ന് മുണ്ടക്കൈയിലെയും ചൂരൽമലയിലെയും ദുരിതബാധിതർ ഇനിയും മുക്തരായിട്ടില്ല.

എന്നാൽ പ്രതീക്ഷയുടെ പുതുനാമ്പുകൾ പതിയെയാണെങ്കിലും തളിരിട്ടുതുടങ്ങിയിട്ടുണ്ട്. സെപ്റ്റംബർ രണ്ടിന് മേപ്പാടിയിൽ നടന്ന പ്രത്യേക സ്കൂൾ പ്രവേശനോത്സവം ഇതിന്റെ സാക്ഷ്യമായി. ദുരന്തത്തിൽ പാടെതകർന്ന വെള്ളാർമലയിലെയും മുണ്ടക്കൈയിലെയും സ്കൂൾ കുട്ടികൾക്കായി സർക്കാർ അതിവേഗമാണ് മേപ്പാടിയിൽ പഠനസൗകര്യമൊരുക്കിയത്. മന്ത്രിമാരുടെ നേതൃത്വത്തിൽ, നാടിന്റെയൊന്നാകെ വാത്സല്യം നിറഞ്ഞ അന്തരീക്ഷത്തിലാണ് കുട്ടികളെ പുതിയ സ്കൂളിലേക്ക് വരവേറ്റത്.

കേരളം കണ്ട മഹാദുരന്തമായിട്ടും ദ്രുതഗതിയിൽ തന്നെ താൽക്കാലിക പുനരധിവാസം ഉറപ്പാക്കാൻ സർക്കാരിനായി. ക്യാമ്പുകളിലുണ്ടായിരുന്ന മുഴുവൻ പേർക്കും വാടകവീടുകളിലും സർക്കാർ ക്വാർട്ടേഴ്സുകളിലുമുൾപ്പെടെ താൽക്കാലിക പുനരധിവാസം ഒരുക്കിയിട്ടുണ്ട്. അടിയന്തര ധനസഹായവും ലഭ്യമാക്കി. ജീവൻ നഷ്ടപ്പെട്ടവരുടെ കുടുംബാംഗങ്ങൾക്കുള്ള ധനസഹായവും ലഭ്യമാക്കി വരികയാണ്. സുസ്ഥിര പുനരധിവാസവും പുനർനിർമ്മാണവുമാണ് ഇനി വേണ്ടത്. ഈ ലക്ഷ്യം നിറവേറ്റുന്നതിനുള്ള പ്രവർത്തനങ്ങളിലാണ് ഇപ്പോൾ കേരളം.

സംസ്ഥാനത്തിന്റെ പൊതുവിദ്യാഭ്യാസമേഖലയിലെ മുന്നേറ്റം വ്യക്തമാക്കുന്നതാണ് നമ്മുടെ പൊതുവിദ്യാലയങ്ങളിലെ ലിറ്റിൽ കൈറ്റ്സ് പരിപാടിയെ ആഗോള വിദ്യാഭ്യാസമാതൃകയായി യൂനിസെഫ് പഠനറിപ്പോർട്ട് വിശേഷിപ്പിച്ചത്. ലിറ്റിൽ കൈറ്റ്സിന്റെ അഭിമാനകരമായ മാതൃകയെ ഈ ലക്കം പരിചയപ്പെടാം.

**ടി.വി.സുഭാഷ് ഐ.എ.എസ്**
**എഡിറ്റർ**



***പ്രതികരണങ്ങൾ അയക്കേണ്ട വിലാസം***
എഡിറ്റർ, സമകാലിക ജനപഥം,
സെക്രട്ടേറിയറ്റ് അനക്സ്, ഒന്നാംനില,
തിരുവനന്തപുരം-695001
ഇമെയിൽ prdmalayalam@gmail.com
ഫോൺ 0471 2518171

***വരിക്കാരാകാൻ 120 രൂപയുടെ മണി ഓർഡർ***
ഡയറക്ടർ, ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ്
വകുപ്പ്, എഡിറ്റോറിയൽ വിഭാഗം, ഒന്നാം നില,
സെക്രട്ടേറിയറ്റ് അനക്സ്-1, തിരുവനന്തപുരം-1
ഫോൺ 0471 2517036
ഇമെയിൽ iocirculation@gmail.com

*ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും*

/samakalikajanapadham/ /prd.kerala.gov.in/publications



## അതിജീവനം


5 പ്രത്യാശയോടെ പുനർനിർമ്മാണത്തിലേക്ക്
പിണറായി വിജയൻ

8 പുനരധിവാസത്തിന് പുതുമാതൃക
കെ രാജൻ

11 അതിജീവനത്തിന്റെ പാതയിൽ
രമേഷ്കുമാർ വെള്ളമുണ്ട

14 ഹർഷം വയനാടിന്റെ സ്നേഹഭൂമി
സ്റ്റാഫ് റിപ്പോർട്ടർ


***കവർചിത്രം: കെ.എ.രതീഷ്, ഐ&പിആർഡി*** ഉരുൾപൊട്ടലിൽ തകർന്ന മുണ്ടക്കൈയിലെയും ചൂരൽമലയിലെയും കുട്ടികൾക്കായി മേപ്പാടി സ്കൂളിൽ നടത്തിയ പ്രവേശനോത്സവത്തിൽ സ്നേഹം പങ്കുവയ്ക്കുന്ന കുട്ടികൾ.

## ലിറ്റിൽ കൈറ്റ്സ് നൂതനാശയങ്ങളുടെ പട്ടം പറത്തുന്നവർ (17–36)




18 അഭിമാന മുന്നേറ്റത്തിന് അംഗീകാരം
വി. ശിവൻകുട്ടി

22 ലിറ്റിൽ കൈറ്റ്സ് ഭാവികേരളത്തിന്റെ ഡിജിറ്റൽ കരുത്ത്
കെ. അൻവർ സാദത്ത്

25 കേരളത്തിന്റെ ഡിജിറ്റൽ വിദ്യാഭ്യാസം ആഗോളശ്രദ്ധയിൽ

34 നൂതനാശയങ്ങളുടെ പട്ടം പറത്തുന്നവർ
സുനിൽകുമാർ എം.എൻ

36 സഫലമാവുന്ന സ്വപ്നങ്ങൾ
അർജുൻ മാധവ്




## കാർഷികം


37 'കതിർ' അപ്പ് കാർഷികസേവനങ്ങൾ ഇനി ഒരു കുടക്കീഴിൽ
ഡോ. അദീല അബ്ദുള്ള ഐഎഎസ്

39 കാർഷിക കേരളത്തിനു മാതൃകകൾ
എസ്.പി. വിഷ്ണു


## പൊതുജനാരോഗ്യം


42 സുസ്ഥിര വികസനം സുസ്ഥിര ആരോഗ്യം
ഡോ. അഫീഫ ചോലശ്ശേരി


## മികവിന്റെ മാതൃക


44 വൈബുള്ളൊരു മുത്തശ്ശിക്കലാലയം
യാസിർ റ്റി.എ


## ഓണം


48 നാടൻ സർക്കസിലെ പെൺകുട്ടി
ജേക്കബ് ഏബ്രഹാം




## സ്പോർട്സ്


50 സുവർണ്ണതാരകം
എ. എൻ രവീന്ദ്രദാസ്





പുതിയ ചീഫ് സെക്രട്ടറി ശാരദ മുരളീധരന് സ്ഥാനമൊഴിയുന്ന ചീഫ് സെക്രട്ടറി ഡോ വി വേണു ചുമതല കൈമാറുന്ന ചടങ്ങിൽനിന്ന്

പിണറായി വിജയൻ
മുഖ്യമന്ത്രി



ദുരിതബാധിതരുടെ അന്തിമ പുനരധിവാസം സർവതല സ്പർശിയായ രീതിയിലാണ് സർക്കാർ വിഭാവനം ചെയ്യുന്നത്. ജനങ്ങൾ പങ്കുവച്ച നിർദേശങ്ങൾ കൂടി പരിഗണിച്ചാവും പുനരധിവാസ പാക്കേജിന് രൂപം നൽകുക



മുണ്ടക്കൈ, ചൂരൽമല പ്രദേശങ്ങളിലെ കുട്ടികൾക്കായി മേപ്പാടിഹൈസ്കൂളിൽ ഒരുക്കിയ പ്രവേശനോത്സവത്തിൽ നിന്ന്

# പ്രത്യാശയോടെ പുനർനിർമ്മാണത്തിലേക്ക്



കേരളം കണ്ടതിൽ ഏറ്റവും വലിയ പ്രകൃതിദുരന്തത്തിന്റെ നടുക്കത്തിൽ നിന്ന് വയനാടും സംസ്ഥാനവും ഇനിയും പൂർണ്ണമായും മുക്തരായിട്ടില്ല. ഉരുൾപൊട്ടലിൽ മറഞ്ഞുപോയ പ്രിയപ്പെട്ടവരുടെ ഓർമ്മകളും ജനതയിൽ എന്നും അവശേഷിക്കും. എങ്കിലും സമാനതകളില്ലാത്ത ദുരന്തം പാടേതകർത്ത വയനാട്ടിലെ ചൂരൽമല, മുണ്ടക്കൈ പ്രദേശങ്ങളെ പുതിയ ജീവിതത്തിലേക്കും പ്രത്യാശയിലേക്കും വീണ്ടെടുക്കുകയാണ് സർക്കാരിന്റെ ലക്ഷ്യം ദുരന്തമുഖത്ത് രക്ഷാപ്രവർത്തനത്തിനും അടിയന്തര ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കും സംസ്ഥാന സർക്കാരിനൊപ്പം വിവിധ സുരക്ഷാസേനകളും കേരളത്തിലെ മുഴുവൻ ജനതയും ഒന്നായിനിന്നു. മാനവികതയുടെയും സാഹോദര്യത്തിന്റെയും കരങ്ങളാണ് വയനാടിനായി ഈ ദിനങ്ങളിൽ നീണ്ടത്. ദുരിതബാധിതരെ പുതിയ ജീവിതത്തിലേക്കു വീണ്ടെടുക്കുകയും തകർന്നവയെ കെട്ടിപ്പടുക്കുകയുമാണ് ഇനി നമ്മുടെ മുന്നിലുള്ള സുപ്രധാനമായ കർത്തവ്യം.

മുണ്ടക്കൈ, ചൂരൽമല ഉരുൾപൊട്ടൽ ദുരന്തബാധിതരുടെ താൽക്കാലിക പുനരധിവാസം റെക്കോർഡ് വേഗത്തിൽ പൂർത്തിയാക്കാൻ നമുക്കായി. ദുരന്തം നടന്ന് ഏതാനും ആഴ്ചകൾക്കുള്ളിൽ

795 കുടുംബങ്ങളിലെ (2,569 പേരെ) താൽക്കാലിക ദുരിതാശ്വാസക്യാമ്പുകളിൽ പുനരധിവസിപ്പിച്ചു. ഇവർക്ക് താൽക്കാലിക താമസസൗകര്യം ഉറപ്പാക്കാൻ വൈത്തിരി താലൂക്കിൽ വാടകവീടുകളും സർക്കാർ സൗകര്യങ്ങളും ലഭ്യമാക്കി. ദുരന്തത്തിനിരയായ 821 കുടുംബങ്ങൾക്ക് അടിയന്തര ധനസഹായമായ പതിനായിരം രൂപ ആദ്യഘട്ടത്തിൽ തന്നെ കൈമാറി. സംസ്ഥാന ദുരന്തനിവാരണ നിധിയിൽ നിന്നും 2 ലക്ഷം രൂപയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 2 ലക്ഷം രൂപയും പി.എം.എൻ.ആർ.എഫിൽ നിന്നുള്ള 2 ലക്ഷം രൂപയുമടക്കം 8 ലക്ഷം രൂപ വീതം 93 കുടുംബങ്ങൾക്ക് ഇതിനകം വിതരണം ചെയ്തു. 173 കുടുബങ്ങൾക്ക് മൃതദേഹങ്ങളുടെ സംസ്കാര ചടങ്ങുകൾക്കായി 10000 രൂപ അനുവദിച്ചു. ദുരിതബാധിതർക്ക് അടിയന്തര സഹായമായി ഒരു മാസത്തേക്ക് പ്രതിദിനം 300 രൂപ വീതം 1259 കുടുംബങ്ങൾക്ക് നൽകി. ഒരു കുടുംബത്തിൽ ഒരാൾക്ക് 300 രൂപ പ്രകാരം 752 കുടുംബങ്ങൾക്കും ഒരു കുടുംബത്തിലെ രണ്ടുപേർക്ക് 300 രൂപ വീതം 507 കുടുംബങ്ങൾക്കുമാണ് ധനസഹായം നൽകിയത്.

ബന്ധുവീടുകളിലേക്ക് മടങ്ങിയവർക്കും തുല്യപരിഗണനയിലുള്ള ധനസഹായമാണ് ലഭ്യമാക്കുന്നത്. 543 കുടുംബങ്ങൾക്കാണ് ഈ ഗണത്തിൽ സ്വയം സാക്ഷ്യപ്പെടുത്തലിലൂടെ സഹായം നൽകുക. എല്ലാ മാസവും അഞ്ചിന് മുമ്പായി താൽക്കാലിക പുനരധിവാസത്തിനായുള്ള വാടക 6000 രൂപ അക്കൗണ്ട് വഴി വിതരണം ചെയ്യുന്ന സംവിധാനമാണ് ആസൂത്രണം ചെയ്തിട്ടുള്ളത്. 583 കുടുംബങ്ങൾക്ക് ഫർണ്ണീച്ചർ, കിടക്ക, പാത്രങ്ങൾ എന്നിവയടങ്ങിയ ബാക്ക് ടു ഹോം കിറ്റുകളും വിതരണം ചെയ്തു. എല്ലാം താമസസ്ഥലത്ത് എത്തിച്ച് നൽകാൻ ജീവനക്കാരെയും ജില്ലാ ഭരണകൂടം വിന്യസിച്ചിരുന്നു.



വയനാട് ഉരുൾപ്പൊട്ടലിന്റെ പ്രഭവകേന്ദ്രം- ഉപഗ്രഹചിത്രം

താൽക്കാലികമായി പുനരധിവസിപ്പിച്ചവർക്ക് എന്തെങ്കിലും തരത്തിലുള്ള ബുദ്ധിമുട്ടുകളുണ്ടെങ്കിൽ അടിയന്തരമായി പരിഹരിക്കും.

കാണാതായവരെ കണ്ടെത്താനുള്ള പരിശ്രമത്തിന്റെ ഭാഗമായി മൃതദേഹങ്ങളുടെയും ശരീരഭാഗങ്ങളുടെയും ഡി.എൻ.എ പരിശോധനയും നടന്നു. ഡി.എൻ.എ പരിശോധനയുടെ ഭാഗമായി മൃതദേഹങ്ങളുടെയും കണ്ടെത്തിയ ശരീരഭാഗങ്ങളുടെയും 427 സാംപിളുകളാണ് പരിശോധനയ്ക്ക് വിധേയമാക്കിയത്. 21 മൃതദേഹങ്ങളുടെയും 59 ശരീരഭാഗങ്ങളുടെയും ഡി.എൻ.എ 42 പേരുടെതായി ചേരുന്നതായി കണ്ടെത്തി. കാണാതായവരെ തേടിയുള്ള കരട് ലിസ്റ്റിൽ 119 പേരാണുണ്ടായിരുന്നത്. ഇതിൽ നിന്നും തിരിച്ചറിഞ്ഞവരെ ഒഴിവാക്കിയതിനെ തുടർന്ന് കാണാതായവരുടെ ലിസ്റ്റിൽ ഇപ്പോൾ 78 പേരാണുള്ളത്. ജില്ലാ പോലീസ് മേധാവിയുടെയുടെ വിശദമായ അന്വേഷണത്തിന് ശേഷമാണ് ഈ കണക്കുകൾ ക്രോഡീകരിച്ച് നടപടികൾ സ്വീകരിക്കുക. കാണാതായവരെ കണ്ടെത്താൻ ആദ്യ പടിയായി കരട് ലിസ്റ്റ് പ്രസിദ്ധീകരിച്ചിരുന്നു. റേഷൻകാർഡ്, തിരിച്ചറിയൽ കാർഡുകൾ, വോട്ടേഴ്സ് ലിസ്റ്റ്, വിവിധ പാസ്സ് ബുക്കുകൾ, വിദ്യാഭ്യാസ രേഖകൾ തുടങ്ങിയവയെല്ലാം അടിസ്ഥാനമാക്കിയാണ് പ്രദേശത്ത് നിന്നും ദുരന്തത്തെ തുടർന്ന് കാണാതായവരുടെ കരട് ലിസ്റ്റ് പ്രസിദ്ധീകരിച്ചത്. ദുരന്തം നടന്ന് ആറ് ദിവസത്തിനുള്ളിലാണ് 131 പേരുടെ കരട് ലിസ്റ്റ് പുറത്തിറക്കിയത്. ഈ ലിസ്റ്റിൽ നിന്നും വിവരങ്ങൾ സ്വാംശീകരിച്ച് കണ്ടെത്തിയവരുടെയും മറ്റും വിവരങ്ങൾ നീക്കം ചെയ്ത് രണ്ടാമത് ലിസ്റ്റ് പുറത്തിറക്കി. ഇതിൽ 118 പേരാണ് ഇടം പിടിച്ചത്. ഇതിൽ നിന്നും ഡി.എൻ.എ പരിശോധനയിലൂടെ തിരിച്ചറിയുന്നവരുടെ ലിസ്റ്റ് കൂടി നീക്കം ചെയ്താണ് കാണാതായവരുടെ അന്തിമ പട്ടിക പുറത്തിറക്കുക



**ദുരിതബാധിതരുടെ അന്തിമ പുനരധിവാസം സർവതല സ്പർശിയായ രീതിയിലാണ് സർക്കാർ വിഭാവനം ചെയ്യുന്നത്. ജനങ്ങൾ പങ്കുവച്ച നിർദേശങ്ങൾ കൂടി പരിഗണിച്ചാവും പുനരധിവാസ പാക്കേജിന് രൂപം നൽകുക**





## അന്തിമ പുനരധിവാസം

ദുരിതബാധിതരുടെ അന്തിമ പുനരധിവാസം സർവതല സ്പർശിയായ രീതിയിലാണ് സർക്കാർ വിഭാവനം ചെയ്യുന്നത്. ജനങ്ങൾ പങ്കുവച്ച നിർദേശങ്ങൾ കൂടി പരിഗണിച്ചാവും പുനരധിവാസ പാക്കേജിന് രൂപം നൽകുക. സ്പെഷ്യൽ പാക്കേജാണ് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നത്. വയനാട് ഉരുൾപൊട്ടലിൽ എല്ലാം നഷ്ടപ്പെട്ടവരെ ചേർത്തുപിടിച്ച് മികച്ച പുനരധിവാസപദ്ധതി നടപ്പാക്കാൻ സർവകക്ഷിയോഗത്തിൽ തീരുമാനം കൈകൊണ്ടിരുന്നു. സർവകക്ഷിയോഗത്തിൽ എല്ലാവരും ഒരേ വികാരം പ്രകടിപ്പിച്ചതിൽ നന്ദി പറയുന്നു. പുനരധിവാസത്തിന്റെ ഭാഗമായി 1000 സ്ക്വയർഫീറ്റിൽ ഒറ്റനില വീടാണ് നിർമ്മിച്ചു നൽകാൻ ഉദ്ദേശിക്കുന്നത്. ഭാവിയിൽ രണ്ടാമത്തെ നിലകൂടിക്കെട്ടാൻ സൗകര്യമുള്ള രീതിയിലാകും അടിത്തറ പണിയുക. വീടുകൾ ഒരേ രീതിയിലാകും നിർമ്മിക്കുക.

കോഴിക്കോട് വിലങ്ങാടിലെ ദുരന്തബാധിതർക്കും പുനരധിവാസം ഉറപ്പാക്കും. വിലങ്ങാട് മനുഷ്യ ജീവൻ നഷ്ടപ്പെടാതിരുന്നത് സാമൂഹിക ഇടപെടൽ കൊണ്ട് കൂടിയാണ്. അത്തരത്തിൽ ദുരന്ത മേഖലയിൽ ഇടപെടാൻ ആവശ്യമായ ബോധവൽക്കരണ സംവിധാനം ഒരുക്കും. പുനരധിവാസ സ്ഥലത്ത് ആവശ്യമായ പൊതുവായ ക്രമീകരണങ്ങൾ ഉണ്ടാകും. വീട് നഷ്ടപ്പെട്ടവർക്കാണ് പുനരധിവാസത്തിൽ മുൻഗണന നൽകുക. മാറി താമസിക്കേണ്ടി വന്നവരെ രണ്ടാം ഘട്ടത്തിൽ പരിഗണിക്കും. പുനരധിവാസ പാക്കേജിൽ ജീവനോപാധി ഉറപ്പാക്കും. തൊഴിലെടുക്കാൻ കഴിയുന്ന പരമാവധി പേർക്ക് തൊഴിൽ ഉറപ്പുവരുത്തും. എല്ലാ സ്ത്രീകൾക്കും അവർക്ക് താൽപര്യമുള്ള തൊഴിലിൽ ഏർപ്പെടുന്നതിന് ആവശ്യമായ പരിശീലനവും ഇതോടൊപ്പം നൽകും. വാടക കെട്ടിടങ്ങളിൽ കച്ചവടം നടത്തുന്നവരെ കൂടി പുനരധിവാസത്തിന്റെ ഭാഗമായി സംരക്ഷിക്കും.

ബാങ്കുകളിൽ നിന്നും സ്വകാര്യ മേഖലയിൽ നിന്നും കടമെടുത്തവരുണ്ട്. അവ എഴുതിത്തള്ളുകയെന്ന പൊതുനിലപാടിലാണ് ബാങ്കിങ്ങ് മേഖല ഇപ്പോൾ ഉള്ളത്. ഇക്കാര്യത്തിൽ അവസാന തീരുമാനം ബാങ്ക് ഭരണ സമിതികളിലാണ് ഉണ്ടാകേണ്ടത്. റിസർവ് ബാങ്കിനെയും കേന്ദ്ര ധനമന്ത്രാലയത്തെയും ഇക്കാര്യത്തിൽ ബന്ധപ്പെടും. സ്വകാര്യവ്യക്തികൾ കടം ഈടാക്കുന്നത് പൊതുധാരണയ്ക്കെതിരാണ് എന്നതിനാൽ ജില്ലാ ഭരണസംവിധാനം ശക്തമായി ഇടപെടും.

## സമ്പൂർണ്ണ അതിജീവനം

ഉരുൾപൊട്ടൽ ദുരന്തത്തിൽ നിന്നുള്ള കുടുംബങ്ങളുടെ അതിവേഗത്തിലുള്ള അതിജീവനമാണ് സർക്കാരിന്റെയും ലക്ഷ്യം. ദുരന്തം നേരിട്ട കുട്ടികളുടെയും കുടുംബങ്ങളുടെയും അതിജീവനത്തിനായുള്ള സമ്പൂർണ്ണ പദ്ധതികളാണ് ആവിഷ്കരിക്കുന്നത്. ദുരന്തത്തിന്റെ ആഘാതത്തിൽ നിന്നും കുടുംബങ്ങളെ മോചിപ്പിക്കാൻ 350 ഓളം സാമൂഹിക മാനസികാരോഗ്യ കൗൺസിലർമാരുടേയും സൈക്യാട്രിസ്റ്റുമാരുടേയും സേവനം ഉറപ്പാക്കി. 2000 വ്യക്തിഗത സൈക്കോ സോഷ്യൽ കൗൺസലിങ്ങും 21 സൈക്യാട്രിക് ഫാർമക്കോതെറാപ്പിയും 401 പേർക്ക് ഗ്രൂപ്പ് കൗൺസലിങ്ങ് സെഷനുകളും നൽകി.

സെപ്റ്റംബർ രണ്ടിന് സ്കൂൾ പ്രവേശനോത്സവത്തോടെ എൽ.പി സ്കൂളും, വെള്ളാർമല ഹൈസ്കൂളും തുറന്നു. എല്ലാം മറന്ന് അതിജീവനത്തിന്റെ പുതിയ ക്ലാസ് മുറികൾ അതിവേഗമാണ് ഒരുങ്ങിയത്. ദുരന്തബാധിത പ്രദേശത്തെ സ്കൂളിനോടുള്ള വികാരം കണക്കിലെടുത്ത് അവിടെയുള്ള സ്കൂൾ പുനർനിർമ്മിച്ച് നിലനിർത്താനാവുമോ എന്ന് വിദഗ്ധർ പരിശോധിക്കും. ഒപ്പം പുനരധിവാസ സ്ഥലത്ത് ആവശ്യമായ വിദ്യാലയങ്ങൾ ഒരുക്കുക കൂടി ചെയ്യും.

സൈക്ലോൺ മുന്നറിയിപ്പുകൾ നല്ല രീതിയിൽ ലഭ്യമാകുന്നുണ്ടെങ്കിലും ഉരുൾപൊട്ടൽ പോലെ ഇപ്പോൾ സംഭവിച്ച കാര്യത്തിൽ വേണ്ടത്ര മുന്നറിയിപ്പുകൾ ലഭ്യമാകേണ്ടതുണ്ട്. അക്കാര്യത്തിൽ കേന്ദ്ര ഏജൻസിയുടെ സഹായം അഭ്യർത്ഥിച്ചിട്ടുണ്ട്. സംസ്ഥാനത്തെ കാലാവസ്ഥ വ്യതിയാന പഠന സ്ഥാപനം കൂടുതൽ ശക്തിപ്പെടുത്തും. കേന്ദ്ര സർക്കാർ ഏജൻസിയുടെ സഹായവും ഇക്കാര്യത്തിൽ തേടും.

കർഷകർക്ക് കൃഷി ചെയ്യാനുള്ള സൗകര്യം പാക്കേജിന്റെ ഭാഗമായി പരിഗണിക്കും. നല്ലമനസ്സോടെയാണ് മിക്കവരും സ്പോൺസർഷിപ്പുമായി വരുന്നത് എന്നത് സ്വാഗതാർഹമാണ്. സ്പോൺസർമാരെ ഏകോപിപ്പിക്കാനുള്ള ശ്രമം നടത്തും. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്കുള്ള സംഭാവനകൾ നൽകുവാൻ ജനങ്ങൾ നല്ലരീതിയിൽ മുന്നോട്ടുവരുന്നുണ്ട്. എന്നാൽ പുനർനിർമ്മാണത്തിനായി നമുക്ക് ഇനിയും കൂടുതൽ വിഭവശേഷി ആവശ്യമുണ്ട്. അതിലേക്കായി ഓരോരുത്തരുടേയും സഹകരണം അഭ്യർഥിക്കുന്നു. ■

കെ രാജൻ
റവന്യു മന്ത്രി





> ദുരന്തബാധിതരെ ചേർത്തുനിർത്തി, അവരുടെ ജീവിതങ്ങളെ തിരിച്ചുപിടിക്കുന്ന പുനരധിവാസത്തിന്റെ സമഗ്രമായ ഒരു ലോകമാതൃകയായിരിക്കും കേരളം സൃഷ്ടിക്കാൻ പോകുന്നത്

# പുനരധിവാസത്തിന് പുതുമാതൃക

വയനാട്ടിലെ മേപ്പാടി പഞ്ചായത്തിലെ ചൂരൽമല, മുണ്ടക്കൈ, പുഞ്ചിരിമറ്റം എന്നിവിടങ്ങളിൽ കഴിഞ്ഞ മാസമുണ്ടായ ഭീകരമായ ഉരുൾ പൊട്ടലിൽ സർവതും നഷ്ടപ്പെട്ട ദുരന്തബാധിതരുടെ പുനരധിവാസം കേരളത്തിന്റെ അടിയന്തരകർത്തവ്യമാണ്. കാലാവസ്ഥ വ്യതിയാനം മൂലം കഴിഞ്ഞ ഏതാനും വർഷങ്ങളായി കേരളം അഭിമുഖീകരിക്കുന്ന പ്രകൃതിദുരന്തങ്ങളുടെ വ്യാപ്തി ജനജീവിതത്തിലും സാമൂഹിക, സാമ്പത്തികമേഖലകളിലും ദൂരവ്യാപക പ്രത്യാഘാതങ്ങളാണ് ഉളവാക്കുന്നത്. നിരവധിയാളുകളുടെ വാസസ്ഥലവും പാർപ്പിടവും കൃഷിയും മറ്റു ജീവനോപാധികൾക്കും ഉണ്ടായ നാശനഷ്ടങ്ങൾ വിവരണാതീതമാണ്.

## താൽക്കാലിക പുനരധിവാസം

ദുരന്തമുഖങ്ങളിൽ ദുരന്തബാധിതരെ ചേർത്തുനിർത്തി പ്രയാസങ്ങളെ അകറ്റാനും അവരുടെ സ്വപ്നങ്ങൾക്ക് പുതുജീവൻ നൽകാനും സർക്കാരിനു ഫലപ്രദമായി ഇടപെടാനായി. അതിൽ ജനങ്ങളുടെയാകെ അകമഴിഞ്ഞ പിന്തുണയുണ്ടെന്നതും ഏറെ പ്രതീക്ഷ നൽകുന്നു.

വയനാട് ദുരന്തത്തെ തുടർന്ന് 17 ക്യാമ്പുകളിലായി 983 പേരാണ് എത്തിച്ചേർന്നത്. അതിൽ 794 പേർ പൂർണ്ണമായും ദുരന്തമേഖലകളിൽ നിന്നുള്ളവരായിരുന്നു.

പുനരധിവാസ പ്രവർത്തനങ്ങളിൽ ഏറ്റവും പ്രധാനദൗത്യം ആദ്യഘട്ടം എന്ന നിലയിൽ ക്യാമ്പുകളിൽ താമസിക്കുന്നവർക്ക് താൽക്കാലിക പുനരധിവാസം ഏറ്റവും വേഗത്തിൽ ഒരുക്കുക എന്നതായിരുന്നു. ആഗസ്റ്റ് 30 നകം ഈ ദൗത്യം പൂർത്തിയാക്കുവാനായിരുന്നു സർക്കാർ ആഗ്രഹിച്ചിരുന്നത്.

രക്ഷാദൗത്യവും ദുരന്തനിവാരണ പ്രവർത്തനങ്ങളും ഏകോപിപ്പിക്കുമ്പോൾ തന്നെ, ഏറ്റവും വേഗം താൽക്കാലിക ക്യാമ്പുകളിൽ നിന്നും ദുരന്തബാധിതരെ ആദ്യഘട്ടത്തിൽ വാടകവീടുകളിലേക്കും മാറ്റുക എന്ന പ്രവർത്തനവും മന്ത്രിസഭാ ഉപസമിതിയുടെ നേതൃത്വത്തിൽ ആരംഭിച്ചു. ലഭ്യമായ സർക്കാർ ക്വാർട്ടേഴ്സുകളും മേപ്പാടിക്ക് ചുറ്റുവട്ടത്തുള്ള വാടകവീടുകളുമാണ് താൽക്കാലിക പുനരധിവാസത്തിനു വേണ്ടി ആദ്യം ഒരുക്കിയത്.



ഉരുൾ പൊട്ടലിനു ശേഷം മുണ്ടക്കൈ ടൗണിൽ അവശേഷിച്ച ഏക കെട്ടിടം

മേപ്പാടിക്ക് ചുറ്റുമുള്ള പഞ്ചായത്തുകളിൽകൂടി താമസിപ്പിക്കാൻ കരുതിയിരുന്നെങ്കിലും പലവിധത്തിലുള്ള കാരണങ്ങളാൽ തൊട്ടടുത്ത പഞ്ചായത്തുകളിലേക്ക് പോലും മാറാനുള്ള പ്രയാസങ്ങൾ ദുരിതബാധിതർ അറിയിച്ചു. കുട്ടികളുടെ വിദ്യാഭ്യാസം, ജോലിസാഹചര്യങ്ങൾ, ബന്ധുക്കൾ, സുഹൃത്തുക്കൾ തുടങ്ങിയവരിൽ നിന്നും വേറിട്ട് താമസിക്കുന്നതും പ്രയാസകരമായിരുന്നു. അതുകൊണ്ടുതന്നെ അവർ നേരത്തെ താമസിച്ചിരുന്നതിന്റെ ഏറ്റവും അടുത്തുള്ള സ്ഥലങ്ങളിൽതന്നെ താൽക്കാലിക പുനരധിവാസത്തിനുള്ള ശ്രമങ്ങൾ ആരംഭിച്ചു.

പുനരധിവാസത്തിനുള്ള താൽക്കാലിക വീടുകൾക്ക് സർക്കാർ കൊടുക്കുന്ന വാടക ആദ്യഘട്ടത്തിൽ തന്നെ 6000 രൂപ എന്ന നിലയിൽ നിശ്ചയിച്ചു. ബന്ധുവീടുകളിലേക്ക് മാറി താമസിക്കുന്നവർക്കും ഈ തുക നൽകാനും തീരുമാനിച്ചു. വാടകത്തുക എത്ര കാലത്തേക്ക് ലഭിക്കും എന്ന സംശയം ആളുകൾ ഉയർത്തിയെങ്കിലും സ്ഥിരമായ പുനരധിവാസം പൂർത്തിയാകുന്നതുവരെ എന്ന തീരുമാനം അവർക്ക് ആശ്വാസം നൽകി. ആഗസ്റ്റ് 30 ന് പൂർത്തീകരിക്കാൻ തീരുമാനിച്ച താൽക്കാലിക പുനരധിവാസം ഓഗസ്റ്റ് 24 ഓടെ പൂർത്തീകരിക്കാൻ കഴിഞ്ഞു.

## സമഗ്രമായ പുനരധിവാസം

ഇത്ര വലുതല്ലാത്ത ദുരന്തം ഉണ്ടായിട്ടും വർഷങ്ങളോളം ക്യാമ്പുകൾ നടന്ന ചരിത്രം കേരളത്തിനകത്തും പുറത്തും ഉണ്ടെന്നിരിക്കെ 800 ഓളം ദുരിതബാധിതരെ ഒരു മാസം തികയുന്നതിനുമുമ്പ് ക്യാമ്പുകളിൽ നിന്നും മാറ്റാൻ കഴിഞ്ഞു എന്നത് വലിയ നേട്ടമാണ്. പതിനേഴ് ക്യാമ്പുകൾ ആരംഭിക്കുമ്പോൾ, ഇവയുടെ മേൽനോട്ടത്തിനായി പ്രത്യേക ചുമതലക്കാരും ക്യാമ്പുകളുടെ ആകെയുള്ള നടത്തിപ്പിന് ഒരു ഡെപ്യൂട്ടി കളക്ടറെയും ചുമതലപ്പെടുത്തി. അസിസ്റ്റൻറ് കളക്ടർ ഗൗതം രാജിന് താൽക്കാലികവാസത്തിന് വിധേയരാവുന്നവരുടെ വിഷയങ്ങൾ പ്രത്യേകം പരിശോധിക്കാനുള്ള ചുമതലയും നൽകി. അവരെ പ്രത്യേകമായി ഫോണിൽ വിളിച്ച്, അവർക്ക് ലഭ്യമാക്കേണ്ട സഹായങ്ങൾ എല്ലാം ലഭ്യമായോ എന്നു ഉറപ്പാക്കാൻ എക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിലെ ഉദ്യോഗസ്ഥർക്കും ചുമതല നൽകി.

ക്യാമ്പുകളിൽ നിന്നും ബന്ധുവീടുകളിലേക്കോ വാടകവീടുകളിലേക്കോ മാറിപ്പോകുന്ന എല്ലാവർക്കും ബാക്ക് ഹോം കിറ്റ്, ആവശ്യമായ ഫർണിച്ചർ, ഗൃഹോപകരണങ്ങൾ, ക്ലീനിങ് മെറ്റീരിയൽ ഫുഡ് കിറ്റുകൾ ഉൾപ്പെടെയുള്ള സാമഗ്രികൾ ലഭ്യമാക്കി. ആശുപത്രികളിൽ ചികിത്സയിൽ കഴിയുന്നവർ തിരിച്ചുപോകുമ്പോൾ താമസിക്കാനുള്ള സൗകര്യങ്ങളും കൂടി മുൻകൂറായി ഒരുക്കി.

| | |
|---|---|
| 231 | മരണം ഔദ്യോഗിക സ്ഥിരീകരണം |
| 78 | കാണാതായവർ |
| 217 | കണ്ടെത്തിയ ശരീരഭാഗങ്ങൾ |
| 42 | ഡി.എൻ.എ പരിശോധനയിലൂടെ തിരിച്ചറിഞ്ഞവർ |
| 71 | പരിക്കേറ്റവർ |
| 183 | അപ്രത്യക്ഷമായ വീടുകൾ |
| 145 | പൂർണ്ണമായും തകർന്ന വീടുകൾ |
| 170 | ഭാഗികമായി തകർന്ന വീടുകൾ |
| 240 | വാസയോഗ്യമല്ലാത്ത വീടുകൾ |
| 340 | ഹെക്ടർ നഷ്ടമായ കൃഷിയിടം |



## അടിയന്തര ധനസഹായം

ക്യാമ്പുകളിൽ കഴിഞ്ഞവർ ഉൾപ്പെടെ ദുരന്തബാധിതരായ മുഴുവൻ പേർക്കും ഒരു കുടുംബത്തിന് 10,000 രൂപ വീതം അടിയന്തരസഹായം നൽകി കഴിഞ്ഞു. മരണപ്പെട്ടവരുടെ കുടുംബാംഗങ്ങൾക്ക് എസ് ഡി ആർ എഫ്, സി എം ഡി ആർ എഫ്, പി എം എൻ ആർ എഫ് എന്നിവിടങ്ങളിൽ നിന്നും ലഭ്യമാക്കേണ്ട ധനസഹായം ലഭ്യമാക്കി വരികയാണ്.

ക്യാമ്പുകളിൽ നിന്നും മാറ്റപ്പെട്ടവർക്ക് സമാശ്വാസ തൊഴിൽസഹായമെന്ന നിലയിൽ ഒരു കുടുംബത്തിലെ രണ്ട് പേർക്കു പ്രതിദിനം 300 രൂപ വീതം ലഭ്യമാക്കാൻ സർക്കാർ നടപടി സ്വീകരിച്ചു. സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി നിയമ പ്രകാരം ഒരു മാസത്തേക്ക് ഇത്തരത്തിൽ സഹായം നൽകാൻ കഴിയുവെങ്കിലും. അത് മൂന്നുമാസത്തേക്ക് കൊടുക്കാനുള്ള അനുമതി നൽകണമെന്ന് ദേശീയ ദുരന്തനിവാരണ അതോറിറ്റിയോടും കേന്ദ്രസർക്കാരിനോടും സംസ്ഥാന സർക്കാർ ഇതിനകം ആവശ്യപ്പെട്ടു കഴിഞ്ഞു.

എല്ലാം നഷ്ടപ്പെട്ട മനുഷ്യരുടെ പ്രധാനപ്പെട്ട പ്രശ്നമായിരുന്നു കടബാധ്യതകൾ. ദുരിതബാധിതരുടെ കടബാധ്യതകൾ കേരള ബാങ്ക് മുഴുവനായി എഴുതിത്തള്ളി. മുഖ്യമന്ത്രി പങ്കെടുത്ത പ്രത്യേക സംസ്ഥാനതല ബാങ്കേഴ്സ് സമിതി യോഗം ദുരിതബാധിതരുടെ കടങ്ങൾക്ക് മൊറട്ടോറിയം പ്രഖ്യാപിച്ചു. കടങ്ങൾ എഴുതിത്തള്ളണമെന്ന ആവശ്യവും സർക്കാർ ബാങ്കുകളോട് ഉന്നയിച്ചിട്ടുണ്ട്.

## അവശ്യരേഖകൾ ലഭ്യമാക്കി

ഔദ്യോഗിക രേഖകൾ നഷ്ടപ്പെട്ട മുഴുവൻ ആളുകൾക്കും ആവശ്യമായ രേഖകൾ ലഭ്യമാക്കുന്നതിന് പ്രത്യേകമായ ക്യാമ്പുകൾ സജ്ജീകരിച്ച് ബന്ധപ്പെട്ട രേഖകൾ വിതരണം ചെയ്തു .

വെള്ളാർ മലയിലെ സ്കൂളിലെ കുട്ടികൾക്ക് ജിഎച്ച്എസ്എസ് മേപ്പാടിയിലും മുണ്ടക്കൈ എൽ പി സ്കൂളിലെ പഠിക്കുന്ന കുട്ടികൾക്ക് എൽപിഎസ് മേപ്പാടിയിലും ക്ലാസുകൾ ഒരുങ്ങി. എത്തിച്ചേർന്ന മുഴുവൻ കുട്ടികൾക്കുമായി സെപ്റ്റംബർ

# ദുരിതാശ്വാസം പുനരധിവാസം

- 795 കുടുംബങ്ങൾക്ക് താൽക്കാലിക പുനരധിവാസം ഒരുക്കി
- എല്ലാ മാസവും അഞ്ചിന് മുമ്പായി താൽക്കാലിക പുനരധിവാസത്തിനായുള്ള വാടക 6000 രൂപ അക്കൗണ്ട് വഴി വിതരണം ചെയ്യുന്നു.
- 583 കുടുംബങ്ങൾക്ക് ഫർണിച്ചർ, കിടക്ക, പാത്രങ്ങൾ എന്നിവയടങ്ങിയ ബാക്ക് ടു ഹോം കിറ്റുകൾ വിതരണം ചെയ്തു.
- ദുരന്തത്തിനിരയായ 821 കുടുംബങ്ങൾക്ക് അടിയന്തര ധനസഹായമായ 10,000 രൂപ ആദ്യഘട്ടത്തിൽതന്നെ കൈമാറി.
- സംസ്ഥാന ദുരന്തനിവാരണ നിധിയിൽനിന്നും 2 ലക്ഷം രൂപയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും 2 ലക്ഷം രൂപയും പി.എം.എൻ.ആർ.എഫിൽനിന്നുള്ള 2 ലക്ഷം രൂപയുമടക്കം 8 ലക്ഷം രൂപ വീതം 93 കുടുംബങ്ങൾക്ക് ഇതിനകം വിതരണം ചെയ്തു.
- 173 കുടുബങ്ങൾക്ക് മൃതദേഹങ്ങളുടെ സംസ്കാരച്ചടങ്ങുകൾക്കായി 10,000 രൂപ അനുവദിച്ചു.
- ദുരിതബാധിതർക്ക് അടിയന്തരസഹായം ഒരു മാസത്തേക്ക് പ്രതിദിനം 300 രൂപ വീതം 1259 കുടുംബങ്ങൾക്ക് നൽകി.
- 350 ഓളം സാമൂഹിക മാനസികാരോഗ്യ കൗൺസിലർമാരുടേയും സൈക്യാട്രിസ്റ്റുകളുടേയും സേവനം ഉറപ്പാക്കി.
- 2000 വ്യക്തിഗത സൈക്കോ സോഷ്യൽകൗൺസലിങ്ങും 21 സൈക്യാട്രിക് ഫാർമക്കോതെറാപ്പിയും 401 പേർക്ക് ഗ്രൂപ്പ് കൗൺസലിങ്ങ് സെഷനുകളും നൽകി.



രണ്ടിന് പ്രവേശനോത്സവം നടത്തി.

## ഭൗമശാസ്ത്ര പഠനം

ഗ്രാമത്തിൽ ഇനി താമസിക്കുവാൻ കഴിയുമോ എന്നതടക്കമുള്ള സാധ്യത കൂടി പഠിക്കാൻ ഡോ. ജോൺ മത്തായിയുടെ നേതൃത്വത്തിൽ നടത്തിയ ഭൗമശാസ്ത്ര കമ്മിറ്റി അവിടം സന്ദർശിച്ചിരുന്നു. ഡിസാസ്റ്റർ മാനേജ്മെന്റ് ആക്ട് സെക്ഷൻ 17 പ്രകാരം രൂപീകരിക്കപ്പെട്ട ലാൻഡ്സ്ലൈഡ് അഡ്വൈസറി കമ്മിറ്റിയുടെ നിർദേശങ്ങൾക്കനുസരിച്ച് പഠന റിപ്പോർട്ട് സർക്കാരിന് ലഭ്യമാകുമ്പോൾ മാത്രമെ ദുരന്തമേഖലയിൽ വീട് നഷ്ടമാകാത്തവർക്ക് അവിടെ താമസിക്കാൻ കഴിയുമോ എന്നത് വ്യക്തമാകുകയുള്ളൂ. സ്ഥായിയായ പുനരധിവാസപദ്ധതിയിൽ അവരെ കൂടി ഉൾപ്പെടുത്തും.

## ടൗൺഷിപ്പ്; സുസ്ഥിര പുനരധിവാസം

മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മുന്നോട്ട് വച്ചിട്ടുള്ള ടൗൺഷിപ്പ് എന്ന ആശയം വ്യാപകമായി സ്വാഗതം ചെയ്യപ്പെട്ടിട്ടുണ്ട്. ഇതിനുള്ള സ്ഥലങ്ങൾ റവന്യൂ വകുപ്പിന്റെ നേതൃത്വത്തിൽ കണ്ടെത്തിയിരിക്കുകയാണ്.

ദുരന്തബാധിതർക്ക് 1000 ചതുരശ്ര അടി വിസ്തീർണമുള്ള ഒറ്റനില വീടുകൾ നിർമ്മിച്ച് നൽകുന്നതിനാണ് ഇപ്പോൾ പ്രാമുഖ്യം നൽകുന്നത്. ഭാവിയിൽ ഒരു നില കൂടി പണിയുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളോടെയാണ് നിർമ്മാണം നടത്തുക. വീട് നഷ്ടമായവർക്കാണ് ആദ്യം വീടുകൾ നിർമ്മിച്ച് നൽകുക. പ്രദേശത്തുനിന്നു മാറിത്താമസിക്കുന്നവർക്ക് അടുത്ത ഘട്ടത്തിൽ വീടുകൾ നൽകാനും സർവകക്ഷി യോഗത്തിൽ തീരുമാനം എടുത്തിട്ടുണ്ട്. പുനരധിവാസത്തോടൊപ്പം ജീവനോപാധികൾ ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കും.

വനിതകൾക്ക് അവർക്ക് ഇഷ്ടപ്പെട്ട മേഖലയിൽ തൊഴിൽസംരംഭം തുടങ്ങാൻ കഴിയുംവിധം പരിശീലനം നൽകും.

പുനർനിർമ്മാണ പ്രക്രിയയിൽ പങ്കാളികളാകാനുള്ള സന്നദ്ധത ഇതിനോടകം എല്ലാ രാഷ്ട്രീയപാർട്ടികളും സന്നദ്ധസംഘടനകളും അറിയിച്ചിട്ടുണ്ട്. ദുരന്തബാധിതർക്ക് കേവലം വീടും സ്ഥലവും നൽകുക മാത്രമല്ല, ദുരന്തബാധിതരെ മുഴുവൻ ചേർത്തു നിർത്തി അവരുടെ ജീവിതങ്ങളെ തിരിച്ചുപിടിക്കുന്ന, പുനരധിവാസത്തിന്റെ സമഗ്രമായ ഒരു ലോകമാതൃകയായിരിക്കും കേരളം സൃഷ്ടിക്കാൻ പോകുന്നത്. ■

 രമേഷ്കുമാർ വെള്ളമുണ്ട



> ദുരന്തത്തിന്റെ നടുക്കുന്ന ഓർമ്മകൾ മായുന്നില്ലെങ്കിലും അതിജീവനത്തിന്റെ പാതയിലാണ് വയനാട്

# അതിജീവനത്തിന്റെ പാതയിൽ

മരണം പെയ്തിറങ്ങിയ മലനിരകൾക്ക് താഴെ ചുവന്ന മൺകൂനകളും പാറക്കെട്ടുകളും മാത്രം. ആഴ്ന്നിറങ്ങിയ ദുരന്തം ഒരു രാത്രികൊണ്ട് ഒലിപ്പിച്ചുകൊണ്ടുപോയത് ആയിരക്കണക്കിനാളുകളുടെ സ്വപ്നം കൂടിയാണ്. 500 ന് താഴെയാളുകളുടെ മരണം സ്ഥിരീകരിച്ച ദുരന്തത്തിൽ വിറങ്ങലിച്ചു പോയതാണ് ഈ നാടെല്ലാം. ഉരുൾപൊട്ടലിന്റെ ഉറവിടത്തിന് തൊട്ടുതാഴെയുള്ള ഒട്ടനവധി വീടുകൾ ഇപ്പോൾ ഇവിടെയില്ല. റോഡുകളും പാലങ്ങളും വിദ്യാലയങ്ങളും സ്ഥാപനങ്ങളും അങ്ങാടിയുമില്ല. നിരവധി വീടുകൾ ശക്തമായ മലവെള്ളപാച്ചിലിൽ ചിതറി തെറിച്ചു. അടിത്തറകൾ പോലും ഇളക്കി ആഞ്ഞടിച്ച ദുരന്തം മിനുറ്റുകൾക്കുള്ളിലാണ് എല്ലാം നശിപ്പിച്ചത്. ആകെയുള്ളത് എല്ലാം പോയി.

കനത്ത മഴ മാറി വെയിൽ വന്നു. സംഭവത്തിന് ശേഷം സ്വന്തം വീടിന്റെയും നാടിന്റെയും അവസ്ഥ കാണാനായിരുന്നു അനീഷ് എത്തിയത്. പുഞ്ചിരിമട്ടത്തുള്ള വീട് പോലും കാണാൻ കഴിയാതെ അനീഷ് ദുരന്തഭൂമിയിൽ ഉറ്റവരെ തിരയുകയാണ്. കൈ അകലത്തിൽ നിന്നും മൂന്നുമക്കളെയും ദുരന്തം കൊണ്ടുപോയി. ആകെയുള്ള ജീപ്പും വീടുമെല്ലാം നഷ്ടപ്പെട്ടു. താൽക്കാലിക പുനരധിവാസ കേന്ദ്രത്തിൽ സർക്കാരിന്റെ പരിരക്ഷയിൽ കഴിയുകയാണ് ഇന്ന് അനിഷും ഭാര്യയും മാത്രമടങ്ങുന്ന കുടുബം. പിതാവിനെയും മാതാവിനെയും സഹോദരിയെയും നഷ്ടപ്പെട്ട ആറുവയസ്സുകാരി ഇന്നും ഒന്നുമറിഞ്ഞിട്ടില്ല. അന്ന് രാത്രിവൈകി ഉമ്മയോടും ആറാംതരത്തിൽ പഠിക്കുന്ന മൂത്തസഹോദരിക്കൊപ്പവും കിടന്ന ഈ മകൾ മാത്രം ദുരന്തത്തിൽ ബാക്കിയായി. എല്ലാവരും എവിടെപ്പോയി എന്ന ചോദ്യം പോലും ചോദിക്കാനറിയാതെ ഈ മകൾ ഒരു നാടിന്റെ നൊമ്പരമായി അകലെയായുള്ള ബന്ധു വീടിന്റെ തണലിലാണ്. 52 കുടുംബങ്ങളിലെ എല്ലാവരും ദുരന്തത്തിന്റെ ഇരകളായി. 17 കുടുംബങ്ങളിൽ നിന്നുമാത്രം 62 പേർ മരിച്ചു. മുണ്ടക്കൈ







**ചൂരൽമല ദുരന്തമേഖലകളിൽ നിന്നുമുള്ള 607 കുട്ടികൾക്കാണ് മേപ്പാടിയിൽ അതിവേഗം ക്ലാസ്സ് മുറികൾ ഒരുങ്ങിയത്**

യിലെ അങ്ങാടി ഇന്നില്ല. നിശ്ശേഷം ഈ ഓർമ്മകളെയും ഉരുളെടുത്തുകൊണ്ടുപോയി.

555 വീടുകളും 2300 ലധികം ആളുകളും നേരിട്ട് ദുരന്തത്തിന്റെ ഇരകളാണ്. കുടുംബനാഥൻ നഷ്ടപ്പെട്ടവരും ജീവനോപാധികൾ നഷ്ടപ്പെട്ടവരും ഒരു ജീവിതം തിരികെ പിടിക്കാൻ കാത്തിരിക്കുകയാണ്. ദുരന്തം വയനാടിന്റെ ടൂറിസത്തെയും ആകെ തകർത്തു. നിരവധി സംരംഭകർക്കും കനത്ത നഷ്ടമുണ്ടാക്കി. ഇതിൽ നിന്നെല്ലാമുള്ള അതിജീവനമാണ് വയനാടും ലക്ഷ്യമിടുന്നത്.

## പുതിയ യാത്ര പുതിയ പ്രതീക്ഷകൾ

ഉരുൾപൊട്ടൽ ദുരന്തത്തിന്റെ ഇന്നലെകളിൽ നിന്നും അതിജീവനത്തിന്റെ പുതിയ പാഠങ്ങളും മുന്നേറ്റങ്ങളുമായി വീണ്ടും അവർ ഒത്തുചേർന്നു. ആർത്തലച്ചുപോയ നാടിന്റെ കരുന്നുകളെ ചേർത്തുപിടിച്ച് മേപ്പാടിയിൽ നടന്ന പുന പ്രവേശനോത്സവം കരുതലിന്റെയും പ്രതീക്ഷകളുടെയും പുതിയ സന്ദേശമായി. മുണ്ടക്കൈ, ചൂരൽമല ദുരന്തമേഖലകളിൽ നിന്നുമുള്ള 607 കുട്ടികൾക്കാണ് മേപ്പാടിയിൽ അതിവേഗം ക്ലാസ്സ് മുറികൾ ഒരുങ്ങിയത്. മുണ്ടക്കൈ ജി.എൽ.പി സ്കൂളിലെ 61 കുട്ടികളും വെള്ളാർമല ജി.വി.എച്ച്.എസ്.എസ്സിലെ 546 കുട്ടികളുമാണ് മേപ്പാടിയിലെ പുതിയ ക്ലാസ്സ് മുറികളിൽ പഠനം തുടരുക. കളിപ്പാട്ടങ്ങളും സൈക്കിളുകളും എല്ലാമായി മുണ്ടക്കൈയിലെ പഴയ വിദ്യാലയം തന്നെയാണ് ഇവിടെ പുനഃക്രമീകരിച്ചത്.

ഒരു നാടിന്റെ നൊമ്പരങ്ങളെല്ലാം മറന്ന് പുതിയ പുലരികളിലേക്കുള്ള അവരുടെ യാത്രയും വേറിട്ടതായി. ചൂരൽമലയിൽ നിന്നും മൂന്ന് കെ.എസ്.ആർ.ടി സി ബസ്സുകളിലായിരുന്നു കുട്ടികളുടെയെല്ലാം മേപ്പാടിയിലെ പുതിയ വിദ്യാലയത്തിലേക്കുള്ള യാത്ര. തേയിലത്തോട്ടങ്ങളെ പിന്നിട്ട് ബസ്സുകൾ മേപ്പാടിയിലെത്തുമ്പോൾ ഇവരെയെല്ലാം മധുരം നൽകി സ്വീകരിക്കാൻ വിദ്യാഭ്യാസ വകുപ്പ് മന്ത്രി വി.ശിവൻകുട്ടിയും മന്ത്രിമാരായ എ.കെ.ശശീന്ദ്രനും, ഒ.ആർ കേളുവും ജനപ്രതിനിധികളും നാടും ഒന്നാകെ അവിടെയുണ്ടായിരുന്നു.

## അതിവേഗം ഒരുങ്ങി ബദൽ വിദ്യാലയം

ദുരന്തമേഖലയിലുള്ളവരുടെ താൽക്കാലിക പുനരധിവാസം ഉൾപ്പെടെ നാലാഴ്ചകൾക്കുള്ളിൽ സാധ്യമാക്കിയ സർക്കാർ സംവിധാനങ്ങൾക്ക് ബദൽ വിദ്യാലയവും കരുത്തായി മാറി. മികച്ച സൗകര്യങ്ങളോടെ പ്രവർത്തിച്ച മുണ്ടക്കൈയിലെയും വെള്ളാർമലയിലെയും രണ്ട് മാതൃക പൊതുവിദ്യാലയങ്ങളാണ് ഉരുൾപൊട്ടൽ ദുരന്തത്തിൽ മാഞ്ഞുപോയത്. ദുരന്തത്തിൽ മരിച്ച കുട്ടികളും ഈ വിദ്യാലയങ്ങളുടെ തീരാവേദനയായി മാറി. 36 കുട്ടികൾ മരിക്കുകയും 17 കുട്ടികളെ കാണാതാവുകയും ചെയ്തിരുന്നു. 316 കുട്ടികൾ ദുരിതാശ്വാസ ക്യാമ്പുകളിലുമായിരുന്നു. ഒട്ടുമിക്ക കുട്ടികളുടെ കുടുംബത്തെയും ദുരന്തം സാരമായി ബാധിച്ചിരുന്നു. ഉറ്റവരെയും വീടിനെയും വിദ്യാലയത്തിനെയും നഷ്ടപ്പെട്ട കുട്ടികൾക്ക് പഠനസൗകര്യം ഒരു



ക്കുകയെന്നതും താൽക്കാലിക പുനരധിവാസം പോലെ പ്രധാനപ്പെട്ടതായിരുന്നു. ഇതിനായുള്ള അതിവേഗ തയ്യാറെടുപ്പുകളാണ് താമസിയാതെയുള്ള പുനഃപ്രവേശനോത്സവത്തിന് കളമൊരുക്കിയത്.

ജി.വി.എച്ച്.എസ്.എസ് വെള്ളാർമലയിലെ വിദ്യാർഥികൾക്കായി മേപ്പാടി ജി.എച്ച്.എസ്.എസ്സിൽ 12 ക്ലാസ്സ് മുറികൾ, രണ്ട് ഐ.ടി.ലാബുകൾ, ഓഫീസ്, സ്റ്റാഫ് റൂം എന്നിവയും മുണ്ടക്കൈ ജി.എൽ.പി സ്കൂളിലെ വിദ്യാർഥികൾക്കായി മേപ്പാടി എ.പി.ജെ ഹാളിൽ അഞ്ച് ക്ലാസ്സ് മുറികളുമാണ് ഒരുങ്ങിയത്. കുട്ടികൾക്ക് ഉച്ചഭക്ഷണം പാകം ചെയ്യുന്നതിനുള്ള അടുക്കളകളും സജ്ജമായി.ദുരന്തത്തിൽ പുസ്തകങ്ങൾ നഷ്ടപ്പെട്ട 296 കുട്ടികൾക്കാണ് പൊതുവിദ്യാഭ്യാസ വകുപ്പ് വഴി പാഠപുസ്തകങ്ങൾ ലഭ്യമാക്കിയത്. മുണ്ടക്കൈയിലെയും വെള്ളാർമലയിലെയും 282 കുട്ടികൾക്കുള്ള യൂണിഫോമും നൽകി. ദുരന്ത മേഖലയിൽ നിന്നുള്ള കുട്ടികൾക്കായി മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടറേറ്റിൽ



മുണ്ടക്കൈയിലേയും ചൂരൽമലയിലേയും കുട്ടികൾക്കായി മേപ്പാടി സ്കൂളിൽ നടത്തിയ പ്രവേശനോത്സവച്ചടങ്ങിൽനിന്ന്



668 കിറ്റുകളും കൂടുതൽ ആവശ്യമായുള്ളവ ജില്ലാ ഭരണകൂടവും കണ്ടെത്തി. വിദ്യാലയത്തിൽ നിലവിലുള്ള ശുചിമുറികൾക്ക്പുറമെ 20ബയോടോയ്‌ലെറ്റുകളും ശുചിത്വമിഷന്റെ നേതൃത്വത്തിൽ ഇവിടെ സജ്ജീകരിക്കും. ജില്ലാ പഞ്ചായത്ത് വഴി 8 യുറിനൽ യൂണിറ്റുകളും 2 ശുചിമുറികളും ഇവിടെ ഒരുങ്ങും. മേപ്പാടി ജി.എച്ച്.എസ്.എസ്സിലെ ഡൈനിങ് ഹാൾ കെട്ടിടത്തിന്റെ മുകളിൽ രണ്ടു നിലകളിലായി എട്ട് ക്ലാസ്സ് മുറികളും അനുബന്ധ ശുചിമുറികളും നിർമ്മിക്കാൻ ബിൽഡിങ് കോൺട്രാക്ടേഴ്സ് അസോസിയേഷനുമായി ഇതിനകം ധാരണയായിട്ടുണ്ട്. മേപ്പാടിയിലെ ബദൽ വിദ്യാലയത്തിലെത്താൻ കുട്ടികൾക്കുള്ള യാത്രാസൗകര്യം ഉറപ്പുവരുത്തിയിട്ടുണ്ട്.

മന്ത്രിതല ഉപസമിതി തീരുമാന പ്രകാരം കുട്ടികളെ വിദ്യാലയത്തിലെത്തിക്കാൻ കെ.എസ്.ആർ.ടി.സി അധിക സർവ്വീസുകൾ നടത്തും. യാത്രസൗകര്യം ആവശ്യമുള്ള 428 ഹൈസ്കൂൾ വിദ്യാർഥികൾക്കും 72 വി.എച്ച്.എസ്.സി വിദ്യാർഥികൾക്കും കെ.എസ്.ആർ.ടി.സി , ജീപ്പ്, ഓട്ടോറിക്ഷ സൗകര്യങ്ങൾ ഒരുക്കി. സ്വകാര്യ ബസ്സുകളിൽ സൗജന്യ യാത്രാപാസ്സും അനുവദിച്ചു. കുട്ടികൾ, രക്ഷിതാക്കൾ, അധ്യാപകർ എന്നിവർക്കായുള്ള മാനസിക പിന്തുണ പ്രവർത്തനങ്ങളും മുന്നേറുകയാണ്. ഇതിനായി സർവശിക്ഷാ കേരളം എസ്.സി.ഇ.ആർ.ടി എന്നിവരുടെ നേതൃത്വത്തിൽ പ്രത്യേക മൊഡ്യൂളുകളും തയ്യാറാക്കിയിട്ടുണ്ട്. ദുരന്തത്തെ തുടർന്ന് നഷ്ടപ്പെട്ട അധ്യയനദിനങ്ങൾ അവധി ക്രമീകരണത്തിലൂടെ വീണ്ടെടുക്കാനുള്ള പദ്ധതിയും തയ്യാറായി വരികയാണ്. അതിവേഗമാണ് ഈ ആസൂത്രണങ്ങളെല്ലാം മുന്നേറിയത്. ■



വയനാട്ടിലെ മേപ്പാടി ഗ്രാമപഞ്ചായത്തിലെ പുത്തുമലയിൽ ഉരുൾ വിഴുങ്ങിയത് 17 പേരുടെ ജീവനാണ്. 103 വീടുകളും ഹെക്ടർ കണക്കിന് കൃഷിയിടങ്ങളും ഉരുൾപൊട്ടൽ ദുരന്തത്തിൽ മാഞ്ഞുപോയി. ഈ ദുരന്തത്തിൽ നിന്നും അതിജീവിച്ചവർക്കായി വളരെ വേഗമാണ് സർക്കാർ പുനരധിവാസം സാധ്യമാക്കിയത്. പൂത്തക്കൊല്ലിയിലെ ഹർഷം എന്ന പുനരധിവാസ ഭൂമിയിൽ ഇവർ ഇന്ന് സന്തുഷ്ടരാണ്....

# ഹർഷം
# വയനാടിന്റെ സ്നേഹഭൂമി

### 2019 ആഗസ്റ്റ് 8

പുത്തുമലയുടെ സ്വപ്നങ്ങൾക്ക് മീതെയായിരുന്ന പച്ചമലക്കാടുകൾ അടർന്നൊഴുകിയത്. 2019 ആഗസ്റ്റ് 8 നായിരുന്നു ആ ദുരന്തം. കനത്ത മഴയിൽ അതുവരെയും സ്വസ്ഥതയോടെ കഴിഞ്ഞിരുന്ന ഗ്രാമവാസികളുടെ ജീവിതത്തിലേക്ക് കരിനിഴൽ വീഴ്ത്തിയാണ് മലവെള്ളം ഒലിച്ചുപോയത്. ഒരു രാത്രി കൊണ്ട് പുത്തുമല ഇല്ലാതായപ്പോൾ 17 പേർക്കായിരുന്നു ജീവൻ നഷ്ടമായത്. എസ്റ്റേറ്റ് പാടിക്ക് സമീപത്ത്കൂടി ചെളിയും മണ്ണും കുത്തിയൊഴുകി പുത്തുമല ദുരന്തങ്ങളുടെ നേർചിത്രമായി. ദുരന്തമുണ്ടായത് മുതൽ സർക്കാരിന്റെ സമാനതകളില്ലാത്ത രക്ഷാപ്രവർത്തനത്തിന്റെ കരങ്ങൾ ഈ ഗ്രാമത്തെ ചേർത്തുപിടിച്ചു. ആഴ്ചകളോളം നീണ്ടുനിന്ന തെരച്ചിലിൽ 12 മൃതദേഹങ്ങൾ കണ്ടെത്താനായി. ആധുനിക ഉപകരണങ്ങളും സർവതും എത്തിച്ചായിരുന്നു തെരച്ചിൽ. പ്രദേശത്തെ കുടുംബങ്ങളെയെല്ലാം സുരക്ഷിതമായ ദുരിതാശ്വാസ ക്യാമ്പിലേക്ക് എത്തിക്കുകയെന്നതായിരുന്നു ആദ്യ ദൗത്യം. ഇവർക്ക് ക്യാമ്പിനുള്ളിൽ ഭക്ഷണം വസത്രം എന്നിവയെല്ലാം ഉറപ്പാക്കി. ദുരന്തത്തിന് മുമ്പേ മുൻകരുതലായി മാറ്റി പാർപ്പിച്ചവർക്കും പരിഗണന നൽകി. ഉറ്റവരെയും പ്രീയപ്പെട്ടവരെയും നഷ്ടമായ വേദനകൾക്കിടയിൽ അവർക്കെല്ലാം സാന്ത്വനമായി സർക്കാർ സംവിധാനങ്ങളും മാതൃകയാവുകയായിരുന്നു. സർക്കാർ ദുരിതനാടിനൊപ്പം കരുതലായി നിന്നതോടെയാണ് ഈ ദുരന്തത്തിന്റെ മുറിപ്പാടുകളിൽ നിന്നും പുത്തുമല വീണ്ടും ഉയിർകൊണ്ടത്.







അന്വേഷണത്തിൽ ഉൾപ്പെട്ടത്. ഏറെ വൈകാതെ തന്നെ ദുരിതബാധിതർക്ക് ഒരിടത്ത് തന്നെ താമസം സാധ്യമാകുന്ന സ്ഥലം കണ്ടെത്തി. മാതൃഭൂമി ചാരിറ്റബിൾ ട്രസ്റ്റ് രണ്ടുകോടിയോളം രൂപ വില വരുന്ന പൊന്നും വിലയ്ക്ക് ഏഴേക്കർ സ്ഥലം വാങ്ങി സൗജന്യമായി സർക്കാരിന് കൈമാറി.. സർക്കാരിന്റെയും സന്നദ്ധപ്രവർത്തകരുടെയും പിന്തുണയോടെ ഇവിടെ ദുരിതബാധിതർക്കായി വീടുകൾ ഉയർന്നു. ഏഴ് സെന്റ് സ്ഥലം വീതം നൽകിയാണ് പൂത്തക്കൊല്ലിയുടെ സ്നേഹഭൂമിയിൽ 53 കുടുംബങ്ങൾക്കായി വീടുകൾ ഉയർന്നത്. ഗുണഭോക്താക്കളെ ദുരിതബാധിതർക്കിടയിൽ നിന്നും നറുക്കെടുപ്പിലൂടെ കണ്ടെത്തി. വീട്, വൈദ്യുതി, കുടിവെള്ളം എന്നിങ്ങനെയുള്ള സൗകര്യങ്ങളെല്ലാം ഇവിടെ ഒരുങ്ങിയിരുന്നു. പുനരധിവാസത്തിന് വരാതിരുന്ന 50 കുടുംബങ്ങൾക്ക് പത്ത് ലക്ഷം രൂപ വീതം സഹായധനവും സർക്കാർ അനുവദിച്ചു.

## കരുതലിന്റെ കരങ്ങൾ

ദുരന്തത്തിൽ ഉറ്റവരെ നഷ്ടമായവർ, വീട് നഷ്ടപ്പെട്ടവർ, ഭൂമിനഷ്ടപ്പെട്ടവർ എന്നിങ്ങനെ തരം തിരിച്ച് കണ്ടെത്തി ഇവർക്കെല്ലാം അതിജീവനത്തിന്റെ വഴിയൊരുക്കുകയായിരുന്നു ആദ്യ ലക്ഷ്യം. ദുരന്തത്തിന് ഇരയായവർക്ക് അടിയന്തര ധനസഹായമായി സർക്കാർ 10,000 രൂപ വളരെ പെട്ടന്ന് കൈമാറി. ഒരാളെയും വിട്ടുപോകാതെ ദുരന്തബാധിതരെയെല്ലാം ഉൾപ്പെടുത്തിയുള്ള അന്തിമ ലിസ്റ്റ് തയ്യാറാക്കി. 103 വീടുകളും കൃഷിയിടങ്ങളുമാണ് ഇവിടെ ദുരന്തത്തിൽ നശിച്ചത്. ക്യാമ്പുകളിൽ നിന്നും താൽക്കാലിക പുനരധിവാസ കേന്ദ്രമായ വാടക വീടുകളിലേക്ക് ഇവരെ മാറ്റുകയെന്നതായിരുന്നു അടുത്ത നടപടി. 53 കുടുംബങ്ങൾക്കായി വാടകവീടുകൾ ഒരുങ്ങി. ഇവർക്കായി വീടൊന്നിന് പ്രതിമാസം 3000 രൂപ മേപ്പാടി ഗ്രാമപഞ്ചായത്ത് നൽകി. ആറുമാസം വരെ ഇവരുടെ അതിജീവനം ഈ വീടുകളിൽ സാധ്യമാക്കി. ഇതിനകം പുനരധിവാസത്തിന് സർക്കാർ ഓരോ കുടുംബത്തിനും പത്ത് ലക്ഷം രൂപ വീതം അനുവദിച്ചു. ഇവിടെ നിന്നാണ് പുത്തുമലക്കാരുടെ പുതിയ ജീവിതം വേരോടി തുടങ്ങിയത്.

## പൂത്തക്കൊല്ലിയിൽ പുതിയ വീടുകൾ

പുത്തുമല പുനരധിവാസത്തിനുള്ള സ്ഥലം കണ്ടെത്താനുള്ള ശ്രമങ്ങൾ ഊർജിതമാക്കിയിരുന്നു. പുത്തുമലയിൽ നിന്നും ഏറെ ദൂരെയല്ലാത്തതും ദുരന്ത സാധ്യതകളില്ലാത്തതുമായ സ്ഥലമാണ്

## കണ്ടു; ഇന്ന് ഈ തണലിൽ


തങ്ക

പുഞ്ചിരിമട്ടമെന്ന ഏലമലയിലായിരുന്നു താമസം. ജീവിക്കാൻ എല്ലാമുണ്ടായിരുന്നു അവിടെ ഞങ്ങൾക്ക്. അത്രയധികം പ്രകൃതി കനിഞ്ഞരുളിയ നാടായിരുന്നു അതെല്ലാം. ഇന്ന് അവിടെ ഒന്നുമില്ല. എല്ലാം ഉരുളെടുത്തു. മലവെള്ളത്തിൽ സ്വന്തം മകനെയും നഷ്ടപ്പെട്ട കയത്തിൽ തങ്ക പറയുന്നു. സർക്കാരിന്റെ അതിവേഗമുള്ള താൽക്കാലിക പുനരധിവാസ നടപടിയുടെ ഭാഗമായി മുണ്ടേരിയിലെ സർക്കാർ ക്വാർട്ടേഴ്സിലാണ് ഇപ്പോൾ താമസം. തങ്കയുടെ ഭർത്താവ് രാമസ്വാമി കുറച്ച് വർഷങ്ങൾക്ക് മുമ്പ് മരിച്ചു. 45 സെന്റ് സ്ഥലവും അതിലൊരു വീടുമുണ്ടായിരുന്നു. ഇതെല്ലാം മലവെള്ളം കവർന്നു. അന്ന് അത്രയും മഴയുണ്ടായിരുന്നതിനാൽ, മകന്റെ ഭാര്യയും ചെറിയ കുട്ടികളും അവരുടെ വീട്ടിൽ പോയതിനാൽ രക്ഷപ്പെട്ടു. മൂത്തമകൻ സുജീഷും അനുജൻ സുബീഷുമാണ് വീട്ടിലുണ്ടായിരുന്നത്. മണ്ണും ചെളിയും അടിച്ചുകയറിയ വീട്ടിൽ നിന്നും കഷ്ടിച്ചാണ് സുജീഷ് രക്ഷപ്പെട്ടത്. ഗുരുതര പരിക്കേറ്റ സുജീഷ് ഇപ്പോൾ ജീവിതത്തിലേക്ക് തിരികെ നടക്കുകയാണ്. അനുജൻ സുബീഷ് ദുരന്തത്തിന് ഇരയായി. ഈ മുറിവിൽ നിന്നും ജീവിതം എങ്ങിനെ മുന്നോട്ട് കൊണ്ടുപോകും എന്ന് നിശ്ചയമില്ലായിരുന്നു. സർക്കാർ സൗകര്യമൊരുക്കി. ആദ്യഘട്ടത്തിൽ തന്നെ ഈ ക്വാർട്ടേഴ്സ് കിട്ടി. സർക്കാരിന്റെ അടിയന്തരധനസഹായവും മകന്റെ ചികിത്സക്കുള്ള പണവുമെല്ലാം കിട്ടി. ഇതാണ് ആശ്വാസം.

# മരണത്തെ മുഖാമുഖം കണ്ടു ഇന്ന് ഈ തണലിൽ



## പ്രസന്ന

പുഞ്ചിരിമട്ടത്ത് നിന്നാണ് കോട്ടവാർ പ്രസന്നയും കുടുംബവും കൽപ്പറ്റയ്ക്കടുത്ത മുണ്ടേരിയിലെ സർക്കാർ ക്വാർട്ടേഴ്സിലെത്തിയത്. വലിയ ദുരന്തം കൺമുന്നിൽ കണ്ടതിന്റെ ഞെട്ടലിലാണ് ഈ കുടുംബം. പ്രായമായ അച്ഛനും അമ്മയും ഭർത്താവും മക്കളുമടങ്ങുന്ന കുടുംബം തലനാരിഴയ്ക്കാണ് ദുരന്തത്തിൽ നിന്നും രക്ഷപ്പെട്ടത്. ആകെയുണ്ടായിരുന്ന വീടും സ്ഥലവുമെല്ലാം നഷ്ടപ്പെട്ടു. തേയിലത്തോട്ടത്തിൽ ദീർഘകാലം അധ്വാനിച്ചുണ്ടാക്കിയതായിരുന്നു എല്ലാം. ബന്ധുക്കളെയുമെല്ലാം ദുരന്തം കവർന്നെടുത്തു. തൊഴിലിടങ്ങളും എസ്റ്റേറ്റ് പാടിയുമെല്ലാം നശിച്ചു. അവിടെ താമസിച്ച പ്രിയപ്പെട്ടവരും നാട്ടുകാരിൽ പലരെയും ദുരന്തം കൊണ്ടുപോയിരുന്നു. ആകെയുള്ള ആശ്വാസം ഈ താൽക്കാലിക പുനരധിവാസ കേന്ദ്രത്തിൽ ഒരിടം കിട്ടിയെന്നതാണ്. നഷ്ടപ്പെട്ടതെല്ലാം നഷ്ടപ്പെട്ടു. ഇനിയൊരു ജീവിതം തളിരിടണമെങ്കിൽ കാലങ്ങൾ കഴിയുമായിരിക്കും. അതുവരെയും ഞങ്ങൾ സംരക്ഷിക്കപ്പെടുമെന്ന് ഉറപ്പുണ്ട്....പ്രസന്ന പറയുന്നു. നല്ല സൗകര്യമുള്ള ക്വാർട്ടേഴ്സാണ് കിട്ടിയത്. സർക്കാരിൽ നിന്നുള്ള മറ്റ ധനസഹായങ്ങളും കിട്ടുന്നുണ്ട്.



## മുജീബും ആസ്യയും

ചൂരൽമലയിലെ വാടക വീട്ടിൽ നിന്നാണ് കരിക്കൾ ഹൗസിൽ മുജീബും ഭാര്യ ആസ്യയും ദുരന്തത്തെ മുഖാമുഖം കാണുന്നത്. ആകെയുള്ള മൂന്ന് സെന്റ് സ്ഥലവും മലവെള്ളത്തിൽ ഒലിച്ചുപോയി. ഏഴുമക്കളടങ്ങുന്ന കുടുംബം ഇപ്പോൾ സർക്കാർ അനുവദിച്ച ക്വാർട്ടേഴ്സിലാണ്. മുണ്ടക്കൈ എസ്റ്റേറ്റ് പാടിയിൽ നിന്നെത്തി പ്രമേഷും കുടുംബവും അടുത്ത ക്വാർട്ടേഴ്സിലുണ്ട്. ഇങ്ങനെ ഏഴ കുടുബത്തിന് പൊതുമരാമത്ത് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ക്വാർട്ടേഴ്സിൽ താമസ സൗകര്യം ഒരുക്കിയത്. വിവിധയിടങ്ങളിലായി ദുരന്തമേഖലയിൽ നിന്നുള്ള മറ്റുള്ളവർക്കുമെല്ലാം വാടകവീടുകളും സൗകര്യങ്ങളും സർക്കാർ ഒരുക്കിയിട്ടുണ്ട്. പ്രതിമാസം ആറായിരം രൂപ വാടകയിനത്തിലും ഇവർക്ക് അനുവദിക്കുന്നുണ്ട്.

## ഇവിടെ ഞങ്ങൾ സംതൃപ്തരാണ്

പൂത്തക്കൊല്ലിയിലെ തേയിലത്തോട്ടങ്ങൾക്കിടയിലെ ഏഴേക്കറുള്ള ഹർഷത്തിൽ ഞങ്ങൾ സംതൃപ്തരാണ്. ദുരന്തം ഞങ്ങൾക്ക് മറക്കാനാകില്ല. എല്ലാം നഷ്ടപ്പെട്ടവരായിരുന്നു ഞങ്ങൾ. അതിൽ നിന്നെല്ലാം ഞങ്ങൾ അതിജീവിച്ചു. ഇന്നിവിടെ ഹർഷത്തിൽ എല്ലാമുണ്ട്. പുത്തുമല ദുരന്തത്തിൽ നിന്നും പൂത്തക്കൊല്ലിയിൽ പുനരധിവസിപ്പിക്കപ്പെട്ട എഴുപത്തിരണ്ട് വയസ്സ് പിന്നിട്ട കല്ലിങ്കൽ അലവി പറയുന്നു. മലവെള്ളം വന്നപ്പോൾ ആകെയുള്ളതെല്ലാം നഷ്ടപ്പെട്ടു. എനിക്ക് മാത്രമല്ല. എന്നെപോലുള്ള എന്റെ അയൽവീട്ടുകാർക്കും. ഒരു വിളിപ്പാടകലെ അപ്പുറത്തും ഇപ്പുറത്തുമായി



**ദുരന്തത്തിൽ ഉറ്റവരെ നഷ്ടമായവർ, വീട് നഷ്ടപ്പെട്ടവർ, ഭൂമി നഷ്ടപ്പെട്ടവർ എന്നിങ്ങനെ തരം തിരിച്ച് കണ്ടെത്തി ഇവർക്കെല്ലാം അതിജീവനത്തിന്റെ വഴിയൊരുക്കുകയായിരുന്നു ആദ്യ ലക്ഷ്യം**

കഴിഞ്ഞവരായിരുന്നു ഞങ്ങളെല്ലാം. അന്നൊരുമഴക്കാല രാത്രി അതായിരുന്നു പുത്തുമലയിൽ നിന്നുള്ള ഏറ്റവും ഒടുവിലത്തെ ഓർമ്മകൾ. ആരുടെയോ ഭാഗ്യം കൊണ്ടാണ് ജീവിതം തിരിച്ചുകിട്ടിയത്. ആദ്യം ഞങ്ങൾ കുടുംബങ്ങൾ ഒന്നാകെ ദുരിതാശ്വാസ ക്യാമ്പിലായിരുന്നു. ഭക്ഷണവും എല്ലാം സർക്കാർ തന്നു. ഇവിടെ നിന്നും എവിടെ പോകും എന്നതായിരുന്നു അന്നുണ്ടായിരുന്ന ആശങ്കകൾ. താൽക്കാലിക പുനരധിവാസത്തിനായി ആറ് മാസത്തോളം വാടക വീട് കിട്ടി. പ്രതിമാസം 3000 രൂപയായിരുന്നു വാടക. ഈ തുക മേപ്പാടി ഗ്രാമപഞ്ചായത്താണ് പൂർണ്ണമായും നൽകിയത്. അധികം താമസിയാതെ ഞങ്ങൾ പുത്തുമലക്കാർക്ക് അധികം ദൂരമില്ലാത്ത പൂത്തക്കൊല്ലിയിൽ സ്ഥലം കിട്ടി. ആറര ലക്ഷം രൂപ ചെലവ് വരുന്ന വീടുകൾക്ക് നാല് ലക്ഷം രൂപ വീതം സർക്കാർ നൽകി. ബാക്കി തുക സന്നദ്ധ സംഘടനകളും നൽകിയതോടെയാണ് ഹർഷം ഇവിടെ സാക്ഷാത്കരിക്കപ്പെട്ടത്. ഞങ്ങൾ പുത്തുമലക്കാർ ദുരന്തത്തിൽ നിന്നും കരകയറി ഇന്നിവിടെ പുതിയ ജീവിതത്തിലാണ്.■

/samakalikajanapadham/ /prd.kerala.gov.in/publications

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് | കേരള സർക്കാർ

# സമകാലിക ജനപഥം




# നൂതനാശയങ്ങളുടെ പട്ടം പറത്തുന്നവർ

വി. ശിവൻകുട്ടി
പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി

യുനെസ്കോയുടെ 2023-ൽ പ്രസിദ്ധീകരിച്ച ഗ്ലോബൽ എഡ്യൂക്കേഷൻ മോണിറ്ററിംഗ് റിപ്പോർട്ടിൽ കേരളത്തിൽ സ്വതന്ത്ര സോഫ്റ്റ്‌വെയർ അടിസ്ഥാനമാക്കി കൈറ്റിന്റെ നേതൃത്വത്തിൽ നടത്തിയ ഡിജിറ്റൽ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ അന്താരാഷ്ട്ര മാതൃകയാണെന്ന് പറഞ്ഞിട്ടുണ്ട്. വർഷങ്ങൾ നീണ്ട പ്രവർത്തനങ്ങളുടെ തുടർച്ചയായാണ് നമ്മുടെ സ്കൂൾ വിദ്യാഭ്യാസ രംഗത്ത് ഇതേ തരത്തിൽ മുന്നേറ്റം നടത്താൻ നമുക്ക് കഴിഞ്ഞത്



# അഭിമാന മുന്നേറ്റത്തിന് അംഗീകാരം

കേരളം പൊതുവിദ്യാഭ്യാസമേഖലയിലെ സമ്പൂർണ്ണ ഡിജിറ്റൽ സംസ്ഥാനമായി പ്രഖ്യാപിക്കുമ്പോൾ തന്നെ വിപുലമായ അടിസ്ഥാന സൗകര്യങ്ങൾ ഈ രംഗത്ത് നമ്മൾ ഒരുക്കിയിരുന്നു. പ്രൈമറി സ്കൂളുകളിൽ കമ്പ്യൂട്ടർ ലാബുകൾ, ഹൈസ്കൂൾ, ഹയർസെക്കൻഡറി ക്ലാസ്സുകളിൽ ലാപ്ടോപ്പും പ്രൊജക്ടറും നൽകി സ്മാർട്ട് ആക്കി. ക്ലാസ് മുറികളിൽ പഠനപ്രവർത്തനത്തെ സഹായിക്കാൻ അധ്യാപകർക്കു വേണ്ട ഡിജിറ്റൽ ഉള്ളടക്കങ്ങൾക്കായി 'സമഗ്ര പോർട്ടൽ' നിലവിൽ വന്നു. അധ്യാപകർക്ക് ഡിജിറ്റൽ സങ്കേതങ്ങൾ



ചിത്രം: അജയകുമാർ ഐ&പിആർഡി



പ്രയോഗിക്കുന്നതിനുള്ള ഹാൻഡ്സ് ഓൺ ട്രെയിനിങ്ങ് നൽകി. ഇവയെല്ലാം കൃത്യമായ ആസൂത്രണത്തോടെ തന്നെ നടപ്പിലാക്കിയവയാണ്.

## ഹൈടെക് പദ്ധതികൾ

യഥാക്രമം 2018ലും 2019-ലും നടപ്പാക്കിയ ഹൈടെക് സ്കൂൾ പദ്ധതിയുടേയും ഹൈടെക് ലാബ് പദ്ധതികളുടേയും ഫലമായാണ് 4.5 ലക്ഷം ഐടി ഉപകരണങ്ങൾ നമ്മുടെ പൊതു വിദ്യാലയങ്ങളിൽ വിന്യസിച്ചത്. ഇതിന്റെ ഭാഗമായി 8 മുതൽ 12 വരെ ക്ലാസുകളിലെ 45,000 ക്ലാസ്മുറികൾ ഹൈടെക് ആക്കി മാറ്റുകയും 2020 ഒക്ടോബറിൽ കേരളം വിദ്യാഭ്യാസ മേഖലയിൽ രാജ്യത്തെ ആദ്യ സമ്പൂർണ്ണ ഡിജിറ്റൽ സംസ്ഥാനമായി പ്രഖ്യാപിക്കുകയും ചെയ്തു. ഹൈടെക് ക്ലാസ് മുറികളുടെ ഫലപ്രദമായ ഉപയോഗം ഉറപ്പാക്കാൻ 'സമഗ്ര പ്ലസ് ' ഡിജിറ്റൽ പോർട്ടൽ ഇതിനകം പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്.

അധ്യാപകർക്ക് വിവിധ പാഠഭാഗങ്ങൾ സാങ്കേതിക വിദ്യയുടെ സഹായത്തോടെ എളുപ്പത്തിലും കാര്യക്ഷമമായും പഠിപ്പിക്കാൻ കഴിയുന്ന വിഭവങ്ങൾക്കു പുറമെ കുട്ടികൾക്കായി 'പ്രത്യേക പഠനമുറിയും' സമഗ്ര പ്ലസ് പോർട്ടലിലുണ്ട്. ഇതിനു മുന്നോടിയായി മുഴുവൻ അധ്യാപകർക്കും ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സങ്കേതങ്ങളിൽ ഉൾപ്പെടെ പരിശീലനം നൽകുന്ന പ്രവർത്തനത്തിലാണ് ഇപ്പോൾ കൈറ്റ് ഏർപ്പെട്ടിരിക്കുന്നത്. 80,000 അധ്യാപകർക്ക് കേരളത്തിൽ എ.ഐ പരിശീലനം നൽകുന്നത് ദേശീയ തലത്തിൽ വലിയ വാർത്തയാകുകയും പല സംസ്ഥാനങ്ങളും ഇക്കാര്യത്തിൽ പിന്തുണ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. പുതിയ ഐസിടി പാഠപുസ്തകത്തിൽ 7-ാം ക്ലാസിൽ കുട്ടികൾക്ക് എഐ പഠിക്കാൻ പ്രത്യേക അധ്യായം തന്നെ ഉൾപ്പെടുത്തിയിട്ടുണ്ട്. ഏറ്റവും പുതിയ സാങ്കേതിക വിദ്യകളിൽ ഉൾപ്പെടെ അധ്യാപകരെ പരിശീലിപ്പിച്ച് അതിലൂടെ മുഴുവൻ

little KITEs

## പശ്ചാത്തലം

- സാങ്കേതികവിദ്യാധിഷ്ഠിത പഠനം പ്രാബല്യത്തിൽ വന്നതോടെ 2010 ൽ സംസ്ഥാനത്തെ എല്ലാ ഹൈസ്കൂളുകളിലും സ്കൂൾ സ്റ്റുഡന്റ് ഐ.ടി. കോർഡിനേറ്റർമാരുടെ കൂട്ടായ്മ ഐ.ടി @സ്കൂൾ പ്രോജക്ട് ആരംഭിച്ചു.
- സ്കൂൾ സ്റ്റുഡന്റ് ഐ.ടി. കോർഡിനേറ്റർമാർക്ക് ഐ.ടി സ്കൂൾ പ്രോജക്ട് വിപുലമായ പരിശീലനപരിപാടികൾ ആവിഷ്കരിച്ചു നടപ്പിലാക്കിയിരുന്നു.
- 12,677 വിദ്യാർഥികൾക്ക് ഒരാഴ്ച കൊണ്ട് പൂർത്തിയാക്കിയ അഞ്ച് ദിവസത്തെ അനിമേഷൻ പരിശീലനം.
- 27,764 സ്റ്റുഡന്റ് ഐ.ടി. കോർഡിനേറ്റർമാർക്ക് നൽകിയ ഹാർഡ് വെയർ പരിശീലനം..
- സ്റ്റുഡന്റ് ഐ.ടി. കോർഡിനേറ്റർമാരെ ഉപയോഗപ്പെടുത്തി സംസ്ഥാനത്ത് ആകെ 1,74,603 രക്ഷിതാക്കൾക്ക് നൽകിയ പ്രത്യേക ഐ.ടി. പരിശിലനം.

## ലിറ്റിൽ കൈറ്റ്സ് ക്ലബ്ബുകളുടെ രൂപവത്കരണം

- 2018 ജനുവരി 22 -ന് ലിറ്റിൽ കൈറ്റ്സ് പദ്ധതി മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. ഹൈടെക് പദ്ധതി നടപ്പിലാക്കുന്ന ഹൈസ്കൂളുകളിലെ വിദ്യാർഥികൾക്കായി ആരംഭിച്ച ഐ.ടി. കൂട്ടായ്മ.
- സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ എട്ടാം ക്ലാസിൽ പഠിക്കുന്നവരിൽ നിന്ന് 57,580 വിദ്യാർഥികളെ ഉൾപ്പെടുത്തിയാണ് ഈ കൂട്ടായ്മ ആരംഭിച്ചത്. മൂന്നാം വർഷത്തിൽ എത്തുമ്പോൾ 2060 വിദ്യാലയങ്ങളിൽ നിന്നായി 1.72 ലക്ഷം കുട്ടികൾ അംഗങ്ങൾ.
- പദ്ധതിയുടെ ഭാഗമായി വിദ്യാർഥികൾക്ക് അനിമേഷൻ, പ്രോഗ്രാമിങ്, മൊബൈൽ ആപ്പ് നിർമ്മാണം, ഗ്രാഫിക്സ് ഡിസൈനിങ്, മലയാളം കമ്പ്യൂട്ടിങ്, ഹാർഡ് വെയർ, ഇലക്ട്രോണിക്സ്, റോബോട്ടിക്സ്, വെബ് ടി.വി, സൈബർ സുരക്ഷ എന്നീ മേഖലകളിൽ വിദഗ്ധപരിശീലനം.
- മാസത്തിൽ 4 മണിക്കൂർ സ്കൂൾതലത്തിൽ കൈറ്റ് മാസ്റ്റർ/മിസ്ട്രസ്സിന്റെ നേതൃത്വത്തിൽ യൂണിറ്റ് തല പരിശീലനം. - കോഴ്സ് സിലബസുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ വിദഗ്ധരുടെ ക്ലാസ്സുകൾ - ഫീൽഡ് വിസിറ്റുകൾ./ഇൻഡസ്ട്രിയൽ വിസിറ്റ്.
- 4500 അധ്യാപകരെ കൈറ്റ്മാസ്റ്റർ/ മിസ്ട്രസ്സുമാരായി തെരഞ്ഞെടുത്ത് പ്രത്യേക പരിശീലനം നൽകി.
- യൂണിറ്റ്, ഉപജില്ലാ, ജില്ലാ, സംസ്ഥാന ക്യാമ്പുകൾ സംഘടിപ്പിച്ച് വരുന്നു.
- കോവിഡ് കാലത്ത് വിദ്യാലയങ്ങൾ അടഞ്ഞ് കിടന്നപ്പോൾ റുട്ടീൻ ക്ലാസുകൾ, വിദഗ്ധരുടെ ക്ലസുകൾ എന്നിവ വിക്ടേഴ്സ് ചാനൽ വഴി സംപ്രേഷണം ചെയ്തു. പ്രായോഗിക പ്രവർത്തനങ്ങൾക്കായി വിദ്യാലയങ്ങൾക്ക് നൽകിയ ഹൈടെക് ഉപകരണങ്ങൾ പ്രയോജനപ്പെടുത്തി.
- ഹൈടെക് പദ്ധതിയുടെ ഭാഗമായി വിദ്യാലയങ്ങൾക്ക് വിതരണം ചെയ്ത ക്യാമറ പ്രയോജനപ്പെടുത്തി വിക്ടേഴ്സ് ചാനലിനാവശ്യമായ വാർത്തകൾ തയ്യാറാക്കി സംപ്രേഷണ യോഗ്യമാക്കുന്നതിൽ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്ക് പരിശീലനം നൽകി. - 2018 ഡിസംബർ
- ജില്ലാ സംസ്ഥാന മേളകളിൽ കുട്ടി റിപ്പോർട്ടർമാർ ചിത്രങ്ങളും വാർത്തകളും തയ്യാറാക്കി.
- സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങളിൽ 2019

കുട്ടികൾക്കും ഇതിന്റെ ഗുണഫലം എത്തുന്ന തരത്തിലാണ് പദ്ധതികൾ ആസൂത്രണം ചെയ്യുന്നത്.

നിലവിൽ ലിറ്റിൽ കൈറ്റ്സ് കുട്ടികളിലൂടെ നടപ്പാക്കുന്ന റോബോട്ടിക്-ഐടി പഠനം അടുത്തവർഷം മുഴുവൻ കുട്ടികൾക്കും ലഭിക്കുന്ന വിധത്തിൽ ഐസിടി പാഠപുസ്തകങ്ങൾ പരിഷ്കരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതുപോലെ പങ്കാളിത്ത രീതിയിൽ സ്കൂളുകളുടെയും വിവിധ പ്രവർത്തനങ്ങളും വിപുലമായ വിവരശേഖരമായ 'സ്കൂൾ വിക്കി'യും നമുക്ക് മാത്രം അഭിമാനിക്കാൻ കഴിയുന്ന ഒന്നാണ്. കുറഞ്ഞ ചെലവിൽ സ്വതന്ത്ര സോഫ്റ്റ്‌വെയർ ഉപയോഗിച്ച് നമ്മുടെ എല്ലാ പ്രൈമറി-അപ്പർ പ്രൈമറി സ്കൂളുകളിലും വിന്യസിച്ചിട്ടുള്ള ഇ-ക്യൂബ് ലാംഗ്വേജ് ലാബിൽ ഇംഗ്ലീഷിനു പുറമെ മറ്റു ഭാഷാവിഷയങ്ങളും ഉൾപ്പെടുത്താൻ ശ്രമം ആരംഭിച്ചുകഴിഞ്ഞു.

നമ്മുടെ പാഠ്യപദ്ധതിയുനുസരിച്ചുള്ള ക്ലാസ് റൂം പ്രവർത്തനങ്ങൾ നടക്കണമെങ്കിൽ നമുക്ക് സ്വന്തമായി ഒരു ഓപ്പറേറ്റിംഗ് സിസ്റ്റം ആവശ്യമായി വന്നു. അതിനു വേണ്ട അന്വേഷണ



കോട്ടൺഹിൽ സ്കൂളിലെ വിദ്യാർഥിനി തങ്കലക്ഷ്മി ലിറ്റിൽ കൈറ്റ്സിന്റെ ഭാഗമായി രൂപപ്പെടുത്തിയ ബ്ലൈൻഡ് സ്റ്റിക്കിന്റെ പ്രവർത്തനം പരിചയപ്പെടുത്തുന്നു

ചിത്രം: അജയകുമാർ ഐ&പിആർഡി

ഫലമായി ഏറ്റവും പുതിയ അധ്യായമാണ് 'കൈറ്റ് ഗ്നൂ ലിനക്സ് 22.04" എന്ന ഓപ്പറേറ്റിംഗ് സിസ്റ്റം. നമ്മുടെ അധ്യാപകർതന്നെ കസ്റ്റമൈസ് ചെയ്ത ഓപ്പറേറ്റിംഗ് സിസ്റ്റവും പാഠ്യപദ്ധതികൾക്ക് പിന്തുണ നൽകുന്ന സോഫ്റ്റ്‌വെയറുകളുമാണ് ഇതിലൂടെ ക്ലാസുകളിൽ ഉപയോഗിക്കുന്നത്.

സെപ്റ്റംബർ 2 ന് നടന്ന ഓണാഘോഷത്തിന്റെ ഭാഗമായി ഡിജിറ്റൽ പൂക്കളനിർമാണം യൂണിറ്റുകളുടെ നേതൃത്വത്തിൽ നടന്നു. തയ്യാറാക്കിയവയിൽ മികച്ചവ വിക്കിയിൽ പ്രസിദ്ധപ്പെടുത്തി.

- രണ്ടായിരത്തോളം സ്കൂളുകളിലെ ഡിജിറ്റൽ മാഗസിനുകൾ - മലയാളം കമ്പ്യൂട്ടിങ്ങ് ക്ലാസുകളുടെ ഭാഗമായി എല്ലാ യൂണിറ്റുകളും തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസിൻ വിക്കിയിലൂടെ പ്രസിദ്ധപ്പെടുത്തുന്നു. ഇപ്പോൾ 4000 മാഗസിനുകൾ ലഭ്യമാണ്.
- മനോരമ ആഴ്ചപ്പതിപ്പുമായി ചേർന്ന് രണ്ട് ലക്ഷം അമ്മമാർക്ക് ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ ഹൈടെക് പരിശീലനം നൽകി. സംസ്ഥാനത്തെ സ്കൂളുകളിൽ നടപ്പാക്കിയിട്ടുള്ള ഹൈടെക് സംവിധാനങ്ങളും സൗകര്യങ്ങളും പരിചയപ്പെടുത്താനും, 'സമഗ്ര' പോർട്ടൽ, പാഠപുസ്തകത്തിലെ ക്യൂ.ആർ. കോഡുകൾ തുടങ്ങിയവ കുട്ടികൾക്ക് വീട്ടിലും ഉപയോഗിക്കാൻ സാഹചര്യം ഒരുക്കുകയുമായിരുന്ന് പരിശീലന പദ്ധതിയുടെ ലക്ഷ്യം.
- ജില്ലാതലത്തിലേയും സംസ്ഥാന തലത്തിലേയും പ്രവർത്തനങ്ങളെ അടിസ്ഥാനമാക്കി മികച്ച യൂണിറ്റുകൾക്ക് അവാർഡ് നൽകുന്നു.
- അമ്മയറിയാൻ പദ്ധതിയുടെ ഭാഗമായി ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ വഴി 4.5 ലക്ഷം അമ്മമാർക്ക് സൈബർ സുരക്ഷയിൽ പരിശീലനം നൽകി.
- സത്യമേവ ജയതേ പദ്ധതിയുടെ ഭാഗമായി ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ വഴി അപ്പർപ്രൈമറി, ഹൈസ്കൂൾ വിഭാഗങ്ങളിലെ കുട്ടികൾക്ക് വ്യാജവാർത്തകളെ എങ്ങനെ പ്രതിരോധിക്കാം എന്ന വിഷയത്തിൽ പരിശീലനം നൽകി.
- ഇന്നവേറ്റേഴ്സ് പദ്ധതിയുടെ ഭാഗമായി 14 ലക്ഷം കുട്ടികൾക്ക് പരിശീലനം നൽകി.
- ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ പ്രവർത്തനങ്ങൾ, പങ്കാളിത്തം, ഉല്പന്നങ്ങൾ തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ എ, ബി, സി ഗ്രേഡ് സർട്ടിഫിക്കറ്റുകൾ നൽകുന്നുണ്ട്. ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ 2020 മുതൽ പത്താം ക്ലസ് പരീക്ഷയെഴുതുന്ന അംഗങ്ങൾക്ക് സർക്കാർ 5 % ഗ്രേസ് മാർക്ക് അനുവദിച്ചു.
- ഇന്ത്യയിലെ ഏറ്റവും വലിയ കുട്ടികളുടെ ഐ.സി.ടി. കൂട്ടായ്മായി അടയാളപ്പെട്ട് കഴിഞ്ഞു.
- സംസ്ഥാനത്തെ 2000 ഹൈസ്കൂളുകളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകളിലൂടെ 9000 റോബോട്ടിക് കിറ്റുകൾ വിതരണം ചെയ്യു. ഇതിന്റെ പ്രവർത്തനോദ്ഘാടനം 2022 ഡിസംബർ 8 ന് ബഹു.മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചു.
- റോബോട്ടിക് പ്രവർത്തനങ്ങൾ, ഹാർഡ്വെയർ, അനിമേഷൻ, ഇലക്ട്രോണിക്സ്, മലയാളം കമ്പ്യൂട്ടിങ്, സൈബർ സുരക്ഷാ മേഖലകൾക്കുപുറമെ മൊബൈൽആപ്പ് നിർമാണം, പ്രോഗ്രാമിങ്, ഇ. കൊമേഴ്സ്, ഇ ഗവേണൻസ്, വീഡിയോ ഡോക്യുമെന്റേഷൻ, വെബ് ടിവി തുടങ്ങിയ മേഖലകളിലെ കാലികമായ മാറ്റങ്ങൾ ഉൾപ്പെടുത്തി പുതിയ പ്രവർത്തനപുസ്തകം. ഇതിന്റെയടിസ്ഥാനത്തിൽ പരിശീലനം.

## കൈറ്റ് വിക്ടേഴ്സ്; മികച്ച പ്രതികരണം

കൈറ്റ് വിക്ടേഴ്സ് ചാനൽ കോവിഡ് കാലത്തുൾപ്പെടെ എത്രമാത്രം നമ്മുടെ കുട്ടികൾക്ക് പ്രയോജനപ്പെട്ടിരുന്നു എന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ? കഴിഞ്ഞ വർഷം കീം - നീറ്റ് പരീക്ഷകൾക്കായി പ്രത്യേക ക്രാഷ് കോഴ്സ് കൈറ്റ് വിക്ടേഴ്സിൽ സംപ്രേഷണം ചെയ്തതിന് നല്ല പ്രതികരണമാണ് ലഭിച്ചത്. ഇതിനു പുറമെ കുട്ടികൾക്ക് മാതൃകാ പരീക്ഷ പ്രാക്ടീസ് ചെയ്യാനും സംശയ നിവാരണത്തിനും പ്രത്യേകം പോർട്ടലും സജ്ജീകരിച്ചിരുന്നു. സയൻസിന് പുറമെ ഹ്യൂമാനിറ്റീസ്, കൊമേഴ്സ് വിഭാഗങ്ങളിലെ കുട്ടികൾക്കും മത്സരപരീക്ഷകൾക്ക് തയ്യാറാകാൻ സഹായിക്കുന്ന 'കീ ടു എൻട്രൻസ് ' എന്ന പ്രത്യേക പരിപാടി കൈറ്റ് വിക്ടേഴ്സ് ചാനലിൽ തുടങ്ങുകയാണ്. പരീക്ഷാ പരിശീലനത്തിനായി പ്രത്യേക പോർട്ടലും സജ്ജമാക്കും. ദേശീയ തലത്തിൽ ആരംഭിച്ച പി.എം. ഇ-വിദ്യാ ചാനലുകളുടെ ഭാഗമായി കേരളത്തിന് ലഭിച്ച അഞ്ച് പുതിയ വിദ്യാഭ്യാസ ചാനലുകളും ഇതിനകം സംപ്രേഷണം തുടങ്ങി. ഫസ്റ്റ്ബെൽ മാതൃകയിൽ പരിഷ്കരിച്ച പാഠ്യപദ്ധതിയ്ക്ക് അനുസരിച്ച് തയ്യാറാക്കിയ പുതിയ ടെക്സ്റ്റ് ബുക്കുകൾ അടിസ്ഥാനമാക്കി ക്ലാസുകൾ ഈ ചാനലുകളിൽ സംപ്രേഷണം തുടങ്ങുകയാണ്.


> **അധ്യാപകർക്ക് വിവിധ പാഠഭാഗങ്ങൾ സാങ്കേതിക വിദ്യയുടെ സഹായത്തോടെ എളുപ്പത്തിലും കാര്യക്ഷമമായും പഠിപ്പിക്കാൻ കഴിയുന്ന വിഭവങ്ങൾക്കു പുറമെ കുട്ടികൾക്കായി 'പ്രത്യേക പഠനമുറിയും' സമഗ്ര പ്ലസ് പോർട്ടലിലുണ്ട്**

## പ്രൈമറി ഐ.സി.ടി പഠനം കാര്യക്ഷമമാക്കും

രാജ്യത്താദ്യമായി മുഴുവൻ കുട്ടികൾക്കും ലഭിക്കുന്ന രൂപത്തിൽ പ്രൈമറി, അപ്പർ പ്രൈമറി തലങ്ങളിൽ കളിപ്പെട്ടി, ഇ@വിദ്യ എന്ന പേരുകളിൽ പ്രത്യേക ഐ.സി.ടി പാഠപുസ്തകങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ പല സ്ഥലങ്ങളിലും ഇവയുടെ ക്ലാസ്റൂം വിനിമയം കാര്യക്ഷമമായി നടക്കുന്നില്ല എന്ന പരാതി ഉയർന്നിട്ടുണ്ട്. ഈ സാഹചര്യത്തിൽ പ്രൈമറി ഐ.സി.ടി പഠനം കാര്യക്ഷമമാക്കാൻ പൊതുവിദ്യാഭ്യാസ വകുപ്പ് നടപടികൾ സ്വീകരിക്കുന്നതാണ്.

നൽകിയിരിക്കുന്ന അടിസ്ഥാന സൗകര്യങ്ങൾ കൃത്യമായി ഉപയോഗിക്കേണ്ടത് അധ്യാപകരാണ്. കുട്ടികളും അധ്യാപകരും ചേർന്നാണ് അവയുടെ പ്രയോഗം ക്ലാസ് മുറികളിൽ ഉണ്ടാക്കേണ്ടത്. രക്ഷിതാക്കളുടെയും പൊതുസമൂഹത്തിന്റെയും പിന്തുണയും ഇതിന് അത്യാവശ്യമാണ്. നമ്മുടെ സ്കൂളുകളുടെ കാര്യത്തിൽ ജനങ്ങൾ എന്നും ഒപ്പം നിന്ന ചരിത്രമാണ ുള്ളത്. അതുതന്നെ ഇനിയുമുണ്ടാകമെന്ന് പ്രത്യാശിക്കുന്നു.■

കെ. അൻവർ സാദത്ത്
സി.ഇ.ഒ, കൈറ്റ്



വിവരസാങ്കേതികരംഗത്തെ ദൈനംദിനം വരുന്ന മാറ്റങ്ങളും നൂതന സങ്കേതങ്ങളുടെ ഉപയോഗവും പൊതുവിദ്യാദ്യാസ രംഗത്ത് ഉടനടി പ്രതിഫലിപ്പിക്കുക എന്ന ദൗത്യവുമാണ് ലിറ്റിൽ കൈറ്റ്സ് ഇന്ന് ഏറ്റെടുത്തിരിക്കുന്നത്. ഇത് ലോകത്തിന് തന്നെ മാതൃകയായി കഴിഞ്ഞു



സംസ്ഥാനത്തെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകളിലൂടെ വിന്യസിക്കുന്ന റോബോട്ടിക് കിറ്റുകളുടെ പ്രവർത്തനോദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കുന്നു

# ലിറ്റിൽ കൈറ്റ്സ്

# ഭാവികേരളത്തിന്റെ ഡിജിറ്റൽ കരുത്ത്

സാങ്കേതികരംഗത്ത് ലോകത്ത് അനുനിമിഷം വരുന്ന മാറ്റങ്ങളെ കുട്ടികളാണ് ആദ്യം ഉൾക്കൊള്ളുന്നത്. ഈ അറിവ് സ്കൂളിനും പൊതുസമൂഹത്തിനും ഉതകുന്ന രീതിയിൽ പ്രയോജനപ്പെടുത്താൻ എങ്ങനെ കഴിയും എന്ന അന്വേഷണത്തിന്റെ തുടർച്ചയായാണ് ലിറ്റിൽ കൈറ്റ്സ് എന്ന ആശയം ഉരുത്തിരിയുന്നത്.

വിവരസാങ്കേതികരംഗത്തെ ദൈനംദിനം വരുന്ന മാറ്റങ്ങളും നൂതനസങ്കേതങ്ങളുടെ ഉപയോഗവും പൊതുവിദ്യാഭ്യാസ രംഗത്ത് ഉടനടി പ്രതിഫലിപ്പിക്കുക എന്ന ദൗത്യവുമാണ് ലിറ്റിൽ കൈറ്റ്സ് ഇന്ന് ഏറ്റെടുത്തിരിക്കുന്നത്. ഇത് ലോകത്തിന് തന്നെ മാതൃകയായി കഴിഞ്ഞു.  ലിറ്റിൽ കൈറ്റ്സ് ആരംഭിച്ച്  ആറ് വർഷം പിന്നിടുമ്പോൾ പ്രവർത്തനവൈവിധ്യം കൊണ്ടും പ്രസക്തമായ ഇടപെടൽ കൊണ്ടും ഈ കൂട്ടായ്മ പൊതുസമൂഹത്തിൽ ശ്രദ്ധേയമായിട്ടുണ്ട്.

ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്ക് അവരുടെ താത്പര്യ മേഖലകളിൽ കൂടുതൽ പരിശീലനം ലഭിക്കുമ്പോൾ കിട്ടിയ അറിവിനെ സഹപാഠികളിലേക്കും സമൂഹത്തിലേക്കും  വ്യാപിപ്പിക്കാനും ഇവർക്ക് കഴിയുന്നു. ഒരു അഭിരുചി പരീക്ഷയിലൂടെയാണ് കുട്ടികളെ തെരഞ്ഞെടുക്കുന്നതെങ്കിലും സൂക്ഷ്മമായി പരിശോധിച്ചാൽ ലിംഗഭേദമോ പ്രാദേശികഭേദമോ ഇല്ലാതെ എല്ലാ വിഭാഗം കുട്ടികളേയും ലിറ്റിൽ കൈറ്റ്സ് ഉൾക്കൊള്ളുന്നു. യൂണിസെഫ് പഠനത്തിലൂൾപ്പെടെ ഇത് എടുത്ത് പറഞ്ഞിട്ടുണ്ട്.

മറ്റേതൊരു ശാസ്ത്രസാങ്കേതികമേഖലയും വികസിച്ചതിന്റെയും ജനകീയമായതിന്റെയും ഇരട്ടിയിലധികം വേഗത്തിലാണ് ഐ ടി മേഖല മാറിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ടു തന്നെ ഇതിലെ അരുതായ്ക കൾ തിരിച്ചറിയാൻ സമൂഹത്തിന് അതേ വേഗത്തിൽ കഴിയണമെന്നില്ല. ഈ തിരിച്ചറിവാണ് ലിറ്റിൽ കൈറ്റ്സ് അംഗങ്ങളെ പ്രയോജനപ്പെടുത്തിയുള്ള അമ്മയറിയാൻ എന്ന സാമൂഹികബോധവൽക്കരണ പരിപാടി ഏറ്റെടുക്കാൻ പ്രേരിപ്പിച്ചത്. ഇങ്ങനെ ഓരോ ഘട്ടത്തിലും വിദ്യാലയത്തിന്റെയും സമൂഹത്തിന്റെയും ആവശ്യകതക്ക് അനുസരിച്ച് ലിറ്റിൽ കൈറ്റ്സ് അതിന്റെ



ദൈനംദിന പരിപാടികൾ തയ്യാറാക്കി നടപ്പാക്കുന്നുണ്ട്. 45,000 ക്ലാസ്മുറികൾ ഹൈടെക്കാക്കിയ പദ്ധതിയുടെ പിന്തുണനാപ്രവർത്തനത്തിൽ ഈ ഐടി ക്ലബ്ബ് നിർണ്ണായകപങ്ക് വഹിച്ചുവരുന്നു.

## 1.9 ലക്ഷം കുട്ടികൾക്ക് പരിശീലനം

കേരളത്തിൽ 2000-ത്തോടെ ആരംഭിച്ച ഐടി പഠനം സംബന്ധിച്ച ചർച്ചകൾ, ഐ ടി @ സ്കൂൾ മുഖാന്തരമുള്ള ഇടപെടലുകൾ എന്നിവയിൽ തുടങ്ങിയ പൊതുവിദ്യാഭ്യാസമേഖലയിലെ പ്രവർത്തനങ്ങളാണ് ലിറ്റിൽ കൈറ്റ്സ് എന്ന ശ്രദ്ധേയമായ ക്ലബ്ബുകളുടെ പ്രവർത്തനത്തിൽ എത്തിനിൽക്കുന്നത്. ഐടി പഠനം മെച്ചപ്പെടുത്തുന്നതിനായി ആരംഭിച്ച നൽകുന്നു. പദ്ധതിയുടെ ഭാഗമായി വിദ്യാർഥികൾക്ക് അനിമേഷൻ, പ്രോഗ്രാമിങ്, മൊബൈൽ ആപ്പ് നിർമ്മാണം, ഗ്രാഫിക്സ് ഡിസൈനിങ്, മലയാളം കമ്പ്യൂട്ടിങ്, ഹാർഡ്വെയർ, ഇലക്ട്രോണിക്സ്, റോബോട്ടിക്സ്, വെബ് ടി.വി, സൈബർ സുരക്ഷ എന്നീ മേഖലകളിൽ വിദഗ്ധപരിശീലനം നൽകുന്നുണ്ട്. പരിഷ്കരിച്ച ലിറ്റിൽ കൈറ്റ്സ് പ്രവർത്തനപദ്ധതിയിൽ ഉൾപ്പെടുത്തിയ റോബോട്ടിക് പ്രവർത്തനങ്ങൾക്കായി 9000 റോബോട്ടിക് കിറ്റുകൾ വിദ്യാലയങ്ങളിൽ ലഭ്യമാക്കിക്കഴിഞ്ഞു.

ഈ പ്രവർത്തനങ്ങളുടെ ഗുണവശങ്ങൾ കേരളത്തിലെ മുഴുവൻ കുട്ടികൾക്കും ലഭ്യമാക്കുന്നതിന്റെ ഭാഗമായി 20,000 റോബോട്ടിക് കിറ്റുകൾ കൂടി ചിട്ടപ്പെടുത്താൻ കൈറ്റ് സ്വന്തമായി തയ്യാറാക്കിയ ഓപ്പറേറ്റിംഗ് സിസ്റ്റവും ആപ്ലിക്കേഷനുകളുമാണ് പ്രയോജനപ്പെടുത്തുന്നത്.

കൈറ്റിന്റെ പ്രവർത്തനങ്ങൾക്ക് ജില്ലകളിൽ നേതൃത്വം നൽകുന്ന ഇരുനൂറോളം വരുന്ന മാസ്റ്റർ ട്രെയിനർമാർ, ലിറ്റിൽ കൈറ്റ്സ് പ്രവർത്തിക്കുന്ന വിദ്യാലയങ്ങളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട് പ്രത്യേക പരിശീലനം നേടിയ 4500 കൈറ്റ് മാസ്റ്റർ, മിസ്ട്രസ്മാർ എന്നിവരടങ്ങുന്ന ശക്തമായ ശൃംഖലയാണ് ലിറ്റിൽ കൈറ്റ്സിന്റെ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്നത്. കൈറ്റ് മാസ്റ്റർമാരായ അധ്യാപകരിലൂടെ നേരിട്ട് 60,000 ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും അവരെ ഉപയോഗിച്ച്



സ്റ്റുഡൻറ് ഐടി കോഡിനേറ്റർമാരെ തെരഞ്ഞെടുക്കലും അവർക്ക് നൽകിയ പ്രത്യേകപരിശീലനവും, ചിത്രരചനയിൽ താല്പര്യമുള്ള കുട്ടികളെ ഉൾപ്പെടുത്തി ഓൺലൈനായി സംസ്ഥാനമെമ്പാടും നടത്തിയ ആനിമേഷൻ പരിശീലനം, പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന് ഭാഗമായി ഹൈസ്കൂൾ ക്ലാസുകളിൽ ആരംഭിച്ച ഹായ് സ്കൂൾ കുട്ടിക്കൂട്ടം എന്നീ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തി ലിറ്റിൽ കൈറ്റ്സ് പദ്ധതി 2018 ജനുവരിയിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു. തുടക്കത്തിൽ ഒമ്പത്, പത്ത് ക്ലാസുകളിലെ കുട്ടികളെ മാത്രം ഉൾപ്പെടുത്തി ആരംഭിച്ച പദ്ധതി ഇന്ന് പൊതുവിദ്യാലയങ്ങളിലെ എട്ട്, ഒൻപത്, പത്ത് ക്ലാസുകളിലെ തെരഞ്ഞെടുക്കപ്പെട്ട 1.9 ലക്ഷം കുട്ടികൾക്ക് ഓരോവർഷവും പരിശീലനം വിദ്യാലയങ്ങളിൽ ഈ വർഷം എത്തും.

## റോബോട്ടിക്സ് മുതൽ ആർട്ടിഫിഷൽ ഇന്റലിജൻസ് വരെ

റോബോട്ടിക്സ്, ഐ.ഒ.ടി, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് തുടങ്ങിയ പുതുസാങ്കേതികവിദ്യാ മാതൃകകൾ സ്കൂൾതലത്തിൽത്തന്നെ പരിചയപ്പെടാൻ അവസരമൊരുക്കുകയാണ് ലിറ്റിൽ കൈറ്റ്സ് ക്ലബ്ബുകൾ ചെയ്യുന്നത്. ഇലക്ട്രോണിക്സ് ഉപകരണങ്ങളുടെ പ്രോട്ടോടൈപ്പുകൾ ഡിസൈൻ ചെയ്യാനും ചുറ്റുപാടും കാണുന്ന ഉപകരണങ്ങൾ തയ്യാറാക്കാനും മാത്രമല്ല അവ പ്രവർത്തിക്കുന്നതെങ്ങനെയെന്ന് മനസ്സിലാക്കാനും കുട്ടികൾക്ക് ഈ പരിശീലനങ്ങളിലൂടെ കഴിയുന്നു എന്നതാണ് സവിശേഷത. ഈ പ്രവർത്തനങ്ങൾ എല്ലാം ഹൈസ്കൂൾ ക്ലാസ്സുകളിലെ എല്ലാ കുട്ടികൾക്കും രണ്ടു വർഷത്തിനുള്ളിൽ റോബോട്ടിക് പരിശീലനം നൽകുന്ന പദ്ധതി ആരംഭിച്ചു.

കേരളത്തിലെ 2219 പൊതുവിദ്യാലയങ്ങളിലെ ഹൈസ്കൂൾ വിഭാഗത്തിലാണ് ലിറ്റിൽ കൈറ്റ്സ് പ്രവർത്തിച്ചു വരുന്നത്. കഴിഞ്ഞ അഞ്ച് വർഷമായി 3.5 ലക്ഷം കുട്ടികളാണ് താൽപര്യപൂർവം അംഗങ്ങളാവുകയും പരിശീലനം പൂർത്തിയാക്കുകയും ചെയ്തത്. ഒരു വിജ്ഞാനസമൂഹത്തെ ലക്ഷ്യം വച്ചുള്ള സംസ്ഥാനസർക്കാരിന്റെ ഉദ്യമങ്ങൾക്ക് പിന്തുണയേകും വിധം ലിറ്റിൽ കൈറ്റ്സിന്റെ പ്രവർത്തനം സ്കൂളുകൾക്ക് പുറത്തും സമൂഹത്തിനാകെ പ്രയോജനപ്പെടുത്തുന്ന വിധത്തിൽ ലഭ്യമാക്കാനുള്ള ശ്രമങ്ങളാണ് കൈറ്റ് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. ■



> ലിറ്റിൽ കൈറ്റ്സ് ഇന്ത്യയ്ക്ക് മാത്രമല്ല, അന്തർദേശീയ തലത്തിൽതന്നെ മാതൃകയാക്കാവുന്നതാണെന്ന് യൂണിസെഫ് പഠനറിപ്പോർട്ട്

# കേരളത്തിന്റെ ഡിജിറ്റൽ വിദ്യാഭ്യാസം ആഗോളശ്രദ്ധയിൽ

കേരളത്തിൽ നടപ്പാക്കുന്ന ഡിജിറ്റൽ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ (എഡ്ടെക്) ഇന്ത്യയുടെ മറ്റ് സംസ്ഥാനങ്ങൾക്ക് മാത്രമല്ല, ഇടത്തരം വരുമാനമുള്ള രാജ്യങ്ങൾക്കും വികസിത രാജ്യങ്ങൾക്കും ഒരുപോലെ മാതൃകയാക്കാൻ പര്യാപ്തമാണെന്ന് യൂണിസെഫിന്റെ പഠന റിപ്പോർട്ട്. 'നൈപുണി വികസനത്തിലൂടെ കൗമാരശാക്തീകരണം: ഭാവി മുന്നൊരുക്കത്തോടെ ലിറ്റിൽ കൈറ്റ്സ് - ഒരു പ്രചോദന കഥ' എന്ന തലക്കെട്ടോടുകൂടിയുള്ള പഠന റിപ്പോർട്ട് 2024 ജൂലൈ 7 ന് തിരുവനന്തപുരത്ത് മുഖ്യമന്ത്രി പിണറായി വിജയൻ ഏറ്റുവാങ്ങി. ലിറ്റിൽ കൈറ്റ്സ് പദ്ധതിയുടെ പ്രസക്തിയെപ്പറ്റി ആഗോള -ദേശീയ നൈപുണി വികസന പദ്ധതികളുടെ പശ്ചാത്തലത്തിൽ നടത്തിയ പഠനം തെളിവുകളുടെ അടിസ്ഥാനത്തിൽ പത്ത് നിർദേശങ്ങൾ അവതരിപ്പിക്കുന്നുണ്ട്. വിശദമായ പഠനറിപ്പോർട്ടും സംഗ്രഹവും പ്രത്യേകം പ്രസിദ്ധീകരിച്ചതിൽ ലിറ്റിൽ കൈറ്റ്സ് പദ്ധതിയുടെ ചരിത്രം, കുട്ടികളുടെ തെരഞ്ഞെടുപ്പ്, പ്രവർത്തനം, കുട്ടികളുടെയും അധ്യാപകരുടേയും രക്ഷിതാക്കളുടെയും അഭിപ്രായങ്ങൾ തുടങ്ങിയവയും വിശദമാക്കിയിട്ടുണ്ട്.

## സ്വതന്ത്ര സോഫ്റ്റ്‌വെയറിന്റെ ഉപയോഗം

രാജ്യത്തെ മിക്ക ഭാഗങ്ങളിലും നടക്കുന്ന ഡിജിറ്റൽ വിദ്യാഭ്യാസ പരിപാടികളിൽ ആധിപത്യം പുലർത്തുന്ന ലാഭേച്ഛയുള്ള കോർപ്പറേറ്റുകളെ ആശ്രയിക്കാതെ കൈറ്റ് സ്വന്തമായി രൂപകല്പന ചെയ്ത പദ്ധതി എന്ന നിലയിലും സ്വതന്ത്ര സോഫ്റ്റ്‌വെയറിന്റെ കരുത്ത് അക്കാദമിക രംഗത്ത് ഏറ്റവും ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നു എന്ന കണ്ടെത്തലും ലിറ്റിൽ കൈറ്റ്സ് മാതൃക പിന്തുടരാൻ ആഹ്വാനം ചെയ്യുന്നതാണ് റിപ്പോർട്ട്. യൂറോപ്യൻ രാജ്യമായ ഫിൻലൻഡ് ഇത് നടപ്പാക്കാൻ താല്പര്യം പ്രകടിപ്പിച്ചതും കൈറ്റിലൂടെ സ്വതന്ത്ര സോഫ്റ്റ്‌വെയർ ഉപയോഗിച്ചതുകൊണ്ട് കേരളം 3000 കോടി രൂപ ലാഭിച്ചതും റിപ്പോർട്ട് എടുത്ത് പറയുന്നുണ്ട്.

## കുട്ടികൾ സാങ്കേതികവിദ്യയുടെ നിർമ്മാതാക്കൾ

കേരളത്തെ ഒരു വിജ്ഞാനസമൂഹമായും വിജ്ഞാന സമ്പദ്ഘടനയായും ഉയർത്താൻ ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങൾ ആക്കം കൂട്ടും എന്നതാണ് മറ്റൊരു കണ്ടെത്തൽ. ലിറ്റിൽ കൈറ്റ്സ് പരിപാടിയിൽ പങ്കെടുക്കുന്ന കുട്ടികൾ സാങ്കേതികവിദ്യയുടെ ഉപഭോക്താക്കൾ എന്ന നിലയിൽനിന്നും അവയുടെ നിർമ്മാതാക്കൾ എന്ന നിലയിലേക്ക് മാറിയിട്ടുണ്ടെന്നും സ്റ്റെം (STEM) മേഖലയിൽ പെൺകുട്ടികളുടെ കുറഞ്ഞ പ്രാതിനിധ്യം ഇല്ലാതാക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും റിപ്പോർട്ട് പറയുന്നു. കേരളത്തിൽ സ്വകാര്യസ്കൂളുകളിൽനിന്നും പൊതുവിദ്യാലയങ്ങളിൽ കൂടുതൽ കുട്ടികളെത്താനും ലിറ്റിൽ കൈറ്റ്സ് അവസരമൊരുക്കിയിട്ടുണ്ട്. ലോകത്തിൽ ഏറ്റവും കൂടുതൽ കൗമാര ജനസംഖ്യയുള്ളത് ഇന്ത്യയിലാണ് (25.30 കോടി) എന്നതുകൊണ്ട് തന്നെ ഭാവിനൈപുണികളാൽ അവരെ ശാക്തീകരിക്കാനും ആരും ഒഴിവാക്കപ്പെടുന്നില്ല എന്നുറപ്പാക്കാനും ലിറ്റിൽ കൈറ്റ്സ് പോലുള്ള പദ്ധതികൾ രാജ്യമാകെ നടപ്പാക്കണം.

## കോവിഡ് കാലത്തെ മാതൃക

കോവിഡ് കാലത്ത് രാജ്യത്തെ മറ്റേതൊരു സംസ്ഥാനത്തെയും അപേക്ഷിച്ച് വളരെ ചുരുങ്ങിയ സമയത്തിനുള്ളിൽ അധ്യാപകർക്കും വിദ്യാർഥികൾക്കും ഡിജിറ്റൽ വിദ്യാഭ്യാസത്തിന്റെ ഉയർന്ന പ്രാപ്യത ഉറപ്പാക്കാൻ കേരളത്തിന് കൈറ്റിലൂടെ സാധിച്ചതായി യൂണിസെഫിന്റെ 2020-ലെ കണ്ടെത്തലും റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുണ്ട്.




ചിത്രം: അരുൺ ചന്ദ്രബോസ്, ഐപിആർഡി

യൂണിസെഫ് പഠനറിപ്പോർട്ട് യൂണിസെഫ് പ്രതിനിധികളുടെ സാന്നിധ്യത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഏറ്റുവാങ്ങുന്നു





## റോബോട്ടിക് കിറ്റ്, എഐ പരിശീലനം: രാജ്യത്തെ ഏകമാതൃക

ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകൾ വഴി ലഭ്യമാക്കിയ 9000 റോബോട്ടിക് കിറ്റിലൂടെ 12 ലക്ഷത്തോളം കുട്ടികൾ എ.ഐ, ഐഒടി തുടങ്ങിയ സാങ്കേതികവിദ്യകൾ പഠിക്കുന്നതും 80,000 അധ്യാപകർക്ക് കൈറ്റ് എഐ പരിശീലനം നൽകുന്നതും രാജ്യത്തെ ഏകമാതൃകയായി റിപ്പോർട്ടിൽ പ്രത്യേകം പരാമർശിക്കുന്നുണ്ട്. കേവലം ചില സോഫ്റ്റ്‌വെയറുകൾ പഠിപ്പിക്കുക എന്നതിലുപരി റോബോട്ടിക്സിലും ആർട്ടിഫിഷ്യൽ ഇന്റലിജൻസിലുമെല്ലാം സ്വതന്ത്രമായി പ്രവർത്തിക്കാൻ ലിറ്റിൽ കൈറ്റ്സിലൂടെ കുട്ടികൾക്ക് അവസരം ലഭിക്കുന്നുവെന്നും ഇതിലൂടെ സാങ്കേതിക വിദ്യകളുടെ കേവലം ഉപഭോക്താക്കൾ എന്ന തലത്തിൽ നിന്നും അവയുടെ രൂപകല്പന ചെയ്യുന്നവരും സ്രഷ്ടാക്കളുമായി കുട്ടികൾ മാറുന്നു എന്നും റിപ്പോർട്ട് പറയുന്നു.

## മുഴുവൻ ഹൈസ്കൂളുകളിലും നടപ്പാക്കണം

ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകളുടെ പ്രവർത്തനങ്ങൾക്ക് കൂടുതൽ സമയം അനുവദിക്കുക, മുഴവൻ ഹൈസ്കൂളുകളിലും പദ്ധതി നടപ്പാക്കുക, ഹയർസെക്കൻഡറി തലത്തിലേക്കും പദ്ധതി വ്യാപിപ്പിക്കുക തുടങ്ങിയ നിർദേശങ്ങളും യൂണിസെഫിന്റെ റിപ്പോർട്ടിലുണ്ട്. തദ്ദേശസ്ഥാപനങ്ങളുടെ പങ്കാളിത്തവും കമ്മ്യൂണിറ്റി പ്രോജക്ടുകളിലൂടെ സമൂഹപങ്കാളിത്തവും വർധിപ്പിക്കാനും അതുവഴി പൊതു വിദ്യാഭ്യാസത്തിൽ കൂടുതൽ നിക്ഷേപം കൊണ്ടുവരാനും അവസരമൊരുക്കണമെന്നും യൂണിസെഫ് പഠനം നിർദേശിക്കുന്നു.

## കുട്ടികളുടെ ഡിജിറ്റൽ ഭാവി കെട്ടിപ്പടുക്കുന്നതിന് സഹായകം

അതിജീവിച്ചതും തഴച്ചുവളർന്നുകൊണ്ടേയിരിക്കുന്നതുമാണ് കേരളത്തിലെ ഡിജിറ്റൽ വിദ്യാഭ്യാസ മാതൃക. കേരളത്തിന്റെ ഫലഭൂയിഷ്ഠമായ എഡ്ടെക് മണ്ണിൽ നന്നായി വിതച്ച വിത്താണ് ലിറ്റിൽ കൈറ്റ്സ് എന്നും പൊതുവിദ്യാഭ്യാസത്തിലെ കുട്ടികളുടെ ഡിജിറ്റൽ ഭാവി കെട്ടിപ്പടുക്കുന്നതിന് സർഗാത്മകതയും പ്രശ്നപരിഹാരശേഷിയും വർധിപ്പിക്കാനും നൂതനമായ വഴികളിലൂടെ സ്കൂളുകളെ മാറ്റിയെടുക്കാനും ഇത് സഹായകമായിട്ടുണ്ടെന്നും അടിവരയിട്ടാണ് യൂണിസെഫിന്റെ പഠന റിപ്പോർട്ട് അവസാനിക്കുന്നത്.

റിപ്പോർട്ട് യൂണിസെഫ് വെബ്സൈറ്റിലും (https://www.unicef.org/india/reports/empowering-adolescents-future-ready-skills-study-little-kites-programme ) കൈറ്റ് വെബ്സൈറ്റിലും (https://kite.kerala.gov.in/KITE/index.php/welcome/wedo/3) ലഭ്യമാണ്.■

എട്ടു മുതൽ 12 വരെ ക്ലാസുകളിൽ
പഠിപ്പിക്കുന്ന 80,000 അധ്യാപകർക്ക്
കൈറ്റിന്റെ നേതൃത്വത്തിൽ പ്രായോഗിക പരിശീലനം




# 80,000 അധ്യാപകർക്കായി എ.ഐ. പരിശീലനം

ഇന്ത്യയിൽ ആദ്യമായി ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ (എ.ഐ.) സാധ്യതകൾ പൊതുവിദ്യാഭ്യാസ മേഖലയിൽ ഫലപ്രദമായി പ്രയോജനപ്പെടുത്താൻ എട്ടു മുതൽ പന്ത്രണ്ടുവരെ ക്ലാസുകളിൽ പഠിപ്പിക്കുന്ന 80,000 അധ്യാപകർക്ക് കൈറ്റിന്റെ നേതൃത്വത്തിൽ മൂന്നു ദിവസത്തെ പ്രായോഗിക പരിശീലനം മെയ് 2 മുതൽ നൽകിവരുന്നു.

എ.ഐ. ഉപയോഗിച്ച് ഡോക്യുമെന്റുകളെ (പി.ഡി.എഫ്, ചിത്രം, വീഡിയോ ഉൾപ്പെടെ) ലളിതമായ ഭാഷയിൽ



മാറ്റാനും ആശയം ചോരാതെ ഉള്ളടക്കം സംഗ്രഹിക്കാനും പുതിയവ തയ്യാറാക്കാനും സഹായകമാകുന്ന 'സമ്മറൈസേഷൻ' (Summarisation) സങ്കേതങ്ങൾ ആണ് ആദ്യഭാഗത്ത്. വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട ചിത്രങ്ങൾ തയ്യാറാക്കാനും എഡിറ്റ് ചെയ്യാനും അവയെ കാർട്ടൂണുകൾ, പെയിന്റിങ്ങുകൾ എന്നിങ്ങനെ മാറ്റാനും ചിത്രങ്ങളോടൊപ്പം ഉള്ളടക്കം കൂട്ടിച്ചേർക്കാനും കഴിയുന്ന 'ഇമേജ് ജനറേഷൻ' ആണ് രണ്ടാം ഭാഗം.

എ.ഐ. ടൂളുകൾ ഉപയോഗിക്കുമ്പോൾ ഏറ്റവും പ്രധാനമായി ശ്രദ്ധിക്കേണ്ട പ്രോംപ്റ്റുകൾ കൃത്യമായി നൽകാൻ സഹായിക്കുന്ന 'പ്രോംപ്റ്റ് എഞ്ചിനീയറിങ്ങ്' ആണ് പരിശീലനത്തിന്റെ മൂന്നാം ഭാഗം. നിർമ്മിത ബുദ്ധിയുടെ ഉപയോക്താക്കൾ മാത്രമല്ല അവ പ്രോഗ്രാം വഴി എങ്ങനെ തയ്യാറാക്കുന്നു എന്ന് സ്വയം പരിശീലിക്കാൻ അധ്യാപകർക്ക് അവസരം നൽകുന്ന 'മെഷീൻ ലേണിങ്ങ്' ആണ് പരിശീലനത്തിന്റെ നാലാം ഭാഗം.

എ.ഐ. ഉപയോഗിച്ച് പ്രസന്റേഷനുകൾ, അനിമേഷനുകൾ തുടങ്ങിയവ തയ്യാറാക്കാനും ലിസ്റ്റുകൾ, പട്ടികകൾ, ഗ്രാഫുകൾ, ചാർട്ടുകൾ തുടങ്ങിയവ നമ്മുടെ ആവശ്യത്തിനനുസരിച്ച് നിർമ്മിക്കാനും, കസ്റ്റമൈസ് ചെയ്യാനും അഞ്ചാം ഭാഗത്തും പരിചയപ്പെടുന്നു. ആറാം ഭാഗം മൂല്യ നിർണയത്തിന് എ.ഐ. സങ്കേതങ്ങൾ ഉപയോഗിക്കുന്നതിനെക്കുറിച്ചാണ്. അധ്യാപകർക്ക് യൂണിറ്റ് ടെസ്റ്റുകൾ മുതൽ വിവിധ ചോദ്യമാതൃകകൾ തയ്യാറാക്കാൻ ഇതിലൂടെ അവസരം ലഭിക്കും. നിർമ്മിതബുദ്ധിയുടെ ഉത്തരവാദിത്വത്തോടെയുള്ള ഉപയോഗം (Responsible AI) തിരിച്ചറിയാൻ അധ്യാപകരെ പര്യാപ്തമാക്കി നടത്തുന്ന പരിശീലനത്തിന്റെ അവസാനഭാഗത്ത് സ്വന്തം അവതാർ നിർമ്മിച്ച് ഡീപ്ഫേക്ക് എന്താണെന്ന് മനസ്സിലാക്കാനും, സ്വകാര്യത, അൽഗൊരിതം പക്ഷപാതിത്വം (Bias) തുടങ്ങിയവ മനസ്സിലാക്കാനും അധ്യാപകർക്ക് അവസരം ലഭിക്കുന്നു.

എ.ഐ. ടൂളുകൾ ഉപയോഗിക്കുമ്പോൾ സ്വകാര്യത ഉറപ്പാക്കാൻ അധ്യാപകർക്ക് കൈറ്റ് നൽകിയ ജി-സ്യൂട്ട് അക്കൗണ്ടുകൾ ഉപയോഗിക്കും. കൈറ്റിന്റെ വിദഗ്ധസമിതി പരിശോധിച്ച് നിർദേശിക്കുന്ന എ.ഐ. ടൂളുകളാണ് പരിശീലനത്തിന് ഉപയോഗിക്കുന്നത്. ഓരോ കുട്ടിക്കും അനുയോജ്യമായ വിധത്തിൽ പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും റിസോഴ്സുകൾ ഭിന്നശേഷി സൗഹൃദമായി പരുവപ്പെടുത്താനും പരിശീലനം വഴി അധ്യാപകർക്ക് അവസരം ലഭിക്കുന്നുണ്ട്. ■

**എ.ഐ. ഉപയോഗിച്ച് ഡോക്യുമെന്റുകളെ ലളിതമായ ഭാഷയിൽ മാറ്റാനും ആശയം ചോരാതെ ഉള്ളടക്കം സംഗ്രഹിക്കാനും പുതിയവ തയ്യാറാക്കാനും സഹായകമാകുന്ന 'സമ്മറൈസേഷൻ' സങ്കേതങ്ങൾ ആണ് ആദ്യഭാഗത്ത്**

ഫാക്ട് ചെക്കിങ്ങ് പാഠപുസ്തകത്തിൽ ബ്രിട്ടനു മുമ്പേ നടപ്പാക്കി കേരളം

# വ്യാജവാർത്തകൾ തിരിച്ചറിയാം



ഓൺലൈൻ വഴി പ്രചരിക്കുന്ന വ്യാജവാർത്തകൾ തിരിച്ചറിയാനും 'ഫാക്ട് ചെക്കിങ്ങിന്' കുട്ടികളെ പര്യാപ്തമാക്കാനും ലക്ഷ്യമിടുന്ന ഉള്ളടക്കം കേരളത്തിലെ 5, 7 ക്ലാസുകളിലെ പുതിയ ഐ.സി.ടി. പാഠപുസ്തകങ്ങളുടെ ഭാഗമായി. ബ്രിട്ടനിലെ പ്രൈമറി പാഠ്യപദ്ധതിയിൽ ഇതുൾപ്പെടുത്തുമെന്ന വാർത്ത പുറത്തുവന്നിരുന്നു.

നേരത്തെ 2022-ൽ 'സത്യമേവ ജയതേ' പദ്ധതിയുടെ ഭാഗമായി അഞ്ചു മുതൽ പത്തു വരെ ക്ലാസുകളിലെ 19.72 ലക്ഷം കുട്ടികൾക്ക് വ്യാജവാർത്തകൾ പ്രതിരോധിക്കാനുള്ള പ്രത്യേക ഡിജിറ്റൽ സാക്ഷരതാ പരിശീലനം കൈറ്റിന്റെ നേതൃത്വത്തിൽ നടന്നിരുന്നു. 5920 പരിശീലകരുടെ സഹായത്തോടെയാണ് 9.48 ലക്ഷം യു.പി. കുട്ടികൾക്കും 10.24 ലക്ഷം ഹൈസ്കൂൾ കുട്ടികൾക്കും രാജ്യത്താദ്യമായി പരിശീലനം നൽകിയത്. ഇന്റർനെറ്റ് നിത്യജീവിതത്തിൽ, സോഷ്യൽ മീഡിയയ്ക്ക് നമ്മെ വേണം, സോഷ്യൽ മീഡിയയിലെ ശരിയും തെറ്റും, വ്യാജവാർത്തകളുടെ വ്യാപനം എങ്ങനെ തടയാം എന്നിങ്ങനെ നാല് മേഖലകളിലായിരുന്നു രണ്ടര മണിക്കൂർ ദൈർഘ്യമുള്ള പരിശീലനം.

'സത്യമേവ ജയതേ'യുടെ അനുഭവം ഉൾക്കൊണ്ടുകൊണ്ടാണ് പുതിയ ഐ.സി.ടി. പാഠപുസ്തകത്തിൽ വ്യാജവാർത്തകളും








ദുരുദ്ദേശ്യത്തോടെയുള്ള ഉള്ളടക്കങ്ങളും തിരിച്ചറിയാൻ കുട്ടികളെ പര്യാപ്തമാക്കുന്ന അദ്ധ്യായങ്ങൾ ഉൾപ്പെടുത്തിയത് . അടുത്ത വർഷം 6, 8, 9, 10 ക്ലാസുകളിലെ ഐ.സി.ടി. പാഠപുസ്തകങ്ങൾ മാറുമ്പോൾ ഈ രംഗത്തെ ഏറ്റവും പുതിയ വിവരങ്ങൾ കൂടി അതിലുൾപ്പെടുത്തും. വ്യാജവാർത്തകൾ തിരിച്ചറിയാനും ആധികാരികത ഉറപ്പാക്കാനും മാത്രമല്ല സ്ക്രീൻ സമയം നിയന്ത്രിക്കാനുമുള്ള കാര്യങ്ങൾ അഞ്ചാം ക്ലാസിലെ 'ഇന്റർനെറ്റിൽ തിരയുമ്പോൾ' എന്ന അധ്യായത്തിലുണ്ട്. ഏഴാം ക്ലാസിലെ 'തിരയാം, കണ്ടെത്താം' എന്ന അധ്യായത്തിലും ലഭിക്കുന്ന വിവരങ്ങളുടെ ആധികാരികത ഉറപ്പാക്കുന്നതും തെറ്റായ വിവരങ്ങൾ പ്രചരിപ്പിക്കുന്നതും പങ്കുവെയ്ക്കുന്നതും കുറ്റകരമാണെന്നതും വിശദീകരിക്കുന്നുണ്ട്. ലഭിക്കുന്ന വിവരങ്ങൾ മറ്റുള്ളവർക്ക് പങ്കുവെയ്ക്കുന്നതിനു മുമ്പ് ശ്രദ്ധിക്കേണ്ട കാര്യങ്ങളും ഇത്തരം വിവരങ്ങൾ നൽകുന്നവരെ അവയുടെ ഭവിഷ്യത്ത് ബോധ്യപ്പെടുത്താൻ ശ്രമിക്കേണ്ടതിനെക്കുറിച്ചും ഉള്ളടക്കങ്ങളുടെ പകർപ്പവകാശത്തെക്കുറിച്ചും പാഠപുസ്തകത്തിലുണ്ട്. ഏഴാം ക്ലാസിലെ പുതിയ ഐ.സി.ടി. പാഠപുസ്തകത്തിലാണ് രാജ്യത്താദ്യമായി നാല് ലക്ഷം കുട്ടികൾക്ക് എ.ഐ. പഠനത്തിന് അവസരം നൽകിയിട്ടുള്ളത്.■

കുട്ടിയുടെ സ്വയംപഠനത്തിനും സ്വയംവിലയിരുത്തലിനും സഹായിക്കുന്ന തരത്തിൽ കുട്ടികൾക്കുള്ള പ്രത്യേക 'പഠനമുറി' സംവിധാനമാണ് സമഗ്ര പ്ലസിലെ സവിശേഷത

# സമഗ്ര പ്ലസ് പോർട്ടൽ

പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായി 'സമഗ്ര' പോർട്ടലിന്റെ പരിഷ്കരിച്ച രൂപമായ കൈറ്റ് തയ്യാറാക്കിയ 'സമഗ്ര പ്ലസ്' പോർട്ടൽ സജ്ജമായി. പുതിയ പാഠപുസ്തകങ്ങൾക്കനുസരിച്ച് 5, 7, 9 ക്ലാസുകളിലേക്കുള്ള ഡിജിറ്റൽ വിഭവങ്ങളാണ് സമഗ്ര പ്ലസിൽ പുതുതായി ഉൾപ്പെടുത്തിയിട്ടുള്ളത്. മറ്റു ക്ളാസ്സുകളിൽ നിലവിലുള്ള സമഗ്ര ഉള്ളടക്കം ഉപയോഗിക്കാം.

ക്ലാസ് റൂമിലെ പഠനപ്രക്രിയയിൽ അധ്യാപകരെ സഹായിക്കുന്ന പോലെതന്നെ കുട്ടിയുടെ സ്വയംപഠനത്തിനും സ്വയംവിലയിരുത്തലിനും സഹായിക്കുന്ന തരത്തിൽ കുട്ടികൾക്കുള്ള പ്രത്യേക 'പഠനമുറി' (Learning Room) സംവിധാനമാണ് സമഗ്ര പ്ലസിലെ സവിശേഷത. കുട്ടിക്ക് കൈത്താങ്ങ് നൽകാൻ രക്ഷിതാക്കളെക്കൂടെ സഹായിക്കുന്ന വിധത്തിലാണ് സമഗ്രപ്ലസിലെ പ്രവർത്തനങ്ങളും ഡിജിറ്റൽ വിഭവങ്ങളും തയ്യാറാക്കിയിട്ടുള്ളത്.

ഭാഷാ വിഷയങ്ങൾക്കായി പാഠഭാഗങ്ങളുടെ ശബ്ദലേഖനങ്ങൾ (Podcast) സംവിധാനവും ഉൾപ്പെടുത്തിയിട്ടുണ്ട്. പഠന ലക്ഷ്യം കൈവരിക്കാൻ കുട്ടിയെ സഹായിക്കുന്ന വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ, ഇതിന് ഓരോന്നിനും ആവശ്യമായ ചിത്രങ്ങൾ, ഓഡിയോ, വീഡിയോ, പ്രസന്റേഷനുകൾ, ഇന്ററാക്ടീവ് വിഭവങ്ങൾ, വർക്ക്ഷീറ്റുകൾ എന്നിവ അധ്യാപകരുടെ



ലോഗിനിൽ ലഭ്യമാണ്. ഇതിനു പുറമേ കുട്ടിയെ വിലയിരുത്തി നിരന്തര പിന്തുണ നൽകുന്നതിനുള്ള സൂചകങ്ങളും, തുടർ പഠനപ്രവർത്തനങ്ങൾക്കുള്ള വിഭവങ്ങളും, ചോദ്യബാങ്കുകളും സമഗ്രപ്ലസിൽ അധ്യാപകർക്ക് ലഭിക്കും.

2017 മുതലുള്ള എസ്.എസ്.എൽ.സി ചോദ്യങ്ങളും അവയുടെ ഉത്തരസൂചകങ്ങളും ചോദ്യബാങ്കിൽ ഉൾപ്പെടുത്തി കുട്ടികൾക്കും പൊതുജനങ്ങൾക്കും ഉപയോഗിക്കാവുന്ന രീതിയിൽ പോർട്ടലിൽ ലഭ്യമാക്കിയിട്ടുണ്ട്. പഠനലക്ഷ്യങ്ങൾ പഠനാശയങ്ങളായി തിരിച്ച്, ഇവ പ്രക്രിയാബന്ധിതമായി കുട്ടികളിലേക്ക് എത്തിക്കുന്ന ചെറുവീഡിയോകളും കുട്ടികളുടെ പഠനമുറിയിൽ ലഭ്യമാക്കിയിട്ടുണ്ട്. ഒന്നു മുതൽ പന്ത്രണ്ടുവരെ ക്ലാസുകളിലേക്കുള്ള മുഴുവൻ പാഠപുസ്തകങ്ങളും സമഗ്ര പ്ലസ് പോർട്ടലിൽ ലഭ്യമാണ്. www.samagra.kite.kerala.gov.in ആണ് പോർട്ടലിന്റെ വിലാസം. ■

സുനിൽകുമാർ എം.എൻ
ഐ&പിആർഡി

പൊതുവിദ്യാലയങ്ങളിലെ വിദ്യാർഥികളിലുദിക്കുന്ന ആശയങ്ങൾ ഈ നാടിന്റെ ഭാവിയെ പുതിയ തലങ്ങളിലേക്ക് എത്തിക്കാൻ പ്രാപ്തമാണെന്ന് വ്യക്തമാക്കുന്നതായിരുന്നു എറണാകുളത്ത് നടന്ന ലിറ്റിൽ കൈറ്റ്സ് ക്യാമ്പ്.

# നൂതനാശയങ്ങളുടെ പട്ടം പറത്തുന്നവർ




സംസാരിക്കാനും കേൾക്കാനും ബുദ്ധിമുട്ടുള്ളവർ ഉപയോഗിക്കുന്ന ആംഗ്യഭാഷ മനസ്സിലാക്കുവാനായി ഒരു പ്ലാറ്റ്ഫോം വികസിപ്പിച്ചിരിക്കുകയാണ് കോഴിക്കോട് ചക്കാലക്കൽ ഹയർ സെക്കൻഡറി സ്കൂളിലെ പത്താം ക്ലാസ് വിദ്യാർഥി അഫാൻ സാജിത്. ആംഗ്യഭാഷയിലെ അക്ഷരം ഏതാണെന്ന് തിരിച്ചറിഞ്ഞ് കംപ്യൂട്ടർ ഡിസ്പ്ലേ കാണാനാകും. നിർമ്മിതബുദ്ധിയും മെഷീൻ ലേണിങ്ങും ഉപയോഗിച്ചാണ് പ്ലാറ്റ്ഫോം വികസിപ്പിരിക്കുന്നത്. ആംഗ്യഭാഷയിലൂടെ അവതരിപ്പിക്കുന്ന അക്ഷരങ്ങൾ കൂട്ടിച്ചേർത്ത് പൂർണ്ണമായ ടെക്സ്റ്റായി സ്ക്രീനിൽ കാണാം. അതായത് ആംഗ്യഭാഷ മനസ്സിലാകാത്ത വ്യക്തിക്ക് ടെക്സ്റ്റ് രൂപത്തിൽ ആംഗ്യഭാഷ വായിച്ചെടുക്കാം.



ചിത്രം: അരുൺ ചന്ദ്രബോസ്, ഐപിആർഡി

**കാഴ്ചവൈകല്യമുള്ള വ്യക്തികൾക്ക് സഞ്ചാരം അനായാസമാക്കുന്ന എഐ കണ്ണട, ചിത്രം വരയ്ക്കാനുള്ള സിഎൻസി മെഷീൻ തുടങ്ങി നിരവധി നൂതനമായ ആശയങ്ങളും ഉൽപന്നങ്ങളുമായാണ് വിദ്യാർഥികൾ ക്യാംപിൽ എത്തിയത്**

മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട നിരവധി പ്രശ്നങ്ങൾ നമ്മുടെ നാട് നേരിട്ടുവരികയാണ്. കായംകുളം ഗവ. ടെക്നിക്കൽ ഹൈസ്കൂളിലെ ശ്രീഹരി മാലിന്യസംസ്കരണത്തിൽ വിപ്ലവം സൃഷ്ടിക്കാവുന്ന ഉൽപന്നവുമായാണ് എത്തിയിരിക്കുന്നത്. ഓട്ടോമാറ്റിക് വേസ്റ്റ് സെഗ്രിഗേറ്റർ - മാലിന്യത്തിൽ നിന്ന് പ്ലാസ്റ്റിക്, പേപ്പർ, മെറ്റൽ എന്നിവ വേർതിരിച്ച് പ്രത്യേകം ബിന്നുകളിലാക്കും. നിർമ്മിതബുദ്ധിയുടെയും മെഷീൻ ലേണിങ്ങിന്റെയുമൊക്കെ സഹായത്തോടെ മാലിന്യക്കൂമ്പാരത്തിൽ നിന്ന് ഓരോ മാലിന്യത്തെയും പ്രത്യേകം എടുത്ത് വേർതിരിക്കുന്നു.

അഷ്ടമിച്ചിറ ജിഎച്ച്എസ്എസിലെ പത്താം ക്ലാസ് വിദ്യാർഥി ആമിർ റാസ എനി ടൈം ഷോപ്പിംഗ് എന്ന നൂതനാശയവുമായാണെത്തിയത്. മൊബൈൽ ആപ്പ് വഴി ഓർഡർ ചെയ്യുന്ന സാധനങ്ങൾ കടയിൽ വെച്ചിരിക്കുന്ന കണ്ടെയ്നറിലേക്ക് നിറയുകയും നമുക്കിഷ്ടമുള്ള സമയത്ത് കടയിൽ ചെന്ന് സാധനങ്ങൾ ശേഖരിക്കുകയും ചെയ്യാം.

കാഴ്ചവൈകല്യമുള്ള വ്യക്തികൾക്ക് സഞ്ചാരം അനായാസമാക്കുന്ന എഐ കണ്ണട, ചിത്രം വരയ്ക്കാനുള്ള സിഎൻസി മെഷീൻ തുടങ്ങി നിരവധി നൂതനമായ ആശയങ്ങളും ഉൽപന്നങ്ങളുമായി ഈ വിദ്യാർഥികൾ എത്തിയത് ഓഗസ്റ്റ് 23 ന് കൊച്ചി ഇടപ്പള്ളിയിലുള്ള കൈറ്റിന്റെ റീജിയണൽ സെന്ററിൽ നടന്ന ലിറ്റിൽ കൈറ്റ്സ് ക്യാംപിലാണ്.

ലിറ്റിൽ കൈറ്റ്സിന്റെ ഭാഗമായതോടെ സാങ്കേതിക വിദ്യാപരിശീലനത്തിന്റെ അതിരുകളില്ലാത്ത വാതായനങ്ങളാണ് തുറന്നു കിട്ടിയതെന്ന് സംസ്ഥാന ക്യാംപിൽ പങ്കെടുക്കാനെത്തിയ വിദ്യാർഥികൾ സാക്ഷ്യപ്പെടുത്തുന്നു. എട്ടാം ക്ലാസിലാണ് ലിറ്റിൽ കൈറ്റ്സിൽ ചേരുന്നതെന്നും നിരവധി ക്യാംപുകളിൽ പങ്കെടുക്കാനും ഉപകരണങ്ങൾ ഉപയോഗിച്ച് പല പരീക്ഷണങ്ങൾ നടത്താൻ കഴിഞ്ഞെന്നും ആംഗ്യഭാഷയുടെ പ്ലാറ്റ്ഫോം അവതരിപ്പിച്ച അഫാൻ സാജിത് പറയുന്നു. അധ്യാപകരും മികച്ച പിന്തുണയാണ് നൽകുന്നത്. ക്യാംപിൽ പങ്കെടുക്കാനുള്ള അവസരവും ഏറെ വിലപ്പെട്ടതാണ്. കൂടുതൽ പരീക്ഷണങ്ങൾക്കായി തയാറെടുക്കുകയാണ് അഫാൻ.

സെന്റ് തോമസ് ഹയർ സെക്കൻഡറി സ്കൂളിലെ പത്താം ക്ലാസ് വിദ്യാർഥി ബർണാഡ് ജോഷി എട്ടാം ക്ലാസിലാണ് ലിറ്റിൽ കൈറ്റ്സിൽ പ്രവേശിക്കുന്നത്. സ്കൂളിൽ നിന്ന് മികച്ച പിന്തുണ ലഭിക്കുന്നു. കൂടാതെ അഡിനോ ബോർഡ് പോലുള്ള ബേസിക് ഉപകരണങ്ങൾ ഉപയോഗിക്കാനും അവസരം ലഭിച്ചു.■

‘ലിറ്റിൽ കൈറ്റ്സ്” പ്രവർത്തനത്തിനു സംസ്ഥാനതലത്തിൽ രണ്ടാം സ്ഥാനം നേടിയ കോട്ടൺഹിൽ സ്കൂളിൽ ലിറ്റിൽ കൈറ്റ്സ് കുട്ടികൾ



# സഫലമാവുന്ന സ്വപ്നങ്ങൾ

ലിറ്റിൽ കൈറ്റ്സിൽ വന്നശേഷം ഞങ്ങളുടെ കഴിവുകൾ മനസ്സിലാക്കാനും ഒത്തിരി സ്വപ്നങ്ങൾ സഫലമാക്കാനും സാധിക്കുന്നുണ്ട്. എനിക്ക് മാത്രമല്ല, കൂട്ടുകാർക്കും ' - തിരുവനന്തപുരം കോട്ടൺഹിൽ ഗേൾസ് സ്കൂളിലെ വിദ്യാർഥി തങ്കലക്ഷ്മി എസ്. ആറിന്റെ വാക്കുകളാണ്. പഠിക്കാൻ ആഗ്രഹിച്ച റോബോട്ടിക്സ്, AI എന്നീ വളർന്നു വരുന്ന സാങ്കേതികവിദ്യകൾ പഠിക്കാനും അത് സഹപാഠികളിലേക്ക് പകരാനും ലിറ്റിൽ കൈറ്റ്സ് സഹായിച്ചതായും തങ്കലക്ഷ്മി പറയുന്നു.

'ലിറ്റിൽ കൈറ്റ്സ് ' പ്രവർത്തനത്തിനു സംസ്ഥാനതലത്തിൽ രണ്ടാം സ്ഥാനം നേടിയ കോട്ടൺഹിൽ സ്കൂളിൽ ലിറ്റിൽ കൈറ്റ്സ് നടപ്പിലാക്കിയ വ്യത്യസ്തമായ പഠനസൗകര്യങ്ങൾ, വിദ്യാർഥികളുടെ നൂതന സാങ്കേതികവിദ്യകളിലെ കഴിവുകളുടെയും വളർച്ചയ്ക്ക് സഹായകരമായി മാറിയെന്ന് കുട്ടികളും അധ്യാപകരും ഒരുപോലെ സാക്ഷ്യപ്പെടുത്തും. ലിറ്റിൽ കൈറ്റ്സിലൂടെ സ്മാർട്ട് ബ്ലൈൻഡ് സ്റ്റിക് മുതൽ ഓൺലൈൻ ഗെയിമിംഗ് ഡിസൈൻ വരെ നീണ്ടുനിൽക്കുന്ന സ്കൂളിലെ കുട്ടികളുടെ മികവ്. 'റോബോട്ടിക് മേഖലയിൽ ജലാശയങ്ങളിലെ മാലിന്യം നീക്കം ചെയാനുള്ള റോബോട്ടിക് ആംസ്, സ്മാർട്ട് ബ്ലൈൻഡ് സ്റ്റിക്ക് എന്നിവ ഏറെ കൗതുകം സൃഷ്ടിച്ചിരുന്നു. തിങ്കിങ്ങ് സെൻസർ, നാവിഗേഷണൽ സെൻസർ, ക്യാമറ എന്നീ സാങ്കേതിക വിദ്യകൾ റോബോട്ടിലുണ്ട്. കാഴ്ചയില്ലാത്ത ആളുകൾക്ക് സൗകര്യപ്രദമായ പിന്തുണ നൽകുന്ന സ്മാർട്ട് ബ്ലൈൻഡ് സ്റ്റിക്ക് 'അൾട്രാ സോണിക് സെൻസർ'കൊണ്ട് പ്രവർത്തിക്കുന്നു. ചുറ്റുപാട് ഉള്ള തടസ്സങ്ങൾ, കുഴികൾ തുടങ്ങിയവയെപ്പറ്റി സജീവശബ്ദങ്ങളുടെ അടിസ്ഥാനത്തിൽ ഉപയോക്താവിനെ മുന്നറിയിപ്പ് നൽകുന്നു. വിദ്യാർഥികൾ നിർമ്മിച്ച റെയിൽവേ ക്രാക്ക് ഡിറ്റക്ടർ റോബോട്ട് താപ സെൻസറുകൾ, പീക്ക്-ടു-വാലി സെൻസറുകൾ എന്നിവ ഉപയോഗിച്ച് റെയിൽവേപാതകളിലെ പൊട്ടലുകൾ കണ്ടെത്തി സുരക്ഷിതത്വം വർധിപ്പിക്കാൻ ഉതകുന്നവയാണ്. കോട്ടൺഹിൽഡിലൈറ്റ്സ്" എന്നയൂട്യൂബ് ചാനലും, 'സ്കൂൾ ആപ്പ് ', 'സ്കൂൾ വിക്കി', എന്നീ പരിപാടികളും ഏറെ ആകർഷകമാണ്. സ്കൂളിലെ വിദ്യാർഥികൾക്ക് ലിറ്റിൽ കൈറ്റ്സിലൂടെ ലഭിച്ച അറിവ് ‘ അയൽക്കൂട്ടങ്ങളിലൂടെയും മറ്റുമായി നാട്ടിൽ മറ്റു കുട്ടികൾക്ക് പകർന്നുകൊടുക്കുന്ന പരിപാടിയും സ്കൂൾ ആവിഷ്കരിച്ചിട്ടുണ്ട്.

അമിന റോഷ്നി, ഇ, രേഖ ബി എന്നി അധ്യാപകരുടെ നേതൃത്വത്തിലുള്ള കൈറ്റ്സ് ടീം വിദ്യാർഥികളുടെ കഴിവുകൾ തെളിയിക്കാനും പ്രവർത്തനങ്ങൾ രസകരമായി കൊണ്ടുപോകാനും ഒപ്പമുണ്ട്. ഓഫീസ് പ്രവർത്തനങ്ങൾ ഉൾപ്പെടെ എല്ലാത്തിലും കുട്ടികളെ പങ്കാളികളാക്കിയാണ് പവർത്തനങ്ങൾ. സ്കൂളിൽനിന്നു പഠിക്കുന്നതിനപ്പുറം ജീവിതത്തിൽ ആവശ്യമായ പല പ്രായോഗിക അറിവുകളും കൈറ്റ്സിലൂടെ നേടാനാവുന്നുവെന്നാണ് ഉമ എസ് എന്ന വിദ്യാർഥിനിയുടെ അഭിപ്രായം.

'ലിറ്റിൽ കൈറ്റ്സിന്റെ ടെക്ക് ഫെസ്റ്റ്, ഇന്റർസ്കൂൾ, ഇന്റർ കൊളീജിയറ്റ് പരിപാടികളിൽ സ്കൂൾ മികച്ച പ്രകടനം കാഴ്ചവച്ചിരുന്നു പുരസ്കാരങ്ങളും നേടി. മത്സരങ്ങളിൽ എഞ്ചിനീയറിങ്ങ് കോളേജുകളിൽനിന്നുള്ള വിദ്യാർഥികളെപ്പോലും അതിശയിപ്പിക്കുന്ന പ്രകടനം നടത്താൻ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് ടീമിന് കഴിഞ്ഞതിലുള്ള അഭിമാനമാണ് പ്രിൻസിപ്പൽ ഹെഡ്മിസ്ട്രെസ്സ് ഗീത ജിയുടേതുള്ളത്.

നൂതനാശയങ്ങൾ പ്രാവർത്തികമാക്കാൻ ഉത്സാഹഭരിതരായ ഈ 'ലിറ്റിൽ കൈറ്റ്സ് കുട്ടികൾ നമ്മുടെ പൊതുവിദ്യാഭ്യാസത്തിന്റെ പ്രതീക്ഷയുണർത്തുന്ന ഭാവിയിലേക്ക് വിരൽചൂണ്ടുന്നു. ■

ഡോ. അദീല അബ്ദുള്ള, ഐഎഎസ്
കൃഷി വകുപ്പ് ഡയറക്ടർ



കാർഷികമേഖലയിലെ രാജ്യത്തെ തന്നെ ആദ്യത്തെ സംയോജിത പോർട്ടലാണ് കതിർ

# കതിർ' ആപ്പ് കാർഷിക സേവനങ്ങൾ ഇനി ഒരു കുടക്കീഴിൽ




കർഷകർ, കാർഷികസംരംഭകർ, യുവാക്കൾ, എഫ്.പി.ഒ.കൾ (കർഷക ഉൽപാദക സംഘടനകൾ), കേരളത്തിലെ കാർഷിക മേഖലയിൽ ഏർപ്പെട്ടിരിക്കുന്ന മറ്റുള്ളവർ എന്നിവരുൾപ്പെടെ വൈവിധ്യമാർന്ന കാർഷിക പങ്കാളികളെ സഹായിക്കുന്നതിന് രൂപകല്പന ചെയ്തിട്ടുള്ള നൂതനവും സമഗ്രവുമായ ഓൺലൈൻ പ്ലാറ്റ്ഫോമാണ് കതിർ (KATHIR- കേരള അഗ്രിക്കൾച്ചർ ടെക്നോളജി ഹബ്ബ് ആൻഡ് ഇൻഫർമേഷൻ റെപ്പോസിറ്ററി) ആപ്. കേരള സർക്കാർ കാർഷികവികസന കർഷകക്ഷേമ വകുപ്പിന്റെ സംരംഭമായ കതിർ/KKH നിരവധി സേവനങ്ങളിലൂടെ കാർഷിക ഉൽപാദനക്ഷമതയും കാര്യക്ഷമതയും വർധിപ്പിക്കാൻ ലക്ഷ്യമിടുന്നു. കാർഷികപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും കാലാവസ്ഥയുമായി ബന്ധപ്പെട്ട അപകടസാധ്യതകൾ ലഘൂകരിക്കുന്നതിനും നിർണ്ണായകമായ തത്സമയ കാലാവസ്ഥാ അപ്ഡേറ്റുകൾ കതിർ നൽകുന്നു. കൂടാതെ കീടങ്ങളുടെയും രോഗങ്ങളുടെയും മുന്നറിയിപ്പുകളും കാർഷിക ഉപദേശങ്ങളും കർഷകർക്ക് നൽകുന്നു. മണ്ണിന്റെ ആരോഗ്യവും വിളകളുടെ വളർച്ചയും ഉറപ്പാക്കുന്നതിനും, മണ്ണ് പരിശോധന, പോഷക മാനേജ്മെന്റ് എന്നിവയെക്കുറിച്ചുള്ള വിദഗ്ധ ഉപദേശങ്ങളും ഈ ആപ്പിൽ ഉൾപ്പെടുന്നു. ഈ സവിശേഷതകൾക്ക് പുറമേ, സർക്കാർ പദ്ധതികളെയും സബ്സിഡികളെയും കുറിച്ചുള്ള ആധികാരിക വിവരങ്ങളും ലഭിക്കും.

വിപണിയിലെ വില സംബന്ധമായ വിവരങ്ങൾ, ജൈവ സർട്ടിഫിക്കേഷൻ, വിവിധ വിളകൾക്കുള്ള സമഗ്ര പാക്കേജ് ഓഫ് പ്രാക്ടീസസ് (പി ഒ പി), മൂല്യവർധിത ഉൽപന്നങ്ങളിൽ പരിശീലനം എന്നിവ വാഗ്ദാനം ചെയ്തുകൊണ്ട് കാർഷിക വികസനത്തെ 'കതിർ'പിന്തുണയ്ക്കുന്നു. കാർഷിക മാനേജ്മെന്റ് മെച്ചപ്പെടുത്തുന്നതിനും കാർഷികമേഖലയിലെ വളർച്ച പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള ഡിജിറ്റൽ മാർക്കറ്റിങ്ങ് പിന്തുണയും മറ്റ് ഉപദേശങ്ങളും ഇതിൽ ഉൾപ്പെടുന്നു.

## സേവനങ്ങൾ സുതാര്യം സമയോചിതം

വിവിധ സംവിധാനങ്ങളുടെ ഏകോപനം സാധ്യമാക്കി കർഷകർക്ക് വളരെ എളുപ്പത്തിലും സുതാര്യതയിലും സമയോചിതമായും സേവനങ്ങൾ എത്തിക്കുവാൻ മുൻഗണന നൽകി തയ്യാറാക്കിയിട്ടുള്ള 'കതിർ' പ്ലാറ്റ്ഫോം വെബ്പോർട്ടലായും മൊബൈൽ ആപ്ലിക്കേഷനായും രൂപപ്പെടുത്തിയിട്ടുണ്ട്.

- കാലാവസ്ഥാവ്യതിയാനത്തിന്റെ അപകടസാധ്യത കുറയ്ക്കുന്നതിനും, കർഷകർക്ക് കൃഷി സംരക്ഷിക്കുന്നതിനുമുള്ള നിർദേശങ്ങളും ഉപദേശ സേവനങ്ങളും സമയോചിതമായി നൽകുക.
- കാർഷിക മേഖലയുടെ വിവിധ തലങ്ങൾ മനസ്സിലാക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും ഒരൊറ്റ പ്ലാറ്റ് ഫോമിൽ കൃഷിയുമായി ബന്ധപ്പെട്ട എല്ലാ ഡേറ്റയും ഏകീകരിക്കുക.
- വ്യത്യസ്ത കാർഷിക ആവാസവ്യവസ്ഥകളെക്കുറിച്ചുള്ള ധാരണ മെച്ചപ്പെടുത്തുന്നതിനും കാർഷികവിവരങ്ങളിലേക്ക് കേന്ദ്രീകരിക്കുന്നതിനും കൃത്രിമബുദ്ധി, റിമോട്ട് സെൻസിങ്ങ് എന്നിവയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തുക.
- ഓരോ മേഖലയിലും കാലാവസ്ഥാധിഷ്ഠിതമായ തരത്തിൽ അനുയോ




ജ്യമായ വിള കണ്ടെത്തുക. വിള വിസ്തീർണ്ണം, വിളവ് എന്നിവ കണക്കാക്കൽ.

- സുഗമമായ വിതരണശൃംഖലയും, മികച്ച സേവനവും ഉറപ്പാക്കുന്നതിന് മാർക്കറ്റ് ലിങ്കേജ് ആസൂത്രണം ചെയ്യുക.
- കാർഷിക യന്ത്രവൽക്കരണവും മനുഷ്യവിഭവശേഷി ലഭ്യതയും മനസ്സിലാക്കി മികച്ച ആസൂത്രണത്തിലൂടെ ആവശ്യാനുസരണം ലഭ്യമാക്കുക
- സർക്കാർ അനുകൂല്യങ്ങളുടെയും പദ്ധതികളുടെയും ഫലപ്രദമായ നടപ്പാക്കലും നിരീക്ഷണവും.

## കർഷകർക്കുള്ള പ്രയോജനങ്ങൾ

കതിർ മൂന്ന് ഘട്ടങ്ങളായാണ് തയ്യാറാക്കുന്നത്. ആദ്യഘട്ടത്തിൽ കർഷകർക്ക് നൽകുന്ന സേവനങ്ങൾ ഇവയാണ്.

## കാലാവസ്ഥാവിവരങ്ങൾ

കർഷകരുടെ വിവരശേഖരണത്തിന് ശേഷം ഓരോ കർഷകന്റെയും വിള അടിസ്ഥാനപ്പെടുത്തി പ്രാദേശികമായ കാലാവസ്ഥാ നിർദേശങ്ങളും രോഗ, കീടനിയന്ത്രണ നിർദേശങ്ങളും ലഭ്യമാക്കുന്നു. തത്സമയ കാലാവസ്ഥാവിവരങ്ങളും കർഷകന് ലഭ്യമാകും.

- കൃഷിയിടത്തിലെ മണ്ണിന്റെ നിലവിലെ പോഷകനില സംബന്ധിച്ച വിവരങ്ങൾ കർഷകന് നൽകുന്നു.

## മണ്ണ് പരിശോധനാ സംവിധാനം

കർഷകന് സ്വയം മണ്ണ് സാമ്പിൾ ശേഖരിക്കുവാനും, സാമ്പിൾ വിവരങ്ങൾ പോർട്ടലിലേക്ക് നൽകുവാനും സാധിക്കും. ആവശ്യമെങ്കിൽ മണ്ണ് സാമ്പിൾ ശേഖരിക്കുന്നതിനായി കൃഷി ഉദ്യോഗസ്ഥർക്ക് വിവരം നൽകുവാനും സാധിക്കും.

- മണ്ണ് സാമ്പിളുകളുടെ പരിശോധനാ ഫലം എത്തിക്കുന്നതിനോടൊപ്പം പൊതുവായ ഓൺലൈൻ ഭൂപടത്തിലേക്കും വിവരങ്ങൾ നൽകുന്നു.

## പ്ലാന്റ് ഡോക്ടർ സംവിധാനം

കീടങ്ങളും, രോഗങ്ങളും സംബന്ധിച്ച കർഷകരുടെ സംശയങ്ങൾക്ക് ഉത്തരം നൽകുന്നു. കർഷകർക്ക് ചിത്രങ്ങൾ എടുത്ത് കൃഷി ഓഫീസർക്ക അയക്കുന്നതിനുള്ള സംവിധാനങ്ങളും ഇതിൽ ഒരുക്കിയിട്ടുണ്ട്. ആപ്പിലൂടെ തന്നെ ഇതിനുള്ള പരിഹാര മാർഗ നിർദേശങ്ങളും യഥാസമയം ലഭ്യമാകുന്നതാണ്.

## കാർഷികപദ്ധതി വിവരങ്ങൾ

കേരളസർക്കാരിന്റെ കാർഷികപദ്ധതികളിലെ ആനുകൂല്യങ്ങൾ നേടുന്നതിനുള്ള ഒറ്റ ക്ലിക്ക് അപേക്ഷാ സംവിധാനം

**വിപണിയിലെ വില സംബന്ധമായ വിവരങ്ങൾ, ജൈവ സർട്ടിഫിക്കേഷൻ, വിവിധ വിളകൾക്കുള്ള സമഗ്ര പാക്കേജ് ഓഫ് പ്രാക്ടീസസ് (പി ഒ പി), മൂല്യവർധിത ഉൽപന്നങ്ങളിൽ പരിശീലനം എന്നിവ വാഗ്ദാനം ചെയ്തുകൊണ്ട് കാർഷികവികസനത്തെ 'കതിർ' പിന്തുണയ്ക്കുന്നു**

- കൃഷി സമൃദ്ധി പദ്ധതിയിൽ കർഷകരുടെയും കർഷകഗ്രൂപ്പുകളുടെയും വിവരശേഖരണംനടത്തുന്നു.
- പ്രോഗ്രാമുകൾ, ഇവന്റുകൾ സംബന്ധിച്ച വിവരങ്ങൾ
- കൃഷിഭൂമി സംബന്ധമായ വിവരങ്ങൾ

കൃഷിഭൂമി സംബന്ധിച്ച വിശദാംശങ്ങൾ കർഷകർക്ക് പോർട്ടലിൽ നിന്നും അനായാസം ലഭ്യമാകുന്നു. റവന്യൂ, സർവെ വകുപ്പുകളുടെ കൈവശമുള്ള ഭൂമി സംബന്ധിച്ച രേഖകളും വിവരങ്ങളും സമന്വയിപ്പിച്ച് കേന്ദ്രീകൃത വിവരശേഖരമായി കതിർ പോർട്ടലിൽ ലഭ്യമാകും. കർഷകർക്ക് വിവിധ പദ്ധതികൾക്കായി അപേക്ഷ സമർപ്പിക്കുമ്പോൾ ഓരോ അപേക്ഷയോടൊപ്പവും ഭൂമി സംബന്ധിച്ച രേഖകൾ സമർപ്പിക്കേണ്ടതില്ല.

കൃഷിക്കാവശ്യമായ വിത്ത്, വളം തുടങ്ങിയ ഉൽപാദനോപാധികളുടെ ലഭ്യത, കാർഷിക യന്ത്രങ്ങളുടെയും മാനവവിഭവശേഷിയുടെയും ലഭ്യത, സേവനങ്ങൾ പൂർണ്ണതോതിൽ കർഷകരിലേക്കെത്തിക്കൽ, വിപണിവിതരണ ശൃംഖലയുമായുള്ള സംയോജനം തുടങ്ങിയ സേവനങ്ങൾ രണ്ടാം ഘട്ടത്തിലും വിള ഇൻഷ്വറൻസ്, പ്രകൃതിക്ഷോഭത്തിലെ വിളനാശത്തിനുള്ള നഷ്ടപരിഹാരം, കാർഷികോൽപന്നങ്ങൾക്ക് വിപണനസംവിധാനം തുടങ്ങിയ സേവനങ്ങൾ മൂന്നാം ഘട്ടത്തിലും കതിർ പ്ലാറ്റ്ഫോമിൽ ഉൾപ്പെടുത്തും.

ചിങ്ങം ഒന്നു മുതൽ ആപ്പിന്റെ ആദ്യഘട്ട സേവനങ്ങൾ കർഷകർക്ക് ലഭ്യമായി തുടങ്ങിയിട്ടുണ്ട്. ഇംഗ്ലീഷ്, മലയാളം ഭാഷകളിൽ വിവരങ്ങൾ ലഭിക്കും. ആപ് പ്ലേ സ്റ്റോറിൽ നിന്നും ഡൗൺലോഡ് ചെയ്യാം. മൊബൈലിൽ ആപ് ഡൗൺലോഡ് ചെയ്യുന്നതിനായി ക്യു ആർ കോഡും കൃഷി വകുപ്പ് വികസിപ്പിച്ചിട്ടുണ്ട്. ■

എസ്.പി. വിഷ്ണു
ഫാം ഇൻഫർമേഷൻ ബ്യൂറോ

സംസ്ഥാന സർക്കാരിന്റെ ഈ വർഷത്തെ കാർഷിക പുരസ്കാരങ്ങൾ നേടിയ മൂന്ന് മാതൃകകൾ










# കാർഷികകേരളത്തിനു മാതൃകകൾ

മീനങ്ങാടി ഗ്രാമപഞ്ചായത്ത്

## മണ്ണിന്റെയും കൃഷിയുടെയും ഉയിർത്തെഴുന്നേല്പ്

കടുത്തവേനലിൽ പാടങ്ങൾ വിണ്ടുകീറുകയും വിളകൾ കരിഞ്ഞുപോകുകയും ചെയ്തപ്പോൾ മണ്ണിന്റേയും കൃഷിയുടേയും പുനരുജ്ജീവനത്തിന് പുതിയ മാതൃക തീർത്ത മീനങ്ങാടി കൃഷിഭവൻ ഈ വർഷത്തെ വി വി രാഘവൻ പുരസ്കാരത്തിന് അർഹമായി. കൃഷിഭവനുകൾ സ്ഥാപിച്ച മുൻ കൃഷിമന്ത്രി വി വി രാഘവന്റെ പേരിൽ മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന കൃഷിഭവനു നൽകുന്ന അവാർഡാണിത്. അഞ്ച് ലക്ഷം രൂപയും ഫലകവും സർട്ടിഫിക്കറ്റുമാണ് അവാർഡ്.

വറ്റിവരണ്ട മണിവയൽ പുഴയുടെ ഓരത്ത് കുളം കുഴിച്ച് സൗരോർജം ഉപയോഗിച്ച് എട്ട് ഏക്കർ കൃഷിയിടത്തിലേക്ക് വെള്ളമെത്തിക്കുകയും ഉപയോഗശേഷം അധിക ജലം സ്രോതസ്സിലേക്ക് തന്നെ ഒഴുക്കി വിടുകയും ചെയ്യുന്ന പുതിയ മാതൃക മീനങ്ങാടി നടപ്പിലാക്കുകയുണ്ടായി. ഇതിനായി 2.4 കിലോവാൾട്ട് സൗരോർജ പാനലും ദിവസേന 10,000 ലിറ്റർ വെള്ളമെത്തിക്കുന്നതിന് അനുയോജ്യമായ പമ്പും പദ്ധതി പ്രദേശത്ത് സ്ഥാപിച്ചു. രാവിലെ 8 മുതൽ വൈകിട്ട് 6 വരെ സൗരോർജം ഉപയോഗിച്ച് കൃഷിക്കാവശ്യമായ ജലലഭ്യതയും ഉറപ്പ് വരുത്തി.

ഒന്നാംഘട്ടത്തിൽ വനിതകളുൾപ്പെടെയുള്ള കർഷക കൂട്ടായ്മയുടെ നേതൃത്വത്തിൽ വള്ളിപ്പയർ, പച്ചമുളക് വെള്ളരി,







**കടുത്ത വേനലിൽ പാടങ്ങൾ വിണ്ടുകീറുകയും വിളകൾ കരിഞ്ഞുപോകുകയും ചെയ്തപ്പോൾ മണ്ണിന്റേയും കൃഷിയുടേയും പുനരുജ്ജീവനത്തിന് പുതിയ മാതൃക തീർത്ത മീനങ്ങാടി കൃഷിഭവൻ ഈ വർഷത്തെ വി വി രാഘവൻ പുരസ്കാരത്തിന് അർഹമായി**

ചീര മുതലായവയാണ് ജൈവരീതിയിൽ കൃഷിചെയ്തിട്ടുള്ളത്. ജൈവ ഉൽപന്നങ്ങളുടെ പ്രത്യേക വിപണിയും വൈദ്യുതിനിരക്ക് ഉൾപ്പെടെയുള്ള ആവർത്തനചെലവുകളില്ലായെന്നതും കർഷകർക്ക് ആശ്വാസകരമാണ്. കൃഷിഭവന്റെ ഇടപെടലുകൾ സ്ഥിരവരുമാനം ഉറപ്പാക്കുന്നതോടൊപ്പം മീനങ്ങാടിയിൽ നടപ്പിലാക്കി വരുന്ന കാർബൺ തുലിത പ്രവർത്തനങ്ങൾക്കും മണ്ണിന്റെ ജൈവഘടന വീണ്ടെടുക്കുന്നതിനും സഹായകരമാകും. ഗ്രാമപഞ്ചായത്ത്, തണൽ, കൃഷിഭവൻ എന്നിവയുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കിയത്.

## വൈക്കം ബ്ലോക്ക് പഞ്ചായത്ത്
# പൊൻതിളക്കത്തിന്റെ നിറവിൽ

കാർഷികസംസ്കാരം വീണ്ടെടുക്കുക എന്ന ലക്ഷ്യത്തോടൊപ്പം തൊഴിലുറപ്പ് പദ്ധതിയെ ക്രിയാത്മകമാക്കുന്നതിനുകൂടി ആവിഷ്കരിക്കപ്പെട്ട നിറവ് പദ്ധതിയിലൂടെ സംസ്ഥാന സർക്കാരിന്റെ ഏറ്റവും പ്രധാനപ്പെട്ട കാർഷിക അവാർഡ് കരസ്ഥമാക്കിയിരിക്കുകയാണ് വൈക്കം ബ്ലോക്ക് പഞ്ചായത്ത്. കാർഷിക മേഖലയിൽ മികച്ച പ്രവർത്തനം കാഴ്ചവെക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് ഈ വർഷം മുതൽ സംസ്ഥാന സർക്കാർ ഏർ





**കാർഷികസംസ്കാരം വീണ്ടെടുക്കുക എന്ന ലക്ഷ്യത്തോടൊപ്പം തൊഴിലുറപ്പ് പദ്ധതിയെ ക്രിയാത്മകമാക്കുന്നതിനുകൂടി ആവിഷ്കരിക്കപ്പെട്ട നിറവ് പദ്ധതിയിലൂടെ സംസ്ഥാന സർക്കാരിന്റെ ഏറ്റവും പ്രധാനപ്പെട്ട കാർഷിക അവാർഡ് കരസ്ഥമാക്കിയിരിക്കുകയാണ് വൈക്കം ബ്ലോക്ക് പഞ്ചായത്ത്**

പ്പെടുത്തിയ, മുൻ മുഖ്യമന്ത്രിയും ആദ്യമന്ത്രിസഭയിലെ കൃഷി വകുപ്പ് മന്ത്രിയുമായിരുന്ന സി.അച്യുതമേനോന്റെ പേരിലുള്ള അവാർഡാണ് വൈക്കം ബ്ലോക്ക്പഞ്ചായത്ത് നേടിയത്. 10 ലക്ഷം രൂപയും ഫലകവും സർട്ടിഫിക്കറ്റും ആണ് അവാർഡ്.

2021 നവംബർ ഒന്നിന് കേരളപ്പിറവി ദിനത്തിൽ വൈക്കം ബ്ലോക്ക് പഞ്ചായത്ത് ഉദ്ഘാടനം ചെയ്ത ജനകീയ കൃഷിപദ്ധതിയാണ് 'നിറവ് പദ്ധതി'. നിറവ് പദ്ധതിയിൽ ഒന്നാംഘട്ടത്തിൽ 300 ഏക്കറിൽ പച്ചക്കറി കൃഷി ആരംഭിക്കുവാൻ വൈക്കം ബ്ലോക്കിന് സാധിച്ചു. 250 ഗ്രൂപ്പുകളും 70 വ്യക്തികളും പദ്ധതിയുടെ ഭാഗമായി. രണ്ടാം ഘട്ടത്തിൽ പൂക്കൃഷിയും ആരംഭിച്ചു. പൂക്കൃഷിയിൽ വനിതാ ഗ്രൂപ്പുകൾക്കൊപ്പം (കൃഷിക്കൂട്ടം, കുടുംബശ്രീ, തൊഴിലുറപ്പ് സംഘങ്ങൾ. ജെ എൽ ജി പുരുഷ സ്വയം സഹായ സംഘങ്ങളും) കൃഷിയുടെ ഭാഗമായി. നിറവ് രണ്ടാം ഘട്ടത്തിൽ തന്നെ വിദ്യാലയങ്ങളിലും ഇവ വിജയകരമായി നടപ്പിലാക്കുവാനായി.

നിറവ് മൂന്നാം ഘട്ടത്തിൽ കിഴങ്ങ് വർഗങ്ങളുടെ കൃഷിയും ആരംഭിച്ചു. 100 ഗ്രൂപ്പുകൾ പദ്ധതിയുടെ ഭാഗമായി. ഇപ്പോൾ 'നിറവ് പദ്ധതി' നാലാം ഘട്ടത്തിൽ എത്തിനിൽക്കുമ്പോൾ 156 ഗ്രൂപ്പുകൾ പച്ചക്കറി കൃഷിയും 154 ഗ്രൂപ്പുകൾ പൂക്കൃഷിയും ചെയ്യുന്നുണ്ട്. ഓരോ ഘട്ടത്തിലും മികച്ച കൃഷി ചെയ്യുന്ന ഗ്രൂപ്പുകൾക്കും സ്കൂളുകൾക്കും ഇതിന് നേതൃത്വം നൽകുന്ന ഓഫീസർമാർക്കും 'നിറവ് പുരസ്കാരങ്ങളും നൽകുന്നു. തൊഴിലുറപ്പ് പദ്ധതിയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും കൂടുതൽ തൊഴിലാളികൾക്ക് 100 തൊഴിൽ ദിനങ്ങൾ നൽകുന്നതിനും നിറവ് പദ്ധതിയിലൂടെ സാധിച്ചു.

ചേകാടി ഊര്

## ജൈവകൃഷിയിൽ നേട്ടം കൊയ്ത്

സംസ്ഥാന കൃഷി വകുപ്പിന്റെ ജൈവകൃഷി നടത്തുന്ന മികച്ച ആദിവാസി ഊരിനുള്ള ഒന്നാം സ്ഥാനം കരസ്ഥമാക്കി ചേകാടി ഊര്. വയനാട് പുൽപ്പള്ളി പഞ്ചായത്തിലെ ചേകാടി, പരമ്പരാഗത നെൽക്കൃഷി തുടർന്നു പോരുന്ന ഗോത്രഗ്രാമമാണ്.

ഗോത്രവിഭാഗത്തിൽ അടിയ വിഭാഗത്തിലുള്ളവരാണ് കർഷകരിൽ ഭൂരിഭാഗവും. സുഗന്ധ നെല്ലിനമായ ഗന്ധകശാല, വലിച്ചൂരി തുടങ്ങിയ ഇനങ്ങൾ പരമ്പരാഗത രീതിയിൽ തികച്ചും ജൈവികമായി ഇവിടെ കൃഷി ചെയ്തുവരുന്നു. അടിവളമായി ചാണകവും പച്ചിലവളങ്ങളും മാത്രമാണ് ഉപയോഗിക്കുന്നത്. ശീമക്കൊന്ന, മാവ്, പ്ലാവ് തുടങ്ങിയവ പച്ചിലവളങ്ങളായി ഉപയോഗിക്കുന്നതുകൊണ്ടുതന്നെ കീടാക്രമണവും പൊതുവേ കുറവാണ്. രോഗ, കീട പ്രതിരോധശേഷി കൂടുതലുള്ള നെല്ലിനങ്ങൾ കൃഷി ചെയ്യുന്നതിനാൽ തികച്ചും ജൈവിക പ്രതിരോധ മാർഗങ്ങളിലൂടെ വിളപരിപാലനം സാധ്യമാക്കുന്നു. വയൽ, ഭൂമി കൂടുതലുള്ള ചേകാടിയിൽ കന്നുകാലികളെയും പരിപാലിക്കുന്നുണ്ട്. ■



ഡോ. അഫീഫ ചോലശ്ശേരി
ലക്ചറർ, യൂണിവേഴ്സിറ്റി ഓഫ് വെസ്റ്റ് ലണ്ടൻ, റാസ് അൽ ഖൈമ, യുഎഇ



സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ നീതി ആയോഗ് സൂചികയിൽ കേരളം ഒന്നാം സ്ഥാനത്തെത്തിയതിൽ സംസ്ഥാനത്തിന്റെ കരുത്തുറ്റ പൊതുജനാരോഗ്യ സംവിധാനത്തിനും അഭിമാനിക്കാൻ ഏറെയുണ്ട്

# സുസ്ഥിര വികസനം സുസ്ഥിര ആരോഗ്യം



കേരളീയർക്ക് അഭിമാനവും ആശ്വാസവും പകരുന്ന ഒരു വാർത്ത ഏതാനും ദിവസം മുമ്പാണ് ആരോഗ്യവകുപ്പ് അറിയിച്ചത്. മലപ്പുറം നിപ മുക്തമായി. നിപ എന്ന മാരകരോഗത്തെ കേരളം വീണ്ടും പിടിച്ചുകെട്ടിയിരിക്കുന്നു. നീതി ആയോഗിന്റെ സുസ്ഥിരവികസനലക്ഷ്യങ്ങൾ ഇൻഡെക്സിൽ (SD-G-s) കേരളം വീണ്ടും ഒന്നാം സ്ഥാനത്തെത്തിയത് ചർച്ച ചെയ്യുമ്പോൾ ഈ നേട്ടവും പരിഗണിക്കേണ്ടതുണ്ട്. ഇന്ത്യയുടെ ആരോഗ്യപരിചരണ മേഖലയിൽ കേരളത്തിന്റെ നേതൃപദവിയാണ് ഒരിക്കൽകൂടി ഇവിടെ വ്യക്തമാവുന്നത്.

ദശകങ്ങളായി തുടരുന്ന നമ്മുടെ കരുത്തുറ്റ പൊതുജനാരോഗ്യ അടിത്തറയാണ് ഈ മുന്നേറ്റത്തിന് കാരണം. ആരോഗ്യമേഖലയിൽ കൈക്കൊള്ളുന്ന പുരോഗമനനയങ്ങളും അടിസ്ഥാനസൗകര്യങ്ങളുടെ വ്യാപനവുമാണ് അതിന്റെ മുഖമുദ്രകൾ.

എസ്ഡിജി 3 ലക്ഷ്യങ്ങൾ എല്ലാവർക്കും എല്ലാ പ്രായക്കാർക്കും ആരോഗ്യകരമായ സ്വാസ്ഥ്യജീവിതം ഉറപ്പുവരുത്തുന്നതിന്

ലക്ഷ്യമിടുന്നു. കേരളവും ആഗോളപ്രതീക്ഷകൾക്കൊപ്പം ഈ ലക്ഷ്യത്തിലെത്തുന്നതിനാണ് പ്രയത്നിക്കുന്നത്. പ്രാഥമികാരോഗ്യമേഖലയെ ശക്തിപ്പെടുത്തൽ, ഗുരുതരരോഗങ്ങളുടെ നിയന്ത്രണം, മാതൃ, ശിശു ആരോഗ്യം വർധിപ്പിക്കൽ, പകർച്ചവ്യാധികളെ അകറ്റൽ, അവശ്യമരുന്നുകൾ എല്ലാവർക്കും ലഭ്യമാകുന്നുവെന്ന് ഉറപ്പാക്കൽ ഇവയിലെല്ലാം ശ്രദ്ധ ഊന്നിക്കൊണ്ടാണ് ഇതിനായി സംസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾ.

## മികച്ച ആരോഗ്യം, സുഖജീവനം

മാതൃ, ശിശുമരണനിരക്ക് കുറച്ചും ആരോഗ്യസേവനങ്ങൾ എല്ലാവർക്കും പ്രാപ്യമാക്കിയും, പൊതുജനാരോഗ്യസൂചകങ്ങൾ മെച്ചപ്പെടുത്തുന്നതിൽ കേരളം ഗണ്യമായ പുരോഗതി കൈവരിച്ചിട്ടുണ്ട്.

രാജ്യത്തെ ഏറ്റവും കുറവ് മാതൃ, ശിശുമരണ നിരക്ക് ഉള്ള സംസ്ഥാനമാണ് കേരളം. ആരോഗ്യപരിചരണത്തിലെ മികവിന് കോവിഡ് കാലം തന്നെയാണ് ഉചിതമായ ഉദാഹരണം. കേരളം പുലർത്തിയ ജാഗ്രതയും പരിചരണ മാനദണ്ഡങ്ങളും ഈ മികവിന്റെ മുദ്രകളായി നമുക്ക് മുൻപിലുണ്ട്.

## ആയുർദൈർഘ്യത്തിലെ വർധന

ദേശീയശരാശരിയേക്കാൾ ഉയർന്ന ആയുർദൈർഘ്യമാണ് സംസ്ഥാനത്തുള്ളത്.

## പകർച്ചവ്യാധികളെ അകറ്റൽ

ഫലപ്രദമായ പൊതുജനാരോഗ്യ രക്ഷാനടപടികൾ പല പകർച്ചവ്യാധികളും നിയന്ത്രിക്കുന്നതിനു സഹായിച്ചു.

## മാനസികാരോഗ്യം മെച്ചപ്പെടുത്തൽ

മാനസികാരോഗ്യ അവബോധവും സേവനങ്ങൾക്കും കേരളം പ്രാധാന്യം നൽകുന്നു.

## സാർവത്രിക ആരോഗ്യരക്ഷ

സംസ്ഥാനത്തിന്റെ പൊതു ആരോഗ്യ സേവനം സാർവത്രിക ആരോഗ്യസുരക്ഷ ഉറപ്പുവരുത്തുന്ന വിധത്തിലാണ് സംവിധാനം ചെയ്യപ്പെട്ടിരിക്കുന്നത്.

സംസ്ഥാനത്തിന്റെ ആരോഗ്യമേഖലയിലെ പ്രകടനത്തിന് സംഭാവന ചെയ്യുന്ന വിവിധ ഘടകങ്ങൾ കാണിക്കുന്ന പട്ടിക കാണാം.

2011 മുതൽ 2021 വരെ കേരളത്തിന്റെ ആരോഗ്യ സൂചികകളിൽ ഉണ്ടായ

**പട്ടിക 1.1 - കേരളത്തിന്റെ വിവിധ സൂചികകളുടെ താരതമ്യ വിശകലനം: 2011, 2021**

| സൂചികകൾ | 2011 | 2021 |
|---|---|---|
| ആയുർദൈർഘ്യം (വർഷം) | 74.2 | 75 |
| ശിശുമരണ നിരക്ക് (IMR) | 13 | 5.05 |
| മാതൃമരണ അനുപാതം (MMR) (ഒരു ലക്ഷം ജനനങ്ങൾക്ക് ) | 30 | 19 |
| അഞ്ചു വയസ്സിന് താഴെ മരണനിരക്ക് (U5MR) (ആയിരം ജനനങ്ങൾക്ക്) | 15 | 5.2 |

സ്രോതസ്സ്
1.. വാർഷിക സ്ഥിതിവിവരക്കണക്ക് റിപ്പോർട്ട്
2. സാമ്പത്തിക സർവേ 2023-24
3.. ഹെൽത്ത് ഡോസിയർ 2021: പ്രധാന ആരോഗ്യ സൂചികകളിലെ പ്രതിഫലനങ്ങൾ - കേരളം, ദേശീയ ആരോഗ്യ മിഷൻ

പുരോഗതി വെളിപ്പെടുത്തുന്നതാണ് ഈ സൂചകങ്ങൾ.

ആയുർദൈർഘ്യം 74.2 ൽനിന്ന് 75 വർഷമായി കൂടി. ശിശുമരണ നിരക്ക് 13 ൽനിന്ന് 5.05 താഴ്ന്നു. മാതൃമരണ അനുപാതം 30 ൽ നിന്ന് 19 ആയി കുറഞ്ഞു.

അഞ്ചു വയസ്സിന് താഴെയുള്ള മരണനിരക്ക് 15 ൽനിന്ന് 5.2 ആയി കുറഞ്ഞു. ഈ പുരോഗതി അഭിമാനകരമാണ്.

## എന്തുകൊണ്ട് കേരളം?

മുൻപ് സൂചിപ്പിച്ചതുപോലെ ആരോഗ്യമേഖലയിലെ അടിസ്ഥാനസൗകര്യങ്ങളുടെ കരുത്താണ് കേരളത്തിന്റെ മുന്നേറ്റത്തിന് പ്രധാനമായും സഹായിക്കുന്നത്.

രോഗപ്രതിരോധത്തിന് മുൻതൂക്കം നൽകുന്നു. അടിയുറച്ച ഒരു സംവിധാനമുള്ളതും പറയേണ്ടതുണ്ട്. നേരത്തെതന്നെ രോഗം തിരിച്ചറിയുന്നു, പ്രാഥമികാരോഗ്യ സംവിധാനത്തിന് പരിഗണന നൽകി ചികിത്സയും ഉറപ്പാക്കാനാകുന്നു. നിപ പ്രതിരോധത്തിൽ 2018ലും 2019ലും ഈ വർഷവും നാം സ്വീകരിച്ച ശാസ്ത്രീയമായ പ്രോട്ടോക്കോളും ചികിത്സയും ഏറെ പ്രശംസാർഹമാണ്. കോവിഡ് കാലത്തെ നേരിട്ടതും സമഗ്ര ആരോഗ്യരക്ഷയ്ക്കായുള്ള സംസ്ഥാനത്തിന്റെ സമർപ്പണം വ്യക്തമാക്കുന്നു.

പ്രാഥമിക, ദ്വിതീയ, തൃതീയതലങ്ങളിലായുള്ള ശക്തമായ ഒരു പൊതുജനാരോഗ്യസംവിധാനമാണ് നമ്മുടേത്. ജീവിതശൈലി രോഗങ്ങളെ നേരിടുന്നതിലും മാതൃ, ശിശു ആരോഗ്യം നിലനിർത്തുന്നതിലും വാക്സിനേഷൻ വ്യാപിപ്പിക്കുന്നതിലും കേരളം കൊടുക്കുന്ന മുൻഗണന ശ്രദ്ധേയമാണ്. ഇ ഹെൽത്ത് പോർട്ടൽ ആരോഗ്യസേവനങ്ങൾ ആധുനികമാക്കി. മെഡിക്കൽ വിദ്യാഭ്യാസത്തെയും ഗവേഷണത്തെയും ടെലിമെഡിസിനുമായി സംയോജിപ്പിക്കുന്നതിലൂടെ രോഗീപരിചരണവും ചികിത്സാലഭ്യതയും വർധിപ്പിക്കുവാനും കേരളത്തിന് കഴിയും. ആയുഷ്മാൻ ഭാരത് പരിപാടിയെയും സംസ്ഥാനം സ്വീകരിച്ചിട്ടുണ്ട്.

## മറ്റു സംസ്ഥാനങ്ങളുമായുള്ള താരതമ്യം

കേരളത്തേക്കാൾ സാമ്പത്തികമായി വികസിതമെന്നു പറയപ്പെടുന്ന സംസ്ഥാനങ്ങളുമായുള്ള ഒരു താരതമ്യം ആരോഗ്യമേഖലയിൽ നമ്മുടെ സവിശേഷമായ കരുത്തും വികസനവും എടുത്തുകാട്ടുന്നതാണ്.

**ജീവിതദൈർഘ്യം (2016-2020)**

| സംസ്ഥാനങ്ങൾ | വയസ്സ് (വർഷം) |
|---|---|
| മഹാരാഷ്ട്ര | 72.9 |
| തമിഴ്നാട് | 73.2 |
| കർണാടക | 69.8 |
| ഗുജറാത്ത് | 70.5 |
| കേരളം | 75.0 |
| ഇന്ത്യ | 70.0 |

സ്രോതസ്സ്: സാമ്പിൾ രജിസ്ട്രേഷൻ സിസ്റ്റം, 2021

ദേശീയ ശരാശരി ആയുർദൈർഘ്യം 70.0 വർഷമാണെന്നു പ്രത്യേകം ശ്രദ്ധിക്കുക.

ആയുർദൈർഘ്യം ഒരു രാജ്യത്തിന്റെ സാമ്പത്തികവും സാമൂഹികവുമായ പുരോഗതിയുടെ ബാരോമീറ്ററാണെന്ന് പറയാം. ആരോഗ്യരക്ഷ, പോഷകാഹാരം, വരുമാനം, വിദ്യാഭ്യാസം തുടങ്ങി മൊത്തത്തിൽ ജീവിതനിലവാരത്തിലും അത് പ്രതിഫലിക്കുന്നു. സംസ്ഥാനത്തിന് ഇക്കാര്യത്തിൽ ഏറെ അഭിമാനിക്കാമെങ്കിലും ജീവിതശൈലി രോഗങ്ങൾ, വൃദ്ധജനങ്ങളുടെ വർധന, മാനസികാരോഗ്യ പ്രശ്നങ്ങൾ എന്നീ രംഗങ്ങളിൽ നാം വെല്ലുവിളി നേരിടുന്നുമുണ്ട്. ■

യാസിർ റ്റി.എ
ഐ&പിആർഡി

മഹത്തായ പാരമ്പര്യത്തിന്റെ തിളക്കമുള്ള ഈ കലാലയം ഇന്ന് അക്കാദമിക രംഗത്തും പഠ്യേതര രംഗത്തും മികച്ച പ്രകടനം കാഴ്ചവെക്കുന്ന രാജ്യത്തെ തന്നെ മുൻനിര കോളേജുകളിലൊന്നാണ്



# വൈബുള്ളൊരു മുത്തശ്ശിക്കലാലയം

## നൂറിന്റെ നിറവിൽ ഗവ. ആർട്സ് കോളേജ്

തൈക്കാട്ടെ തണൽമരങ്ങൾ കടന്ന് ഗവ. ആർട്സ് കോളേജിന്റെ കവാടത്തിലെത്തുമ്പോൾ തിരുവനന്തപുരം നഗരമധ്യത്തിലാണ് നാമുള്ളതെന്ന് ഒരുവേള മറന്നുപോകും. നഗരബഹളങ്ങളും തിരക്കുകളുമില്ലാത്ത ശാന്തമായൊരിടം.

ധ്യാനമനസ്സോടെ അക്ഷരമധുരം നുകരാൻ ഇതിലേറെ അനുയോജ്യമായൊരിടം വേറെയില്ലെന്ന് ദീർഘദർശികളായ പൂർവികർക്ക് ഒരു നൂറ്റാണ്ട് മുന്നേ തോന്നിക്കാണണം.. ഇന്ത്യൻ അലങ്കാരപ്പണികളും ഗോതിക് വാസ്തുവിദ്യയും മനോഹരമായി ഇഴചേരുന്ന ഇൻഡോ സാരസനിക് വാസ്തുവിദ്യയുടെ മനോഹാരിതയോടെ തലയുയർത്തി






നിൽക്കുന്ന ഈ കലാലയം തലമുറകൾക്ക് അക്ഷരവെളിച്ചം പകർന്ന് തുടങ്ങിയിട്ട് നൂറുവർഷം തികഞ്ഞിരിക്കുന്നു.

ഗവ. ആർട്സ് കോളേജിലെ ക്ലാസ് മുറികളിൽ നിന്ന് അക്ഷരവെളിച്ചം പകർന്നെടുത്ത് ലോകത്ത് വെളിച്ചം പ്രസരിപ്പിച്ചവരുടെ പട്ടിക കണ്ടാൽ ആരും അതിശയിച്ചുപോകും. മഹാകവി ചങ്ങമ്പുഴ മുതൽ മലയാളിയുടെ പ്രിയപ്പെട്ട രാഷ്ട്രപതി കെ ആർ നാരായണൻ വരെയുണ്ട് ആ പട്ടികയിൽ. കേരളത്തിലെ ആദ്യ വനിതാമന്ത്രിയായ ആനിമസ്ക്രീൻ മുതൽ മുൻ നാവികസേന മേധാവി ആർ ഹരികുമാർ വരെ ആ പട്ടിക നീണ്ടുനീണ്ടു പോകും. വൈദ്യകുലപതി ഡോ. എംഎസ് വല്യത്താൻ മുതൽ ഐഎസ് ആർ ഒ മുൻ ചെയർമാൻ ജി മാധവൻ നായർമഹാനടൻ മധുവും മണിയൻപിള്ള രാജുവും ഗായകൻ ജി വേണുഗോപാലും വരെ എണ്ണിയാൽ തീരാത്ത പ്രതിഭകൾ.

## നൂറ്റാണ്ടിന്റെ സാക്ഷി

ഇന്റർലോക്ക് ടൈലുകൾ പാകിയ നടപ്പാത കടന്ന് പ്രധാന കെട്ടിടമായ പൈതൃക സമുച്ചയത്തിലേക്ക് കടക്കുമ്പോൾ നാം കാൽവെക്കുന്നത് ചരിത്രത്തിലേക്കാണ്. തിരുവിതാംകൂറിന്റെ, ഐക്യകേരളത്തിന്റെ ഉന്നതവിദ്യാഭ്യാസ ചരിത്രത്തിലേക്ക്...കാലത്തിന്റെ കയ്യൊപ്പ് പതിഞ്ഞ ചുവന്ന ഇഷ്ടികകളും കൂറ്റൻ തൂണുകളും മുഴങ്ങുന്ന തടിഗോവണിയും വലിയ ജാലകങ്ങളും കാറ്റൊഴുകി നീണ്ടുന്ന തുറന്ന ഇടനാഴികളുമൊക്കെ നമ്മെ അക്ഷരത്തിന്റെ ശക്തി തിരിച്ചറിഞ്ഞ മുൻഗാമികളെ ഓർമ്മിപ്പിക്കും. കേരളത്തിലെ ആദ്യത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനമായ ഹിസ് ഹൈനസ് മഹാരാജാസ് കോളേജ് (ഇന്നത്തെ യൂണിവേഴ്സിറ്റി കോളേജ്) വിഭജിച്ചാണ് 1924 ൽ ആർട്സ് കോളേജ് രൂപവൽക്കരിക്കുന്നത്. ശ്രീമൂലം തിരുനാൾ രാമവർമ്മയായിരുന്നു അന്ന് തിരുവിതാംകൂർ മഹാരാജാവ്. കുട്ടികളുടെ ആധിക്യം മൂലമാണ് അന്ന് ആർട്സ് വിഭാഗം വിഷയങ്ങൾ വേർപെടുത്തി പുതിയ കോളേജ് തുടങ്ങാൻ തീരുമാനിച്ചത്.

യൂണിവേഴ്സിറ്റി കോളേജിൽ നിന്ന് വിളിപ്പാടകലെ തൈക്കാട് പണികഴിപ്പിച്ച ഈ മൂന്ന് നില കെട്ടിടത്തിലായിരുന്നു അന്ന് കോളേജ്ആരംഭിച്ചത്. 1937ൽതിരുവിതാംകൂർ സർവകലാശാല ആരംഭിച്ചപ്പോൾ കോളേജ് സർവകലാശാലയുടെ അക്കാദമിക് ഡിപ്പാർട്ട്മെന്റായി മാറുകയും ഭരണച്ചുമതല സർവകലാശാലക്കാവുകയും ചെയ്തു. 1942ൽ ഈ കോളേജിലുണ്ടായിരുന്ന ബിരുദ-ബിരുദാനന്തര കോഴ്സുകൾ യൂണിവേഴ്സിറ്റി കോളേജ് എന്ന് പുനർനാമകരണം ചെയ്യപ്പെട്ട ഹിസ് ഹൈനെസ്സ് മഹാരാജാസ് കോളേജ് ഓഫ് സയൻസിലേക്കു മാറ്റി. 1948ൽ കോളേജ് ഇന്റർമീഡിയറ്റ് കോളേജ് എന്ന് പുനർനാമകരണം ചെയ്യപ്പെട്ടു. കേരള സംസ്ഥാനം രൂപവൽക്കരിക്കപ്പെട്ട ശേഷം കലാലയം കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലായി. പിന്നീട് പ്രീഡിഗ്രി കോഴ്സുകൾ പഠിപ്പിക്കുന്ന സെക്കൻഡ് ഗ്രേഡ് കോളേജായും 1971ൽ ഫസ്റ്റ് ഗ്രേഡ് കോളേജായും ഉയർത്തപ്പെട്ടു. 1971 ലാണ് കോളേജിന്റെ പേര് ഇന്നത്തേത് പോലെ ഗവ. ആർട്സ് കോളേജ് എന്നാക്കി മാറ്റുന്നത്. 2000 ൽ പ്രീഡിഗ്രി കോളേജുകളിൽ നിന്ന് വേർ



പെടുത്തിയ ശേഷം 2004 ൽ ബി എസ് സി ഫിസിക്സും ബോട്ടണി-ബയോടെക്നോളജി ബിരുദ കോഴ്സുകളും ആരംഭിച്ചു.

## നൂറിന്റെ ചെറുപ്പം

നിലവിൽ ഇക്കണോമിക്സ് കൊമേഴ്സ്, ഫിസിക്സ്, ബോട്ടണി-ബയോടെക്നോളജി തുടങ്ങിയ വിഷയങ്ങളിൽ ബിരുദ പ്രോഗ്രാം, ഇംഗ്ലീഷ്, ഇക്കണോമിക്സ്, കൊമേഴ്സ്, സ്റ്റാറ്റിസ്റ്റിക്സ്, ബയോടെക്നോളജി, അനലറ്റിക്കൽ കെമിസ്ട്രി തുടങ്ങിയ വിഷയങ്ങളിൽ ബിരുദാനന്തര ബിരുദ പ്രോഗ്രാം എന്നിവ കോളേജിലുണ്ട്. എംഎസ്സി ബയോടെക്നോളജി കോഴ്സുള്ള ഏക സർക്കാർ കോളേജാണ് ഈ കലാലയമെന്ന് പ്രിൻസിപ്പൽ ഡോ. എസ് സുബ്രഹ്മണ്യം പറഞ്ഞു. അതുപോലെ കേരള സർവകലാശാലയുടെ കീഴിൽ എംഎസ് സി അനലറ്റിക്കൽ കെമിസ്ട്രിയുള്ള ഏക സർക്കാർ കോളേജ് കൂടിയാണിത്. കോളേജിലെ കൊമേഴ്സ് വിഭാഗം കേരള സർവകലാശാലയുടെ കീഴിലുള്ള ഗവേഷണ കേന്ദ്രം കൂടിയാണ്. 14 പേർ ഇതിനകം ഇവിടെ നിന്ന് പിഎച്ച്ഡി നേടിയിട്ടുണ്ട്. എഫ് എഫൈയുജിപി മൈനർ കോഴ്സുകളിൽ ഹിസ്റ്ററി, പൊളിറ്റിക്സ്, മാത്സ്, തമിഴ്, മലയാളം, ഹിന്ദി, ഫ്രഞ്ച്, അറബിക്, സംസ്കൃതം, ഫിസിക്കൽ എജ്യുക്കേഷൻ എന്നിവയുമുണ്ട്. കോളേജിൽ നിലവിൽ ലഭ്യമായ ആറ് ബിരുദാനന്തരബിരുദ കോഴ്സുകളിൽ അഞ്ചിനും കോളേജിനായിരുന്നു കഴിഞ്ഞ വർഷങ്ങളിൽ ഒന്നാം റാങ്ക്. ചില വകുപ്പുകളിൽ ഒന്നിലധികം റാങ്കുകളും ലഭിച്ചിരുന്നുവെന്ന് പ്രിൻസിപ്പൽ പറഞ്ഞു. യുജി കോഴ്സുകളിലും മികച്ച റിസൾട്ടാണ് കോളേജിന് ലഭിക്കുന്നത്. മികച്ച പ്ലേസ്മെന്റ് സെല്ലും കോളേജിൽ പ്രവർത്തിക്കുന്നുണ്ട്. കൊമേഴ്സ് വിഭാഗത്തിലെ അധ്യാപകൻ ഡോ. പുരുഷോത്തമനാണ് പ്ലേസ്മെന്റ് സെല്ലിന്റെ കോഡിനേറ്റർ. സെല്ലിന്റെ ഭാഗമായി മികച്ച സ്ഥാപനങ്ങളെയും ഏജൻസികളെയും പങ്കെടുപ്പിച്ചുകൊണ്ട് എല്ലാവർഷവും പ്ലേസ്മെന്റ് ഡ്രൈവുകളും നടത്താറുണ്ട്.



ഡോ. എസ് സുബ്രഹ്മണ്യം
പ്രിൻസിപ്പൽ

## പ്രഗത്ഭരുടെ നീണ്ടനിര

ആർട്സ് കോളേജിലെ ക്ലാസ് മുറികളിൽ നിന്ന് ലോകത്തിന്റെ വഴികാട്ടികളായി വളർന്നവർ ഏറെയുണ്ട്. അവരിൽ ശാസ്ത്രകാരന്മാരും രാഷ്ട്രനേതാക്കളും അനുഗൃഹീത കലാകാരന്മാരുമുണ്ട്. കായിക പ്രതിഭകളും ഭരണകർത്താക്കളുമുണ്ട്. കോളേജിലെ പൂർവവിദ്യാർഥികളിൽ ഒരാളായ മുൻ രാഷ്ട്രപതി ഡോ. കെ. ആർ. നാരായണൻ 1941 ൽ ആർട്സ് കോളേജിലെ ബി എ ഓണേഴ്സ് വിദ്യാർഥിയായിരുന്നു.

ചങ്ങമ്പുഴ എഴുതിയ കവിത ചങ്ങമ്പുഴക്ക് തന്നെ ഗവ. ആർട്സ് കോളേജിലെ പഠനകാലത്ത് പഠിക്കേണ്ടി വന്നിട്ടുണ്ട് എന്ന രസകരമായ ഓർമ്മ പ്രിൻസിപ്പൽ ഡോ. എസ് സുബ്രഹ്മണ്യം പങ്കുവെച്ചു. മഹാരാഷ്ട്ര മുൻ ഗവർണർ ഡോ. പി സി അലക്സാണ്ടർ, പ്രശസ്ത നാടകകൃത്ത് പ്രൊഫസർ എൻ കൃഷ്ണപിള്ള, പ്രമുഖ മലയാളം നിരൂപകൻ പ്രൊഫ. എസ് ഗുപ്തൻ നായർ, ഐ.എസ്.ആർ.ഒ. മുൻചെയർമാൻ ഡോ. ജി. മാധവൻ നായർ, പ്രശസ്ത ഭിഷഗ്വരൻ ഡോ. എം എസ് വല്യത്താൻ, മുൻ ചീഫ്



സെക്രട്ടറിമാരായ ജിജി തോംസൺ, എസ്.എം വിജയാനന്ദ്, നിലവിലെ അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. ജയതിലക് ഐ.എ.എസ്., കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സുധീർ കെ. ഐ.എ-.എസ്., സൂര്യ കൃഷ്ണമൂർത്തി, പ്രശസ്ത അഭിനേതാക്കളായ മധു, ജഗതി ശ്രീകുമാർ, മണിയൻപിള്ള രാജു, ഐപിഎൽ താരം ആസിഫ്, പിന്നണി ഗായകരായ വേണു ഗോപാൽ, ശ്രീറാം, മുൻ എംപി ഡോ. എ. സമ്പത്ത്, ഡിഫൻസ് സെക്രട്ടറി മോഹൻ കുമാർ, സംവിധായകൻ ടി കെ രാജീവ് കുമാർ, നിർമ്മാതാവ് സുരേഷ് കുമാർ തുടങ്ങി രാഷ്ട്രീയ സാംസ്കാരിക മേഖലകളിൽ തിളങ്ങി നിൽക്കുന്ന ധാരാളം പേർ ഈ കലാലയത്തിന്റെ സംഭാവനകളാണ്.

**ആർട്സ് കോളേജിലെ ക്ലാസ് മുറികളിൽ നിന്ന് ലോകത്തിന്റെ വഴികാട്ടികളായി വളർന്നവർ ഏറെയുണ്ട്. അവരിൽ ശാസ്ത്രകാരന്മാരും രാഷ്ട്രനേതാക്കളും അനുഗൃഹീത കലാകാരന്മാരുമുണ്ട്. കായിക പ്രതിഭകളും ഭരണകർത്താക്കളുമുണ്ട്**

## രാജ്യത്തെ മികച്ച കലാലയങ്ങളിലൊന്ന്

മഹത്തായ പാരമ്പര്യത്തിന്റെ തിളക്കമുള്ള ഈ കലാലയം ഇന്ന് അക്കാദമിക രംഗത്തും പഠ്യേതര രംഗത്തും മികച്ച പ്രകടനം കാഴ്ചവെക്കുന്ന രാജ്യത്തെ തന്നെ മുൻനിര കോളേജുകളിലൊന്നാണ്. എൻഐആർഎഫ് റാങ്കിംഗ് പട്ടികയിൽ രാജ്യത്തെ മുൻനിരയിലുള്ള 200 കലാലയങ്ങളിലാണ് ഗവ. ആർട്സ് കോളേജിന്റെ സ്ഥാനം. 45 ഗവേഷണ വിദ്യാർഥികൾ ഉൾപ്പെടെ 700 ഓളം വിദ്യാർഥികൾ പഠിക്കുന്ന കലാലയത്തിന് നാക് അക്രഡിറ്റേഷനും ലഭിച്ചിട്ടുണ്ട്. ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ രണ്ട് പ്രോജെക്ടുകൾ നിലവിൽ ഇവിടുത്തെ അധ്യാപകർ നേടിയിട്ടുണ്ട്. 50,000 ത്തോളം പുസ്തകങ്ങൾ അടങ്ങിയ മികച്ച ലൈബ്രറിയും കോളേജിലുണ്ട്. ഭിന്നശേഷി വിദ്യാർഥികൾക്ക് കോളേജിന്റെ ലിഫ്റ്റും റാമ്പും അടക്കമുള്ള സംവിധാനങ്ങളുണ്ട്. പാഠ്യപാഠ്യേതര വിഷയങ്ങളിലുള്ള മികവും സാമൂഹിക പ്രതിബദ്ധതയും മുഖമുദ്രയാക്കിയ വിദ്യാർഥി സമൂഹമാണ് എന്നും ഈ കലാലയത്തിന്റെ കരുത്തെന്ന് വൈസ് പ്രിൻസിപ്പൽ ഡോ. പി അജിത് കുമാർ ചൂണ്ടിക്കാട്ടി.

## നൂറാം വർഷത്തിൽ നൂറ് പരിപാടികൾ


ശതാബ്ദി ആഘോഷങ്ങൾ ജൂലൈ 18ന് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി ഒരു വർഷം നീണ്ടുനിൽക്കുന്ന പരിപാടികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് പ്രിൻസിപ്പൽ പറഞ്ഞു. നൂറിൽ പരം വിവിധ പരിപാടികൾ സംഘടിപ്പിക്കാനാണ് ശതാബ്ദി ആഘോഷ കമ്മിറ്റി തീരുമാനം.

സ്ഥലപരിമിതി നേരിടുന്നതിനായി നിലവിലുള്ള റൂസ ബിൽഡിങ്ങിന് മുകളിൽ മറ്റൊരു നിലകൂടി നിർമ്മിച്ച് സ്റ്റാറ്റിസ്റ്റിക്സ്, ഇംഗ്ലീഷ്, ബയോടെക്നോളജി, കെമിസ്ട്രി തുടങ്ങിയ വിഷയങ്ങളിലും ഗവേഷണ സൗകര്യം ഒരുക്കും. കിഫ്ബി ധനസഹായത്തോടെ 12 കോടി രൂപ മുടക്കി മറ്റൊരു ബ്ലോക്കും കോളേജിൽ നിർമിക്കും. ആറ് നിലയിൽ നിർമ്മിക്കുന്ന ഈ ബ്ലോക്കിന്റെ ഫണ്ട് അലോട്ട്മെന്റ് ലഭ്യമായിട്ടുണ്ട്. ഗവേഷണമേഖലയിൽ ശ്രദ്ധ കേന്ദ്രീകരിക്കാനുദ്ദേശിക്കുന്നതിനാൽ ഈ ബ്ലോക്കിൽ അത്യാധുനിക സൗകര്യങ്ങളോടെയുള്ള കോമൺ ഇൻസ്ട്രുമെന്റേഷൻ ലാബ്, ലൈബ്രറി, കൗൺസിലിങ്ങ് സെന്റർ അടക്കമുള്ള സൗകര്യങ്ങൾ ഉണ്ടാകും.■

**ജേക്കബ് ഏബ്രഹാം**
കഥാകൃത്ത്, നോവലിസ്റ്റ്



> ഓണക്കാലത്ത് ഞങ്ങളുടെ ഗ്രാമത്തിലെത്തിയിരുന്ന നാടൻ സർക്കസുകാർ മായാത്ത ഒരു ഓണം ഓർമ്മയാണ്



# നാടൻ സർക്കസിലെ പെൺകുട്ടി

പത്തനംതിട്ടയിലെ മലയോര ഗ്രാമമായ ഇലന്തൂരിലെ വെള്ളപ്പാറ എന്ന ഗ്രാമത്തിൽ മുടങ്ങാതെ എല്ലാ ഓണത്തിനും നാടൻ സർക്കസുകാർ എത്തും. കുട്ടികളെല്ലാം കാത്തിരിക്കും. പലതരം അഭ്യാസങ്ങളും കാഴ്ചകളും കാണാമല്ലോ. കൊന്നത്തെങ്ങിൽ കോളാമ്പി ഉയരും. സിനിമപ്പാട്ടുകൾ ഗ്രാമത്തിന് ഓണോത്സവ ഭംഗി പകരും. എല്ലാവരിലും ഉല്ലാസം നിറയും, ഉത്സാഹത്തിമിർപ്പോടെ അന്തരീക്ഷം ചടുലമാകും. ഓണമെത്തി എന്ന് ഗ്രാമമറിയും.

സൈക്കിൾ യജ്ഞം നടത്തുന്ന തടിയൻ, ട്യൂബ് ലൈറ്റുകൾ കടിച്ചുപൊട്ടിക്കുന്ന മീശക്കാരൻ, കുരങ്ങനുമായി അഭ്യാസം നടത്തുന്ന പെൺകുട്ടി, ചില്ലറ മാജിക്കുകൾ കാട്ടുന്ന ഒരുവൻ, സുന്ദരിയായ നൃത്തക്കാരി, ഒരു കുള്ളൻ തമാശക്കാരൻ അങ്ങനെ ഒരു ചെറിയ സംഘമായി അവർ ഗ്രാമത്തിലെത്തും. ഓണത്തുമ്പികളും ഓണവെയിലും പറന്നുകളിക്കുന്ന മലഞ്ചെരുവിൽ അവർ പഴയ സാരികൾ കൊണ്ടൊരു കളമുണ്ടാക്കും ഒരു സ്റ്റേജ് കെട്ടും. തെങ്ങിൽ കോളാമ്പികൾ കെട്ടി സിനിമാപ്പാട്ട് വെയ്ക്കും. ഇടയ്ക്ക് അനൗൺസ്മെന്റ് മുഴക്കും. അതോടെ പത്തനംതിട്ടയിലെ ഞങ്ങളുടെ മലയോരഗ്രാമം ഓണക്കാലത്തേക്കുണരും. രണ്ടു കുരങ്ങും ഒരു തത്തയും നാല് നായകളും അടങ്ങുന്നതാണ് സർക്കസ് സംഘത്തിലെ മൃഗങ്ങൾ. തത്ത പാട്ട് പാടും നാല് നായകൾ കുള്ളൻ കയറുന്ന വണ്ടി കറക്കും.

ഒരു മെലിഞ്ഞ പെൺകുട്ടി വന്ന് വീടുകളിലെല്ലാം കയറി അവരുടെ കലാപരിപാടി കാണാൻ വിളിക്കും. മെലിഞ്ഞു കറുത്ത പെൺകുട്ടിയെ മുഖം ഞാനിപ്പോഴും ഓർക്കുന്നു. മുഷിഞ്ഞ കുപ്പായവും മുടിയും വിശന്നുവലഞ്ഞവളെപ്പോലുള്ള അവളുടെ

**ഞാനും ചേട്ടനും പെൺകുട്ടിയ്ക്കൊപ്പമിരുന്നു. പപ്പടം പൊട്ടിച്ച് കുഴച്ച് തിരുവോണസദ്യ ഉണ്ടപ്പോൾ അവൾ എന്നെ നോക്കിച്ചിരിച്ചു. ആ മനോഹരമായ ചിരിയാണ് ഇന്നും ഓണക്കാലത്തെ നിറമുള്ള ഓർമ്മ**


ഭാവവും. ഞങ്ങളുടെ വീട്ടിൽ വരുമ്പോൾ അമ്മച്ചി അവൾക്കെന്തേലും തിന്നാൻ കൊടുത്തിരുന്നു. എനിക്കവളോട് അസൂയയാണ് തോന്നിയത്. സ്കൂളിലൊന്നും പോകാതെ സദാസമയം ഇങ്ങനെ സർക്കസിനൊപ്പം നടക്കാമല്ലോ..അവളുടെ കൂടെ പോയാലോ എന്നുവരെ ഞാനാലോചിച്ചു.



ഓണക്കാലത്ത് പത്ത് ദിവസം വരെ ഈ സംഘം മലഞ്ചെരിവിൽ തമ്പടിക്കും. വൈകുന്നേരം അഞ്ച് മണിയോടെയാണ് കലാപരിപാടി ആരംഭിക്കുന്നത്.
അഭ്യാസികളുടെയും കുരങ്ങന്റെയും പ്രകടനം കഴിഞ്ഞാൽ നാടകവും ഡാൻസുമൊക്കെയുണ്ടാകും. നിഷ്കളങ്കമായ രീതിയിൽ തമാശകളൊക്കെ ഉൾപ്പെടുത്തി സ്കിറ്റ് പോലെയാണ് നാടകം. ഇതിനിടയിൽ നാട്ടുകാരെ മുഷിപ്പിക്കാതിരിക്കാനായി നാട്ടുകാർക്കും കലാപരിപാടി അവതരിപ്പിക്കാൻ അവസരം നൽകും. രാത്രി പതിനൊന്ന് മണിയൊക്കെ വരെ നീണ്ടുപോകുന്ന ഈ കലാപരിപാടിയിൽ കുട്ടികളും മുതിർന്നവരും ഗ്രാമത്തിന്റെ ഉത്സവം പോലെ പങ്കുചേരും. പരിപാടികൾക്കൊടുവിൽ പെൺകുട്ടിയും കുരങ്ങനും കൂടെ വന്ന് ഒരു പൊളിഞ്ഞ ബക്കറ്റിൽ പണം വാങ്ങും, കൂടുതലും ചില്ലറത്തുട്ടുകളാണ് വീഴുന്നത്. പിന്നീടവർ നാട്ടുകാരുടെ സാധനങ്ങൾ വാങ്ങി ലേലം വിളി നടത്തുന്ന പരിപാടി നടത്തി. കോഴിമുട്ട, വാഴക്കുല, തേങ്ങ തുടങ്ങിയവയൊക്കെയായിരുന്നു ലേലവസ്തുക്കൾ. ഈ പരിപാടി ശരിക്കും ശ്രദ്ധിക്കപ്പെട്ടു. ആളുകളുടെ പേരും വീട്ടുപേരുമൊക്കെ മൈക്കിലൂടെ വിളിച്ചുപറഞ്ഞാണ് ലേലം. അങ്ങനെ ഓരോ ഓണക്കാലത്തും നാടൻ സർക്കസുകാർ വന്നുപോകുമ്പോൾ ഞങ്ങൾ കുട്ടികൾ വേദനിച്ചു.

ഒരു ഓണക്കാലത്ത് നടന്ന അടിപിടി മൂലം സർക്കസുകാർ പരിപാടി നിർത്തിവെച്ചിരുന്നു. നാട് വിട്ടുപോകാതെ പട്ടിണിയും പരിവട്ടവുമായി അവർ ക്യാമ്പിൽ കൂടി. കുരങ്ങനും തത്തയുമായി ആ തിരുവോണത്തിന് പെൺകുട്ടി ഞങ്ങളുടെ വീട്ടിൽ വന്നു. അമ്മച്ചിയോട് കുറച്ച് അരി കടം വാങ്ങാനായിരുന്നു ആ വരവ്. മീനും ഇറച്ചിയുമൊക്കെ വെക്കുന്ന ഞങ്ങളുടെ അമ്മച്ചി തിരുവോണത്തിന് സദ്യ ഒരുക്കും. ഞാൻ പറമ്പിൽ നിന്നും ഇലവെട്ടി വരുമ്പോഴാണ് പെൺകുട്ടി വന്നത്. അവൾക്കു കൂടി ഇല വെയ്ക്കാൻ അമ്മച്ചി പറഞ്ഞു. ഞാനും ചേട്ടനും പെൺകുട്ടിയ്ക്കൊപ്പമിരുന്നു. പപ്പടം പൊട്ടിച്ച് കുഴച്ച് തിരുവോണസദ്യ ഉണ്ടപ്പോൾ അവൾ എന്നെ നോക്കിച്ചിരിച്ചു. ആ മനോഹരമായ ചിരിയാണ് ഇന്നും ഓണക്കാലത്തെ നിറമുള്ള ഓർമ്മ. ■

എ. എൻ രവീന്ദ്രദാസ്
മുതിർന്ന സ്പോർട്സ് ലേഖകൻ



കായികകേരളം കണ്ട എക്കാലത്തെയും മികച്ച ഒളിമ്പ്യൻ എന്ന അംഗീകാരത്തോടെയാണ് പി.ആർ. ശ്രീജേഷ് പാരീസിൽ ദേശീയ കുപ്പായം അഴിച്ചുവെച്ചത്

# സുവർണ്ണതാരകം

പി ആർ ശ്രീജേഷ് ... സ്വാതന്ത്ര്യാനന്തര ഇന്ത്യയുടെ ചരിത്രത്തിൽ ഹോക്കിയിലെ ഏറ്റവും മികച്ച ഗോൾകീപ്പർ ആരെന്ന ചോദ്യത്തിനുള്ള ഉത്തരമാണ് എറണാകുളം കിഴക്കമ്പലം സ്വദേശിയായ ഈ ചെറുപ്പക്കാരൻ. ടോക്കിയോയിലെ നീരജ് ചോപ്രയുടെ സ്വർണ്ണമെഡൽ നിലനിർത്താനോ ഏഴ് മെഡലുകളിലെത്താനോ കഴിയാത്ത മഹാരാജ്യമായ ഇന്ത്യയെ തുടർച്ചയായ രണ്ടാമത്തെ ഒളിമ്പിക്സിലും വെങ്കലത്തിൽ എത്തിച്ച ടീം ഹോക്കിയിലെ മലയാളി സാന്നിധ്യമായ പി ആർ ശ്രീജേഷ് ഈ നാടിന് നൽകുന്നത് ഇരട്ടി സന്തോഷമാണ്.

1972ലെ മ്യൂണിക് ഗെയിംസിനു ശേഷം ഇന്ത്യൻ ഹോക്കിയിൽ തുടർച്ചയായി രണ്ട് മെഡലുകൾ നേടുന്നത് ഇതാദ്യമാണ്. മുൻ നായകൻ കൂടിയായ ശ്രീജേഷിനും ഇതോടെ ഇരട്ട ഒളിമ്പിക്സ് മെഡലായി. ഗോൾകീപ്പർ എന്ന നിലയിൽ ശ്രീജേഷിന്റെ ശേഷിയും നൈപുണിയും പൂർണ്ണപ്രഭ ചൊരിഞ്ഞ് ടീമിന്റെ മെഡലിലേക്കുള്ള പ്രയാണത്തിൽ തുണയായ സുപ്രധാന ഘടകമാണ്. ഹർമൻ പ്രീത് സിങ്ങിന്റെ നേതൃത്വത്തിലുള്ള കളിസംഘത്തിന്റെ ആത്മവിശ്വാസവും പോരാട്ടവീര്യവും ഓരോ മത്സരത്തിലും ഉയർത്തിക്കൊണ്ടുവന്നത് ഈ കാവൽഭടന്റെ ഉജ്ജ്വല രക്ഷാപ്രവർത്തനമാണ്.

ജർമ്മനിയോട് 2-3 നു തോറ്റതോടെയാണ് ഇന്ത്യ മൂന്നാം സ്ഥാനക്കാർക്കുള്ള പോരാട്ടത്തിന് യോഗ്യത നേടിയത്. അവിടെ അവസാന പദത്തിൽ ശ്രീജേഷ് കാഴ്ചവെച്ച അസാമാന്യ പ്രകടനമാണ് മുൻതൂക്കം നിലനിർത്തി ടീമിനെ വിജയത്തിലേക്കും മെഡലിലേക്കും (2-1) എത്തിച്ചത്. മൂന്നുവർഷം മുമ്പ് ടോക്കിയോയും എട്ടു കളിയിൽ 40 രക്ഷപ്പെടുത്തലുകളാണ് നടത്തിയത് എങ്കിൽ പാരീസിൽ എതിരാളിയുടെ 50 ഗോളവസരമാണ് ഈ കാവൽ മാലാഖ തട്ടിത്തെറിപ്പിച്ചത്. പാരീസിൽ ഇത്തവണ ബ്രിട്ടനെ നേരിട്ടതുൾപ്പെടെ 23 തവണയാണ് പെനൽറ്റി ഷൂട്ടൗട്ടിൽ ശ്രീജേഷ് ഇന്ത്യൻ വല കാത്തത്. അതിൽ പതിമൂന്നിലും ടീം വിജയത്തിലെത്തി. വെങ്കല പോരാട്ടത്തിന്റെ അവസാനയാമത്തിൽ രണ്ടുതവണ പെനൽറ്റി കോർണറുകളെ നേരിട്ടപ്പോഴും ശ്രീജേഷിന്റെ ജാഗ്രതയും കർമ്മശേഷിയും ഇന്ത്യയെ സുരക്ഷിതമാക്കി.

എറണാകുളം കിഴക്കമ്പലത്തിലെ പണിക്കരയെന്ന ഗ്രാമത്തിൽ രവീന്ദ്രൻ -ഉഷ ദമ്പതിമാരുടെ മകനായി ജനിച്ച് ഏതൊരു കുട്ടിയെയും പോലെ എല്ലാ കളികളെയും സ്നേഹിച്ചാണ് ശ്രീജേഷ് ഹോക്കിയിലെത്തുന്നത്. തിരുവനന്തപുരം ജി.വി.രാജ സ്പോർട്സ് സ്കൂളാണ് ശ്രീജേഷിന് ഹോക്കിയിലേക്ക് വഴിതുറന്നതും ലോകോത്തരനിലവാരത്തിലേക്ക് വരാനും അടിത്തറയായത്. 2002ൽ കേരള ടീമിലെത്തി 2006 ൽ പതിനെട്ടാം വയസ്സിൽ ദേശീയ സീനിയർ ടീമിൽ അരങ്ങേറിയത് മുതൽ സ്ഥിരതയോടെ ടീമിന്റെ നെടുംതൂണായി നിലനിന്നതിനുള്ള അംഗീകാരങ്ങളാണ് ഈ താരത്തെ തേടിയെത്തിയ ദേശീയ, രാജ്യാന്തര ബഹുമതികളെല്ലാം. 2011 ഏഷ്യൻ ചാമ്പ്യൻസ് ട്രോഫി ഫൈനലിൽ പാകിസ്ഥാനെതിരായ ജയത്തിലെ മികച്ച പ്രകടനമാണ് ശ്രീജേഷിനെ ദേശീയ ടീമിലെ സ്ഥിരസാന്നിധ്യമാക്കിയത്. 2014 ലോക ചാമ്പ്യൻഷിപ്പിലും മികച്ച ഗോൾകീപ്പറായി. 2016 ഇഞ്ചിയോൺ ഏഷ്യൻ ഗെയിംസിൽ സ്വർണ്ണം നേടിയ ശ്രീജേഷിന്റെ ടീം ഇന്ത്യ 2016, 2018 ചാമ്പ്യൻസ് ട്രോഫിയിൽ വെള്ളിയിലുമെത്തി. 2016, 2018 ഏഷ്യൻ ചാമ്പ്യൻസ് ട്രോഫിയിൽ സ്വർണ്ണമെഡലുകളും കരസ്ഥമാക്കി.

## ഇന്ത്യൻ ഹോക്കിയുടെ പുതുയുഗം

രണ്ട് ഹാട്രിക് നേട്ടമടക്കം (1928- 1936, 1948 -1956) എട്ട് തവണ ഒളിമ്പിക്സ് സ്വർണ്ണമണിഞ്ഞ ഇന്ത്യൻ ഹോക്കിക്ക് 1980 മോസ്കോ ഗെയിംസിനു ശേഷം മെഡലിൽ എത്താൻ 2021 ടോക്കിയോ വരെ നീളുന്ന 41 സംവൽസരങ്ങൾ കാത്തിരിക്കേണ്ടിവന്നു. ഫുട്ബോളിൽ എന്നപോലെ ഹോക്കിയിലും പവർ ഗെയിം സിദ്ധാന്തം ആവിഷ്കരിച്ചും ഏറ്റവും മൂർച്ചയുള്ള ആയുധമായ പെനൽറ്റി കോർണറിന്റെ വിന്യാസത്തിൽ സാങ്കേതികമേൻമ കൈവരിച്ചുള്ളയൂറോപ്യൻശക്തികളുടെപടപ്പുറപ്പാട്, ഇന്ത്യയുടെയും പാകിസ്ഥാന്റെയും ആധിപത്യകാലത്തിന് ദീർഘമായ ഇടവേളയാണ് വരുത്തിയത്. ഓസ്ട്രേലിയയും നെതർലൻഡ്സും ബെൽജിയവും ബ്രിട്ടനും സ്പെയിനും അർജന്റീനയുമൊക്കെ ഈ കളിയിൽ നിർണ്ണായക ശക്തികളായതോടെ ഏഷ്യൻ ഹോക്കിക്ക് ഇരുളിൽ നിൽക്കേണ്ടിവന്നു. ദീർഘമായ ഒളിമ്പിക്സ് ഹോക്കി ചരിത്രത്തിൽ ഒരിക്കൽ, 2008ലെ ബെയ്ജിങ്ങ് ഗെയിംസിൽ ഇന്ത്യയ്ക്ക് യോഗ്യത നേടാനുമായില്ല.

## തളരാത്ത പോരാട്ടവീര്യത്തിന് ഉടമയായ ശ്രീജേഷിന്റെ പ്രതിഭ അന്താരാഷ്ട്രതലത്തിൽ തന്നെ പലവട്ടം ആദരിക്കപ്പെട്ടിട്ടുണ്ട്




ഇവിടെ നിന്നാണ് പി ആർ ശ്രീജേഷ് ഉൾപ്പെട്ട കളിക്കാരുടെ സംഘം ഇന്ത്യൻ ഹോക്കിയെ പുതിയ ഒരു യുഗത്തിലേക്ക് നയിച്ചത്. ഭരത് ഛേത്രിക്കും അഡ്രിയാൻ ഡിസൂസയ്ക്കുമൊപ്പം മൂന്നാം കീപ്പറായിരുന്ന ശ്രീജേഷ് 2011 ഓടെ ഒന്നാം നമ്പർ ഗോളിയായി.

പിന്നീടങ്ങോട്ട് ശ്രീജേഷിന്റെ കരിയറിലെന്നപോലെ ഇന്ത്യൻ ഹോക്കിയുടെ വീണ്ടെടുപ്പിന്റെയും കാലത്തിലൂടെയാണ് നാം കടന്നു പോകുന്നത്.

തളരാത്ത പോരാട്ടവീര്യത്തിന് ഉടമയായ ശ്രീജേഷിന്റെ പ്രതിഭ അന്താരാഷ്ട്രതലത്തിൽ തന്നെ പലവട്ടം ആദരിക്കപ്പെട്ടിട്ടുണ്ട്. 2021ലും 2022 ലും അന്താരാഷ്ട്ര ഹോക്കി ഫെഡറേഷന്റെ മികച്ച ഗോൾ കീപ്പർ എന്ന ബഹുമതി ഈ മലയാളിയെ തേടിയെത്തി. എത്രനാൾ ഒരു രംഗത്ത് നിലനിന്നു എന്നതല്ല, ആ നീണ്ടുനിൽക്കലിന്റെ പൂർണ്ണതയും അർപ്പണവും ഒരേമികവോടെ കാത്തുസൂക്ഷിക്കാൻ കഴിഞ്ഞു വന്നതാണ് ശ്രീജേഷിലെ ഗോൾകീപ്പറെ വ്യത്യസ്തനാക്കുന്നത്.

'ഗോൾവലയ്ക്ക് മുന്നിൽ വിടവുണ്ടാകില്ല തന്റെ സ്ഥാനത്ത് മറ്റൊരാൾ വരും എല്ലാ കളികളിലും അങ്ങനെയാണ് എല്ലാ കളിയിലും ഓരോ താരത്തിന് പകരവും മറ്റൊരാൾ വരും. അങ്ങനെ ശ്രീജേഷും ഇന്നലെയുടെ താരമായി നാളെ ആ സ്ഥാനത്ത് പകരക്കാരൻ ഉണ്ടാകും' വെങ്കലമെഡൽ നേട്ടത്തിന് ശേഷം ശ്രീജേഷിന്റെ വാക്കുകൾ ഇതായിരുന്നു. ഇനി നാളെയുടെ താരങ്ങളെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ ശ്രീജേഷ് ദേശീയ ജൂനിയർ ടീമിന്റെ പരിശീലകനായി അടുത്ത അങ്കത്തിലേക്ക് കടക്കുകയാണ്.

License to Post without Prepayment
WPP License Number: KL/TV(N)WPP/216/2022/24

Date of Publication: **01.09.2024**
KERMAL2014/58028 Price: **12.00**

# ആധികാരിക വാർത്തകൾ, അറിയിപ്പുകൾ റിസൾട്ടുകൾ ഇനി വിരൽത്തുമ്പിൽ




Available on the App Store

GET IT ON Google Play

# PRD LIVE App
# പി.ആർ.ഡി ലൈവ്

**OFFICIAL MOBILE APP FROM**
**INFORMATION PUBLIC RELATIONS DEPARTMENT, KERALA**

/Keralainformation /iprdkerala Prdlive App

കേരള സർക്കാർ
ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്

Printed and Published by T V Subhash IAS, Director, Information Public Relations Department of behalf of Government of Kerala and Printed at Akshra Offset, Thiruvananthapuram, Kerala. Published from Information Public Relations Department, Govt. of Kerala Government Secretariat, Thiruvananthapuram 695001. Editor: TV Subhash IAS